بِسۡمِ اللّٰہِ الرَّحۡمٰنِ الرَّحِیۡمِ نَحْمَدُهٗ وَنُصَلِّيْ عَلٰى رَسُوْلِهِ الْكَرِيْمِ وَعَلٰى عَبْدِهِ الْمَسِيْحِ الْمَوْعُوْد

وَلَقَدۡ نَصَرَکُمُ اللّٰہُ بِبَدۡرٍ وَّاَنۡتُمۡ اَذِلَّۃٌ

# ബദർ

വീക്കിലി ഖാദിയാൻ

Weekly
**BADAR** Qadian
Malayalam

വാള്യം 5

ലക്കം 25

വാർഷിക വരിസംഖ്യ 500 രൂപ

പത്രാധിപർ
എച്ച്.ശംസുദ്ദീൻ

സഹപത്രാധിപർ
മുഹമ്മദ് ഇസ്മായീൽ

www.akhbarbadrqadian.in

2020 ജൂൺ 18/ഹി.ശം. 1399 ഇഹ്സാൻ 18/1441 ശവ്വാൽ 25

## അല്ലാഹുവിന്റെ വചനം

اِنَّ الَّذِیۡنَ یَاۡکُلُوۡنَ
اَمۡوَالَ الۡیَتٰمٰی ظُلۡمًا اِنَّمَا
یَاۡکُلُوۡنَ فِیۡ بُطُوۡنِہِمۡ نَارًا ؕ
وَسَیَصۡلَوۡنَ سَعِیۡرًا ۝ (النساء:11)

‘അനാഥരുടെ ധനം അന്യായമായി തിന്നുന്നവർ അവരുടെ വയറുകളിൽ തീ തിന്നു നിറയ്ക്കുക മാത്രമാണ് ചെയ്യുന്നത്. തീർച്ചയായും അവർ ജ്വലിക്കുന്ന അഗ്നിയിൽ പ്രവേശക്കുന്നതുമാണ്.’(4:11)

## അഹ്മദിയ്യാ വാർത്ത

അൽഹംദുലില്ലാഹ് സയ്യിദുനാ അമീറുൽ മുഅ്മിനീൻ അയ്യദഹുല്ലാഹ് അല്ലാഹുവിന്റെ അനുഗ്രഹത്താൽ സുഖത്തിലും ക്ഷേമത്തിലുമാണ്. സ്നേഹിതന്മാർ അമീറുൽ മുഅ്മിനീന്റെ പൂർണാരോഗ്യത്തിനും സ്വാസ്ഥ്യത്തിനും ദീർഘായുസ്സിനും ഉന്നതലക്ഷ്യങ്ങളിൽ വിജയവും പ്രത്യേകകാവലും ഉണ്ടാകുന്നതിനും ദുആ ചെയ്യുക. അല്ലാഹു എപ്പോഴും അമീറുൽ മുഅ്മിനീന്റെ സംരക്ഷകനും സഹായിയുമായിരിക്കട്ടെ. ആമീൻ

**അല്ലാഹുവുമായി സത്യസന്ധമായ ബന്ധവും യഥാർഥമായ അടുപ്പവും സ്ഥാപിക്കാനാഗ്രഹിക്കുന്നെങ്കിൽ നമസ്കാരം കൃത്യമായി അനുഷ്ഠിക്കാൻ തുടങ്ങുക. എത്രത്തോളമെന്നാൽ നിങ്ങളുടെ ശരീരവും നാവുമല്ല പ്രത്യുത നിങ്ങളുടെ ആത്മാവിന്റെ തീരുമാനങ്ങളും വികാരങ്ങളുമെല്ലാം അടിമുടി നമസ്കാരമാകണം.**

## സയ്യിദുനാ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ഉപദേശങ്ങൾ

### കാര്യഹേതുക്കൾ പരിഗണിക്കൽ ദുആയുടെ വകുപ്പ്

കേൾക്കുക! ഏതൊരു ദുആ ചെയ്യുന്നതിനാണോ ഉദ്ഊനീ അസ്തജിബ് ലക്കും (നിങ്ങൾ എന്നോടു പ്രാർഥിക്കുക, ഞാൻ നിങ്ങൾക്ക് ഉ ത്തരം നല്കും) (40:61)എന്ന് പറഞ്ഞിട്ടുള്ളത് അതിന് ഇതേ സത്യസന്ധമായ ആത്മാവാണ് ആവശ്യമായിട്ടുള്ളത്. ഈ ഭയഭക്തിയിലും വണക്കത്തിലും യഥാർഥമായ ആത്മാവില്ലെങ്കിൽ, അത് ശബ്ദം മാത്രമായിരിക്കും. അപ്പോൾ കാര്യസിദ്ധിക്കുള്ള പ്രവർത്തനമാർഗം അവലംബമാക്കലിന്റെ ആവശ്യമില്ലേ? എന്ന് ഒരാൾ ചോദിക്കാവുന്നതാണ്. ഇതൊരു തെറ്റായ ധാരണയാണ്. ശരീഅത്ത് കാര്യസിദ്ധിക്കുള്ള പ്രവർത്തനമാർഗങ്ങളെ വിരോധിച്ചിട്ടില്ല. സത്യം പറയുകയാണെങ്കിൽ ദുആ കാര്യസിദ്ധിക്കുള്ള പ്രവർത്തന മാർഗമല്ലേ? അല്ലെങ്കിൽ കാര്യസിദ്ധിക്കുള്ള പ്രവർത്തനം ദുആ അല്ലേ? കാര്യസിദ്ധിക്കുള്ള പ്രവർത്തനം തിരയുന്നതുതന്നെ ഒരു പ്രാർഥനയാണ്. ദുആതന്നെയും മഹത്തായ കാര്യസിദ്ധിക്കുള്ള പ്രവർത്തനത്തിന്റെ അരുവിയാണ്! മനുഷ്യന്റെ ബാഹ്യമായ പ്രകൃതി, അവന്റെ രണ്ടു കൈയുടേയും രണ്ടുകാലിന്റേയും നിർമാണം തന്നെ പരസ്പരം സഹായിക്കാനുള്ള ഒരു പ്രകൃതിപരമായ മാർഗദർശിയാണ്. ഈ ദൃശ്യം മനുഷ്യനിൽത്തന്ന ഉണ്ടാകുമ്പോൾ പിന്നെ *വതആവനൂ അലൽബിർറി വത്തഖ്വാ*(5:3)(നന്മയിലും അല്ലാഹുവിന്റെ വിധിവിലക്കുകൾ സൂക്ഷ്മമായി പാലിക്കുന്ന കാര്യത്തിലും നിങ്ങൾ അന്യോന്യം സഹായിക്കുക) എന്നതിന്റെ അർഥം മനസ്സിലാക്കുന്നതിൽ പ്രയാസങ്ങൾ കാണുന്നത് എത്രമാത്രം വിസ്മയകരവും അത്ഭുതകരവുമായ കാര്യമാണ്.

അതേ! ഞാൻ പറയുന്നു, കാര്യസിദ്ധിക്കുള്ള പ്രവർത്തനമാർഗങ്ങൾ അന്വേഷിക്കുന്നതും ദുആയുടെ മാർഗമാണ്!!! പരസ്പരമുള്ള സഹായങ്ങളിൽ നിങ്ങളുടെ ശരീരത്തിന്റെ ഉള്ളിൽ അല്ലാഹു സ്ഥാപിച്ചിട്ടുള്ള ആ പരമ്പരയും തികവാർന്ന മാർഗദർശന പരമ്പരയും ഞാൻ ചൂണ്ടിക്കാണിക്കുമ്പോൾ നിങ്ങൾ അതിനെ നിഷേധിക്കുന്നത് എനിക്കു മനസ്സിലാകുന്നില്ല. അല്ലാഹു ഇക്കാര്യത്തേയും കൂടുതൽ വ്യക്തമാക്കുന്നതിനും ലോകത്തിനുമേൽ സ്പഷ്ടമായി തുറക്കുന്നതിനും നബിമാരുടെ ഒരു പരമ്പര ലോകത്ത് സ്ഥാപിച്ചു. അല്ലാഹു ഇക്കാര്യത്തിന് സർവശക്തനായിരുന്നു; സർവശക്തനാണ്! അവൻ ഇച്ഛിച്ചാൽ ഒരു തരത്തിലുള്ള സഹായത്തിന്റെ ആവശ്യവും ആ റസൂൽമാർക്ക് അവശേഷിപ്പിക്കുമായിരുന്നില്ല. പക്ഷേ, എന്നാലും അവരുടെമേൽ ഒരു കാലം വരുന്നു, *‘മൻ അൻസ്വാരീ ഇലല്ലാഹ്’*(61:15) എന്ന് ചോദിക്കാൻ അവർ നിർബന്ധിതരായിത്തീർന്നു. അവർ ഒരു ഇരന്നുനടക്കുന്ന ഭിക്ഷക്കാരനെപ്പോലെയാണോ അങ്ങനെ ചോദിക്കുന്നത്? അല്ല! *‘മൻ അൻസ്വാരീ ഇലല്ലാഹ്’*(61:15) എന്ന് ചോദിക്കുന്നതിനും ഒരു മഹിമാവിലാസമുണ്ട്. ദുആയുടെ ഒരു വകുപ്പായ കാര്യസിദ്ധിക്കുള്ള പ്രവർത്തനമാർഗങ്ങൾ അവർ ലോകത്തെ പഠിപ്പിക്കാനാഗ്രഹിക്കുന്നു. അല്ലാഹുവിൽ പൂർണമായ വിശ്വാസവും അവന്റെ വാഗ്ദാനങ്ങളിൽ ദൃഢഗാഢമായ ധാരണയുമുള്ളവരാണ് അവർ. അല്ലാഹുവിന്റെ വാഗ്ദാനം *ഇന്നാ ലനൻസ്വുറു റുസുലനാ വല്ലദീന ആമനൂ ഫിൽ ഹയാത്തിദ്ദുൻയാ* (40:52)(തീർച്ചയായും നാം നമ്മുടെ ദൂതന്മാരേയും വിശ്വസിച്ചവരേയും ഐഹിക ജീവിതത്തിൽ സഹായിക്കുന്നതാണ്) ഒരു ഉറപ്പായതും അഖണ്ഡിതവുമായ വാഗ്ദാനമാണെന്ന് അവർക്കറിയാം. ഞാൻ പറയുന്നു, അല്ലാഹു ആരുടെ എങ്കിലും മനസ്സിൽ സഹായിക്കണമെന്നുള്ള വിചാരമിടുന്നില്ലെങ്കിൽ ആര് എങ്ങനെ സഹായിക്കാനാണ്.

.....മനുഷ്യൻ പൂർണമായ നിലയിൽ തൗഹീദിൽ ബന്ധിതനാകാത്തിടത്തോളം അവനിൽ ഇസ്ലാമിനോടുള്ള സ്നേഹവും മഹത്ത്വവും ഉണ്ടാകുകയില്ല. വീണ്ടും ഞാൻ യഥാർഥ കാര്യത്തിലേക്ക് മടങ്ങിക്കൊണ്ടു പറയുകയാണ്, ചീത്ത വിചാരങ്ങളും അവിശുദ്ധവും മലിനവുമായ പദ്ധതികളും ഭസ്മീകരിക്കാത്തിടത്തോളം നമസ്കാരത്തിന്റെ സ്വാദും സന്തോഷവും അതിൽനിന്ന് കരസ്ഥമാകുകയില്ല. ഈഗോയും പൊങ്ങച്ചവും അകന്ന് താൻ ഒന്നുമല്ല എന്ന നിലയും എളിമയും വരാത്തിടത്തോളം അല്ലാഹുവിന്റെ സത്യസന്ധനായ ദാസനാകുകയുമില്ല. ദാസത്വത്തിന്റെ പൂർണത പഠിപ്പിക്കാനുള്ള ഏറ്റവും മികച്ച ഉസ്താദും ഉൽകൃഷ്ടമായ മാർഗവുമാണ് നമസ്കാരം.

വീണ്ടും ഞാൻ നിങ്ങളോടു പറയുകയാണ്: അല്ലാഹുവുമായി സത്യസന്ധമായ ബന്ധവും യഥാർഥമായ അടുപ്പവും സ്ഥാപിക്കാനാഗ്രഹിക്കുന്നെങ്കിൽ നമസ്കാരം കൃത്യമായി അനുഷ്ഠിക്കാൻ തുടങ്ങുക. എത്രത്തോളമെന്നാൽ നിങ്ങളുടെ ശരീരവും നാവുമല്ല പ്രത്യുത നിങ്ങളുടെ ആത്മാവിന്റെ തീരുമാനങ്ങളും വികാരങ്ങളുമെല്ലാം അടിമുടി നമസ്കാരമാകണം. പ്രവാചകന്മാരുടെ പാപമില്ലാഗുണത്തിന്റെ രഹസ്യമിതാണ് അതായത് എങ്ങനെയാണ് പാപരഹിതരാകുന്നത്? അതിന്റെ മറുപടി ഇതാണ്, അവർ ആരാധ്യനോടുള്ള സ്നേഹത്തിൽ വിലയം പ്രാപിച്ചിരിക്കുന്നതുകൊണ്ടാണ് പാപമുക്തരായിട്ടുള്ളത്. ശിർക്കിൽ അകപ്പെട്ടുകഴിയുന്ന ഹിന്ദുക്കളെപ്പോലുള്ള ജനങ്ങളെ കാണുമ്പോൾ ഞാൻ അത്ഭുതപ്പെടുകയാണ്. അവർ പലതരത്തിലുള്ള ബിംബങ്ങളെ ആരാധിക്കുന്നു. എത്രത്തോളമെന്നാൽ സ്ത്രീകളുടേയും പുരുഷന്മാരുടേയും രഹസ്യമായ അവയവങ്ങളെവരെ പൂജിക്കുന്നത് അനുവദനീയമായി കരുതുന്നു. അപ്രകാരം തന്നെയാണ് ഒരു മനുഷ്യശരീരത്തെ അതായത് യേശുമിശിഹായെ ആരാധിക്കുന്നവരും! ഇത്തരത്തിലുള്ള ആളുകൾ വിവിധ രീതികളിൽ മോക്ഷം അല്ലെങ്കിൽ മുക്തി കരസ്ഥമാക്കാമെന്ന് വിശ്വസിക്കുന്നവരാണ്. ഉദാഹരണത്തിന് ഒന്നാമതു പറഞ്ഞ കൂട്ടർ അതായത് ഹിന്ദുക്കൾ ഗംഗാസ്നാനവും തീർഥയാത്ര തുടങ്ങിയ പ്രായശ്ചിത്തം കൊണ്ട് പാപത്തിൽനിന്ന് മോക്ഷം ആഗ്രഹിക്കുന്നു. ഈസായെ ആരാധിക്കുന്നവർ മസീഹിന്റെ രക്തത്തെ തങ്ങളുടെ പാപത്തിന്റെ പ്രായശ്ചിത്തമായി പറയുന്നു. എന്നാൽ, ഞാൻ പറയുന്നു, ആത്മാവിന്റെ പാപം നിലനില്ക്കുവോളം ബാഹ്യമായ വൃത്തിയും പുറമെയുള്ള വിശ്വാസങ്ങളും കൊണ്ട് സൗഖ്യത്തിന്റേയും ശാന്തിയുടേയും നില എങ്ങനെ പ്രാപിക്കാനാണ്. ഉള്ളിലെ വിശുദ്ധിയും ആന്തരികമായ പവിത്രതയും ഉണ്ടാകാത്തിടത്തോളം മനുഷ്യനു മോക്ഷത്തിൽനിന്ന് ലഭിക്കുന്ന സത്യസന്ധമായ പരിശുദ്ധി പ്രാപിക്കാൻ കഴിയുകയില്ല. അതേ! ഇതിൽനിന്ന് ഒരു പാഠം പഠിക്കുക. എങ്ങനെ വേണമെങ്കിലും നോക്കിക്കൊള്ളുക, ശരീരത്തിലെ അഴുക്കും ദുർഗന്ധവും ശുദ്ധികൂടാതെ അകലുകയില്ല. വരുന്ന ഭയാനകമായ രോഗങ്ങളിൽനിന്ന് ശരീരത്തെ രക്ഷിക്കുകയുമില്ല. ഇതേപോലെ മനസ്സിൽ അശുദ്ധിയും പലതരത്തിലുള്ള നിയന്ത്രണമില്ലായ്മയും കൊണ്ട് അടിഞ്ഞുകൂടുന്ന ആത്മീയമായ മാലിന്യങ്ങളും അഴുക്കുകളും തൗബ അഥവാ പശ്ചാത്താപത്തിന്റെ നിർമലവും പരിശുദ്ധവുമായ വെള്ളംകൊണ്ട് കഴുകാത്തിടത്തോളം രക്ഷിക്കുകയില്ല. ഭൗതികമായ പരമ്പരയിൽ ഒരു തത്ത്വശാസ്ത്രം എങ്ങനെയാണോ ഉള്ളത് അതേപോലെ തന്നെയാണ് ആത്മീയമായ പരമ്പരയിലും ഒരു തത്ത്വശാസ്ത്രം വെച്ചിട്ടുള്ളത്. ഇതിൽ ചിന്തിക്കുന്നവരും ആലോചിക്കുന്നവരും അനുഗൃഹീതരാണ്.” **(മൽഫൂദാത്ത് വാള്യം 1 പേജ് 146-149, 2018 ഖാദിയാൻ)**

പ്രിന്റർ & പബ്ലിഷർ ജമീൽ അഹ്മദ് നാസിർ, ഫദ്ലെ ഉമർ പ്രിന്റിംഗ് പ്രസ്സ് ഖാദിയാനിൽ അച്ചടിപ്പിച്ച് ഖാദിയാനിലെ ബദ്ർ പത്ര ഓഫീസിൽ നിന്ന് പ്രസിദ്ധീകരിച്ചത്: പ്രൊപ്രൈറ്റർ നിഗ്രാൻ ബദ്ർ ബോർഡ്,ഖാദിയാൻ

# തിരുനബിയുടെ തിരുമൊഴികൾ

### നന്മ, ബന്ധം സ്ഥാപിക്കൽ

ഹദ്റത്ത് അബ്ദുല്ലാഹ്(റ) നിവേദനം. പ്രവർത്തനങ്ങളിൽ അല്ലാഹുവിന് ഏറ്റവും ഇഷ്ടപ്പെട്ടത് ഏതെന്ന് നബി(സ)തിരുമേനിയോടു ഞാൻ ചോദിച്ചു. നബി(സ) പറഞ്ഞു, 'സമയത്തു നമസ്കരിക്കുന്നതു തന്നെ'. പിന്നീടു ഏതെന്ന് ഞാൻ ചോദിച്ചു. നബി(സ) പറഞ്ഞു, 'മാതാപിതാക്കൾക്കു നന്മ ചെയ്യൽ'. പിന്നീട് ഏതെന്ന് ഞാൻ ചോദിച്ചു. നബി(സ)പറഞ്ഞു, 'അല്ലാഹുവിന്റെ മാർഗത്തിൽ ജിഹാദു ചെയ്യൽ.' അബ്ദുല്ലാഹ്(റ) പറയുന്നു, ഇക്കാര്യങ്ങളെല്ലാം നബി(സ) എന്നോടു പറഞ്ഞതാണ്. നബി(സ)യോടു ഞാൻ കൂടുതൽ ചോദിച്ചിരുന്നെങ്കിൽ നബി(സ) എനിക്കു വർധന നല്കുമായിരുന്നു.'(ബുഖാരി ഹദീഥു നമ്പർ 526)

### മാതാപിതാക്കളെ ചീത്ത പറയരുത്

ഹദ്റത്ത് അബ്ദുല്ലാഹ് ബിൻ അംറ്(റ) നിവേദനം. നബി(സ) പറഞ്ഞു: 'മാതാപിതാക്കളെ ചീത്ത പറയൽ കൊടുംപാപങ്ങളില്ലൊന്നാണ്. ചിലർ ചോദിച്ചു, 'അല്ലാഹുവിന്റെ റസൂലേ! മനുഷ്യൻ എങ്ങനെയാണ് മാതാപിതാക്കളെ ചീത്ത പറയുക?' നബി(സ) പറഞ്ഞു, 'ഒരാൾ മറ്റൊരാളുടെ പിതാവിനെ ചീത്ത പറയും. അപ്പോൾ അയാൾ ഇവന്റെ പിതാവിനേയും ചീത്ത പറയും. അതുപോലെ അവൻ ഇവന്റെ മാതാവിനെ ചീത്ത പറയും. ഇവൻ അവന്റെ മാതാവിനേയും ചീത്ത പറയും.' (ഹദീഥ് നമ്പർ 5973)

### കുടുംബ ബന്ധം സ്ഥാപിക്കുന്നതിന്റെ മഹത്ത്വം

ഹദ്റത്ത് അബൂഅയ്യൂബ്(റ) നിവേദനം. ഒരിക്കൽ ഒരാൾ നബി(സ)തിരുമേനിയുടെ അടുക്കൽ വന്നു പറഞ്ഞു: 'സ്വർഗത്തിൽ പ്രവേശിക്കുവാൻ എന്നെ സഹായിക്കുന്ന ഒരു പുണ്യകർമം അങ്ങ് പറഞ്ഞു തന്നാലും.' ഇതു കേട്ടപ്പോൾ അയാൾക്കെന്തു പറ്റി? അയാൾക്കെന്തുപറ്റി? എന്ന് സദസ്യരിൽ ചിലർ ചോദിക്കാൻ തുടങ്ങി. നബി(സ)തിരുമേനി പറഞ്ഞു, 'അയാൾക്കെന്തോ ഒരാവശ്യമുണ്ട്. നബി(സ) ഉപദേശിച്ചു, 'നീ അല്ലാഹുവിനെ ആരാധിക്കുക. അവനിൽ ഒന്നിനേയും പങ്കു ചേർക്കരുത്. നീ നമസ്കാരം നിലനിറുത്തുക. സക്കാത്തു കൊടുക്കുക. കുടുംബബന്ധം പുലർത്തുക.' (ഹദീഥ് നമ്പർ 1390)

### കുടുംബ ബന്ധം മുറിക്കുന്നവനുള്ള പാപം

ഹദ്റത്ത് ജുബയ്ർ(റ) നിവേദനം: നബി(സ)തിരുമേനി പറഞ്ഞു, 'കുടുംബബന്ധം മുറിക്കുന്നവൻ സ്വർഗത്തിൽ പ്രവേശിക്കുകയില്ല.' (ഹദീഥ് നമ്പർ 5984)

ഹദ്റത്ത് അബൂ ഹുറയ്റ (റ) പറയുന്നു: നബി(സ)തിരുമേനി പറഞ്ഞു, 'വല്ലവനും തന്റെ ആഹാരത്തിൽ വിശാലത ലഭിക്കുവാനും  തന്റെ അവധി പിന്തിപ്പിച്ച് കിട്ടുവാനും (ദീർഘായുസ്സ് ലഭിക്കുവാനും) ആഗ്രഹിക്കുന്നെങ്കിൽ അവൻ കുടുംബ ബന്ധം പുലർത്തട്ടെ.' (ഹദീഥ് നമ്പർ 5985)

### അനാഥയെ സംരക്ഷിക്കുന്നവൻ

ഹദ്റത്ത് സഹ്ൽ(റ) പറയുന്നു, നബി(സ) തന്റെ നടുവിരലും ചൂണ്ടാണി വിരലും ചേർത്തിക്കൊണ്ടു പറഞ്ഞു, 'ഞാനും അനാഥയെ സംരക്ഷിക്കുന്നവനും സ്വർഗത്തിൽ ഇതു പോലെയാണ്.' (ഹദീഥ് നമ്പർ 6005)

### വിധവയുടെ കാര്യത്തിൽ അധ്വാനിക്കുന്നവൻ

ഹദ്റത്ത് അബൂഹുറയ്റ(റ) നിവേദനം. നബി(സ)തിരുമേനി പറഞ്ഞു, 'വിധവകളുടേയും അഗതികളുടേയും സ്ഥിതി സുഖകരമാക്കാൻവേണ്ടി പരിശ്രമിക്കുന്നവൻ അല്ലാഹുവിന്റെ മാർഗത്തിൽ ജിഹാദു ചെയ്യുന്നവനെപ്പോലെയാണ്. അല്ലെങ്കിൽ രാത്രി നമസ്കരിക്കുകയും പകലിൽ  നോമ്പനുഷ്ഠിക്കുകയുംചെയ്യുന്നവനെപ്പോലെയാണ്.' (ഹദീഥ് നമ്പർ 5353)

### ഏഷണി(അപവാദം, അസത്യം) പറയൽ

ഹദ്റത്ത് ഇബ്നു അബ്ബാസ്(റ.മാ) നിവേദനം. നബി(സ) തിരുമേനി ഒരിക്കൽ മദീനയിലെ അല്ലെങ്കിൽ മക്കയിലെ ഒരു തോട്ടത്തിന്റെ സമീപത്തൂടെ നടന്നു പോകുമ്പോൾ ഖബ്റുകളിൽവച്ച് ശിക്ഷയേറ്റുകൊണ്ടിരിക്കുന്ന രണ്ടു മനുഷ്യരുടെ ശബ്ദം കേട്ടു. അപ്പോൾ നബി(സ) തിരുമേനി പറഞ്ഞു, 'അവർ രണ്ടു പേരും ശിക്ഷിക്കപ്പെടുകയാണ്. വൻകുറ്റത്തിന്റെ പേരിലൊന്നുമല്ല. അവരിൽ ഒരാൾ മൂത്രിക്കുമ്പോൾ മറ സ്വീകരിച്ചിരുന്നില്ല. മറ്റേയാൾ ഏഷണിക്കാരനായിരുന്നു. അനന്തരം അവിടന്ന് ഒരു ഈത്തപ്പന മടൽ കൊണ്ടു വരാൻ പറഞ്ഞു. എന്നിട്ട് അത് രണ്ടു കഷണമാക്കി മുറിച്ച് ഓരോന്നും ഓരോ ഖബ്റിന്മേൽ നട്ടു. അല്ലാഹുവിന്റെ ദൂതരേ! അങ്ങ് എന്തിനാണിതു ചെയ്തത് എന്നു ചോദിച്ചപ്പോൾ നബി(സ)തിരുമേനി പറഞ്ഞു, 'ഇവ ഉണങ്ങാതിരിക്കുന്നതുവരെ അവരുടെ ശിക്ഷ ലഘൂകരിക്കപ്പെട്ടേക്കാം.' (ഹദീഥ് നമ്പർ 216)

ഹദ്റത്ത് ഇബ്നു മസ്ഊദിൽ(റ)നിന്ന് നിവേദനം. നബി(സ) ഒരിക്കൽ ചോദിച്ചു, 'അള്ഹ്' എന്താണെന്ന് ഞാൻ നിങ്ങൾക്കു പറഞ്ഞു തരട്ടെയോ? ജനങ്ങൾക്കിടയിൽ പ്രചരിച്ചുകൊണ്ടിരിക്കുന്ന   ഏഷണിയാണത്.(അപവാദം, അസത്യം എന്നൊക്കെയാണ് അള്ഹിന്റെ അർഥം)

### അഹങ്കാരം

ഹദ്റത്ത് ഹാരിഥ്(റ) നിവേദനം. നബി(സ)തിരുമേനി പറയുന്നത് ഞാൻ കേട്ടിട്ടുണ്ട്. 'സ്വർഗത്തിന്നർഹൻ ആരായിരിക്കുമെന്ന് ഞാൻ പറഞ്ഞു തരട്ടെയോ? ബലഹീനരും ബലഹീനത വെളിപ്പെടുത്തുന്നവരുമായ എല്ലാ ആളുകളുമായിരിക്കും. അല്ലാഹുവിന്റെ നാമത്തിൽ അവർ വല്ല സത്യവും ചെയ്താൽ ആ സത്യം അല്ലാഹു നിർവഹിച്ചുകൊടുക്കും. നരക ശിക്ഷയ്ക്ക് അവകാശപ്പെട്ടത് ആരാണെന്ന് ഞാൻ പറഞ്ഞു തരട്ടെയോ? കഠിനഹൃദയരും അഹംഭാവികളുമായ സർവ മനുഷ്യരുമാണ്.' (ഹദീഥ് നമ്പർ 4918)

### പരദൂഷണം

ഹദ്റത്ത് സഹ്ലി(റ)ൽ നിന്ന് നിവേദനം. നബി(സ)തിരുമേനി പ്രഖ്യാപിച്ചു, 'വല്ലവനും തന്റെ രണ്ടു താടിയെല്ലിന്റെ  ഇടയിലുള്ളതിനേയും(നാവ്)കാലുകൾക്കിടയിലുള്ളതിനേയും  (രഹസ്യസ്ഥാനം)തെറ്റുകുറ്റങ്ങളിൽനിന്ന് കാത്തുസൂക്ഷിക്കാമെന്ന് എന്നോടു ഏല്ക്കുന്ന പക്ഷം അവന് സ്വർഗം ഞാൻ ഏല്ക്കുന്നതാണ്.' (ബുഖാരി, മുസ്ലിം രിയാളുസ്സ്വാലിഹീൻ ഹദീഥു നമ്പർ 1518)

ഹദ്റത്ത് സുഫ്യാനി(റ)ൽ നിന്ന് നിവേദനം. അദ്ദേഹം പറഞ്ഞു, ഞാൻ നബി(സ)യോടു ചോദിച്ചു, അല്ലാഹുവിന്റെ റസൂലേ! ഞാൻ ഏറ്റവും കൂടുതൽ ഭയപ്പെടേണ്ടതെന്തിനെയാണ്? സ്വന്തം നാവ് കാണിച്ചിട്ട് നബി(സ)തിരുമേനി പറഞ്ഞു, 'ഇതിനെയാണ് ' (1522)

ഹദ്റത്ത് ഉഖ്ബത്തി(റ)ൽനിന്ന് നിവേദനം. ഞാൻ ചോദിച്ചു, അല്ലാഹുവിന്റെ റസൂലേ! മോക്ഷത്തിനുള്ള മാർഗമെന്താണ്? നബി(സ)തിരുമേനി പറഞ്ഞു, 'നിന്റെ നാവിനെ പിടിച്ചു വെക്കുക.' (1525)

ഹദ്റത്ത് അബൂസയീദ്(റ)ൽ നിന്ന് നിവേദനം: നബി(സ) പറഞ്ഞു, 'നേരം പുലർന്നാൽ മനുഷ്യന്റെ അവയവങ്ങളെല്ലാം വിനയത്തോടെ നാവിനോടു അപേക്ഷിക്കും: 'ഞങ്ങൾക്കുവേണ്ടി നീ അല്ലാഹുവിനെ സൂക്ഷിക്കണേ. പാപങ്ങളിൽ നീ ഞങ്ങളെ അകപ്പെടുത്തരുതേ. ഞങ്ങൾ നിന്നോടു കൂടെയുള്ളവയാണ്. നീ നന്നാവുന്ന പക്ഷം ഞങ്ങളും നന്നായി. നീ ചീത്തയായാലോ, ഞങ്ങളും ചീത്തയായി.' (1526)

### പണ്ഡിതന്മാരെ ആദരിക്കണം

ഹദ്റത്ത് ഉഖ്ബ(റ)വിൽ നിന്ന് നിവേദനം. നബി(സ) തിരുമേനി പറഞ്ഞു, 'ജനങ്ങൾക്ക് ഇമാമാകേണ്ടത് അവരിൽ ധാരാളം ഖുർആൻ മനഃപാഠമുള്ളവരാണ്. ഖുർആൻ പാരായണത്തിൽ അവരെല്ലാം സമന്മാരാണെങ്കിലോ പിന്നെ ഹദീഥിൽ കൂടുതൽ പാണ്ഡിത്യമുള്ളവരാണ്. ഹദീഥ് വിജ്ഞാനത്തിലും അവരെല്ലാം സമന്മാരാണെങ്കിലോ ആദ്യമാദ്യം ഹിജ്റ ചെയ്തവരും അതിലും സമന്മാരാണെങ്കിൽ താരതമ്യേന കൂടുതൽ പ്രായമുളളവരുമായിരിക്കണം. ഒരാൾ മറ്റൊരാളുടെ അധികാരസ്ഥലത്ത് തന്റെ അനുവാദം കൂടാതെ ഇമാമാകുകയോ തന്റെ പ്രത്യേക ഇരിപ്പിടത്തിൽ കയറി ഇരിക്കുകയോ ചെയ്യരുത്.' (മുസ്ലിം 358)

**ഹദ്റത്ത് ഇമാം ഗസ്സാലി (റഹ്) പറയുന്നു:**

*ഉഖദ്ദിമു ഉസ്താദീ അലാ നഫ്സീ വാലിദീ*
*വഇൻ നാലനീ മിൻ വാലിദിൽഫള്ലി വശ്ശറഫി*
*ഫദാക്ക മുറബ്ബിർറൂഹു വർറൂഹു ജൗഹറു*
*വ ഹാദാ മുറബ്ബിൽ ജിസ്മി വൽജിസ്മു കസ്സ്വദഫി*
*അഖുൽഇൽമി ഹയ്യുൻ ഖാലിദുൻ ബഅ്ദ മൗത്തിഹീ*
*വ ഔസാനഹൂ തഹ്തത്തുറാബി റമീം*
*വദുൽജഹ്ലി മയിത്തുൻ വ ഹുവ മാശിൻ അലഥ്ഥറാ*
*തഅ്ദ്ദു മിനൽ അഹ്യായി വ ഹുവ അദീം*

പിതാവിൽനിന്നാണ് എനിക്ക് ഭൗതികമായ അറിവ് ലഭിക്കുന്നതെങ്കിലും എന്റെ പിതാവിനെക്കാൾ ഞാൻ എന്റെ ഉസ്താദിന് മുൻഗണന നല്കുന്നു. അദ്ദേഹം ആത്മാവിനെയാണ് പരിപാലിക്കുന്നത്. ആത്മാവാകട്ടെ മുത്താണ്. എന്റെ ഉപ്പ എന്റെ ശരീരത്തെയാണ് പോറ്റുന്നത്. ശരീരമാകട്ടെ പുറന്തോടാണ്.

മൃതശരീരം മണ്ണിന്നടിയിൽ ദ്രവിച്ചു കഴിഞ്ഞാലും ആലിം അഥവാ ജ്ഞാനി അവന്റെ മരണശേഷവും എന്നെന്നും ജീവിച്ചിരിക്കുന്നു! അജ്ഞൻ ശവമാകുന്നു; അവൻ ഭൂമിയിൽക്കൂടി നടക്കുകയും ജീവിച്ചിരിക്കുകയും ചെയ്യുന്നുണ്ടെങ്കിലും മരിച്ചവനാണ്.

## ഹദീഥുന്നബ്വി (സ):

***നബി(സ)തിരുമേനി പറഞ്ഞു:അല്ലാഹു പറയുന്നു,***
***'എന്റെ ദാസരേ!ഞാൻ ആരേയും അക്രമിക്കുകയില്ല. നിങ്ങളും ആരേയും അക്രമിക്കരുത്. അത് നിങ്ങൾക്കു നിഷിദ്ധമാണ്.'***
***(മുസ്ലിം)***

**ത്വാലിബെ ദുആ**
**P.Abdul Ameer**
**Sadr, Ahmadiyya jama'ath Pathapiriyam (Kerala)**

## ഹദീസുന്നബ്വി(സ)

**നബി(സ)തിരുമേനി പറഞ്ഞു:അല്ലാഹു പറയുന്നു:**
**'എന്റെ ദാസരേ! ഞാൻ നിങ്ങൾക്ക് ധരിപ്പിച്ചിട്ടില്ലെങ്കിൽ നിങ്ങളെല്ലാം നഗ്നരാണ്. അതുകൊണ്ട് നിങ്ങളെന്നോടു വസ്ത്രം ആവശ്യപ്പെടുക. ഞാൻ നിങ്ങൾക്കു ധരിപ്പിക്കാം.'(മുസ്ലിം)**

**ത്വാലിബെ ദുആ:**
**Members of lajna Imayillah,**
**Ahmadiyya jama'ath Mathottam (Kerala)**

# മോക്ഷപ്രാപ്തിക്ക് മുഹമ്മദു നബി(സ)യെ വിശ്വസിക്കണ്ടേ?

## ഹദ്റത്ത് മിർസാ ഗുലാം അഹ്മദ്(അ)

## (വാഗ്ദത്ത മഹ്ദീ മസീഹ്)

കലാപങ്ങൾ മുറ്റി നില്ക്കുന്ന ഇക്കാലത്ത് മോക്ഷപ്രാപ്തിക്കായി നബി(സ)തിരുമേനിയിൽ വിശ്വസിക്കേണ്ടതില്ലെന്നും ആ മഹാത്മാവിനെ പിൻപറ്റേണ്ടത് അത്യാവശ്യമല്ലെന്നും അല്ലാഹുവിന് പങ്കാളികളാരുമില്ലെന്ന് വിശ്വസിച്ചാൽ സ്വർഗത്തിൽ കടക്കാമെന്നും കരുതുന്ന ചിലയാളുകൾ മുസ്‌ലിം സമുദായത്തിൽ പിറന്നു വീണിരിക്കുന്നു. കെട്ടിപ്പറഞ്ഞും അക്രമം പ്രവർത്തിച്ചും അല്ലെങ്കിൽ തെറ്റായ നിഗമനങ്ങൾ വച്ചുപുലർത്തിക്കൊണ്ടും അടിസ്ഥാനരഹിതമായ പല ആക്ഷേപങ്ങളും എന്റെമേൽ ആരോപിക്കുന്ന ചിലയാളുകളുമുണ്ട്. അത്തരക്കാരുടെ ഉദ്ദേശ്യം ഈ ജമാഅത്തിനെ സംബന്ധിച്ച് മറ്റുള്ളവരെ ജാഗ്രതപ്പെടുത്തുക എന്നതാണെന്ന് തോന്നുന്നു. മതത്തിന്റെ അതിസൂക്ഷ്മമായ കാര്യങ്ങൾ മനസ്സിലാക്കാനുള്ള കെല്പില്ലാത്ത കാരണത്താൽ ആരോപണം ഉന്നയിക്കുന്ന ചിലരും ഇല്ലാതില്ല. അവരുടെ സ്വഭാവത്തിൽ ഉപദ്രവമൊന്നുമില്ല. എന്നാൽ, കാര്യബോധമില്ലാത്തവരാണ്. സ്വമേധയാ യാഥാർഥ്യം അപഗ്രഥിച്ചെടുക്കാനുള്ള പക്വതയും പാടവവും അവർക്കില്ല. അതുകൊണ്ട് ഈ ഉപസംഹാരത്തിൽ ആ എല്ലാ സന്ദേഹങ്ങളും ദൂരീകരിക്കുന്നത് സന്ദർഭോചിതമായിരിക്കുമെന്ന് ഞാൻ മനസ്സിലാക്കുന്നു.

ഇതിലേക്ക് ശ്രദ്ധിക്കേണ്ട ആവശ്യമൊന്നും എനിക്കില്ലായിരുന്നു. കാരണം എന്റെ നിരവധി ഗ്രന്ഥങ്ങളിൽ നിരർഥകമായ ഇത്തരം ആക്ഷേപങ്ങൾക്കെല്ലാം മറുപടി നൽകപ്പെട്ടിട്ടുള്ളതാണ്. പക്ഷേ, പട്യാല നിവാസിയും അസിസ്റ്റന്റ് സർജനുമായ അബ്ദുൽ ഹക്കീംഖാൻ എന്നൊരാൾ എന്റെ ശിഷ്യത്വം സ്വീകരിച്ച് നമ്മുടെ ജമാഅത്തിൽ പ്രവേശിച്ചിരുന്നുവെങ്കിലും, കൂടിക്കാഴ്ചയുടെ അഭാവവും സഹവാസത്തിന്റെ കുറവും മതത്തിന്റെ അതിസൂക്ഷ്മമായ കാര്യങ്ങളിലുള്ള അജ്ഞതയും കാരണം, അഹങ്കാരം, അറിവില്ലായ്മ, ആത്മപ്രശംസ, തെറ്റായധാരണ തുടങ്ങിയ അസുഖങ്ങൾക്കടിപ്പെട്ടിരുന്ന അയാൾ നിർഭാഗ്യവശാൽ ഈ ജമാഅത്തിൽനിന്ന് പുറത്തുപോകുകയും നമ്മുടെ ശത്രുവായിത്തീരുകയും ചെയ്തിരിക്കുന്നു. തന്റെ അജ്ഞത നിറഞ്ഞ എഴുത്തുകളിൽ വിഷവായു പ്രയോഗിച്ച് അല്ലാഹുവിന്റെ കരത്താൽ തെളിക്കപ്പെട്ട ഈ ദീപത്തെ അണയ്ക്കുന്നതിന്നായി അയാൾ ശ്രമിച്ചു വരികയാണ്. അതുകൊണ്ട് പൊതുജനങ്ങളെ സത്യാവസ്ഥ ബോധ്യപ്പെടുത്തുന്നതിനായി അയാളുടെ ചില ആക്ഷേപങ്ങൾക്ക് ഹ്രസ്വമായ നിലയിൽ മറുപടി പറയുന്നത് ഉചിതമായിരിക്കുമെന്ന് ഞാൻ മനസ്സിലാക്കുന്നു. കാരണം മതപരമായ കാര്യങ്ങളോടുള്ള താൽപര്യക്കുറവും ഭൗതികതയോടുള്ള അമിതമായ പ്രതിപത്തിയും കൊണ്ട് എന്റെ ഗ്രന്ഥങ്ങളെല്ലാം അന്വേഷിച്ചു കണ്ടെത്തി അതിലുള്ള മറുപടി തിരഞ്ഞുപിടിക്കുകയെന്നത് സാധാരണക്കാരന് ദുഷ്കരമാണ്.

നമ്മുടെ ജമാഅത്തിൽനിന്ന് അബ്ദുൽ ഹക്കീം ഖാൻ പുറത്തു പോകാനുണ്ടായ കാരണം ആദ്യമേ എഴുതുന്നത് ഉചിതമായിരിക്കും. പരലോക മോക്ഷപ്രാപ്തിക്കായി നബി(സ)തിരുമേനിയിൽ വിശ്വസിക്കേണ്ട ആവശ്യമില്ലെന്നും മറിച്ച് അല്ലാഹുവിനെ ഏകനും പങ്കുകാരനില്ലാത്തവനുമാണെന്ന് മനസ്സിലാക്കുന്ന ഏതൊരാൾക്കും (അയാൾ നബി സ്വല്ലല്ലാഹു അലയ്ഹിവസല്ലമിനെ നിഷേധിക്കുന്നവനാണെങ്കിൽപോലും) മോക്ഷം ലഭ്യമാകുമെന്നുമാണ് അയാളുടെ വിശ്വാസം. ഇതിൽനിന്ന്, അയാളുടെ വീക്ഷണത്തിൽ ഒരാൾ ഇസ്‌ലാം മതത്തിൽനിന്ന് പുറത്തുപോയാലും മോക്ഷംപ്രാപിക്കുമെന്നത് പ്രകടമാണ്. അതിനുള്ള ശിക്ഷകൊടുക്കുന്നത് അക്രമവുമാണ്. ഉദാഹരണത്തിന്, ഈയടുത്ത കാലത്ത് അബ്ദുൽ ഗഫൂർ എന്നൊരാൾ ആര്യസമാജത്തിൽച്ചേർന്നു. ധർമപാൽ എന്ന പേരും സ്വീകരിച്ചു. അയാൾ നബി(സ)തിരുമേനിയെ നിന്ദിക്കുന്നതിലും കളവു പ്രചരിപ്പിക്കുന്നതിലും രാപ്പകൽ വ്യാപൃതനാണ്. അബ്ദുൽ ഹക്കീം ഖാന്റെ പക്കൽ അയാളും നേരെ സ്വർഗത്തിൽപ്പോകും. കാരണം ആര്യസമാജക്കാർ ബിംബാരാധനയിൽനിന്ന് കൈ പിൻവലിച്ചവരാണ്. എന്നാൽ, ഇത്തരം വിശ്വാസങ്ങളുടെ അടിസ്ഥാനത്തിൽ നബിമാരുടെ (അലയ്ഹിമുസ്സലാം) ആഗമനം അയുക്തികവും അനാവശ്യവുമായിത്തീരുമെന്ന് ഓരോ വിവേകശാലിക്കും അറിയാം. കാരണം നബിമാരുടെ നിഷേധിയും ശത്രുവുമായിരിക്കുന്ന ഒരാൾ അല്ലാഹുവിനെ ഏകനായി കരുതുന്നുവെന്ന കാരണത്താൽ മോക്ഷം പ്രാപിക്കുമെന്നാണെങ്കിൽ നബിമാരുടെ ആഗമനം അനാവശ്യം തന്നെയാണ്. ആ നബിമാരെ കൂടാതെയും കാര്യങ്ങളൊക്കെ നടക്കുമായിരുന്നുവല്ലോ. അവർ വരേണ്ട ആവശ്യമേയില്ല. അല്ലാഹുവിനെ ഏകനും പങ്കുകാരനില്ലാത്തവനുമാണെന്ന് വിശ്വസിച്ചാൽ സ്വർഗത്തിൽ പ്രവേശിക്കാമെന്നുള്ളത് ശരിയാണെങ്കിൽ **ലാ ഇലാഹ ഇല്ലല്ലാഹു മുഹമ്മദുർറസൂലുല്ലാഹി** എന്ന കലിമയായ മഹദ്വചനവും ഒരു തരം ബഹുദൈവാരാധനയായിത്തീരും. കാരണം **മുഹമ്മദുർറസുല്ലാഹി** എന്ന വചനം നിർബന്ധപൂർവം **ലാ ഇല്ലാഹ ഇല്ലല്ലാഹു** എന്ന വചനത്തോടു കൂട്ടിച്ചേർത്തതാണ്. യഥാർഥത്തിൽ ഇത്തരക്കാർ മുഹമ്മദുർറസുലുല്ലാഹി എന്ന് പറയുന്നത് ശിർക്കായിട്ട്– ബഹുദൈവാരാധനയായിട്ട് തന്നെയാണ് കരുതുന്നത്. ലാഇലാഹ ഇല്ലല്ലാഹു എന്നതിനോടൊപ്പം ഒന്നും ചേർക്കാതിരിക്കുന്നതാണ് അവരുടെ പക്കൽ പരിപൂർണമായ ഏകദൈവ വിശ്വാസം. അതായത് തൗഹീദ്. അവരുടെ വീക്ഷണത്തിൽ ഇസ്‌ലാം മതത്തിൽനിന്ന് പുറത്തു പോകുന്നത് മോക്ഷപ്രാപ്തിയ്ക്ക് തടസ്സമാകുന്നില്ല. ഉദാഹരണത്തിന്, ഒരൊറ്റ ദിവസം മുസ്‌ലിമീങ്ങൾ ഒന്നടങ്കം നബി(സ)തിരുമേനിയുടെ നുബുവ്വത്തിനെ നിഷേധിച്ചുകൊണ്ട് വഴിപിഴച്ച തത്ത്വചിന്തകരെപ്പോലെ ദൈവത്തിൽ മാത്രം വിശ്വസിക്കുകയും വിശുദ്ധ ഖുർആനേയും നബി(സ)തിരുമേനിയേയും പിന്തുടരേണ്ടതില്ലെന്ന് കരുതുകയും നിഷേധികളായിത്തീരുകയും ചെയ്താലും അവരുടെ പക്കൽ ഇവരെല്ലാം മുർത്തദ്ദ് അഥവാ മതപരിത്യാഗികളായിരുന്നിട്ടും മോക്ഷം പ്രാപിക്കുകയും നിസന്ദേഹം സ്വർഗത്തിൽ പ്രവേശിക്കുകയും ചെയ്യുന്നതാണ്.

❋ നബിമാരെ നിഷേധിക്കുന്നവർക്കും അവരുടെ കഠിനവിരോധികൾക്കും തങ്ങളുടെ സാങ്കല്പികമായ ഏകദൈവ വിശ്വാസത്താൽ മോക്ഷം പ്രാപിക്കാമെന്നുള്ളത് വാസ്തവമാണെങ്കിൽ ആ അവിശ്വാസികൾക്ക് പുനരുഥാനനാളിൽ എന്തെങ്കിലും ശിക്ഷകിട്ടുന്നതിനു പകരം നബിമാർ തന്നെയായിരിക്കും ഒരു തരം ശിക്ഷയിലകപ്പെടുക. തങ്ങളെ കഠിനമായി വിരോധിച്ചവരും നിന്ദിച്ചവരും സ്വർഗത്തിലെ സിംഹാസനത്തിൽ ഇരിക്കുന്നതു കാണുമ്പോൾ, തങ്ങൾക്ക് ലഭിച്ചതുപോലുള്ള അഭ്യുന്നതിയിലും അന്തസ്സിലും അവരെ ദർശിക്കുമ്പോൾ– നിങ്ങൾ നിന്ദിച്ചതുകൊണ്ടും നിഷേധിച്ചതുകൊണ്ടും ഞങ്ങൾക്കെന്താടോ നഷ്ടപ്പെട്ടതെന്ന് അപ്പോൾ അവർ നബിമാരോട് ചോദിച്ചുകൂടായ്കയുമില്ല– ആ സ്വർഗത്തിൽ പാർക്കുകയെന്നത് നബിമാർക്ക് കയ്പുള്ളതായിത്തീരും.

പുറത്തുപോയവരാണെങ്കിൽത്തന്നെ മോക്ഷം പ്രാപിക്കുകയും സ്വർഗത്തിൽ പ്രവേശിക്കുകയും ചെയ്യും. വാസ്തവത്തിൽ, ഒരാൾ അല്ലാഹുവിനെ ഏകനും പങ്കുകാരനില്ലാത്തവനുമായി മനസ്സിലാക്കുകയും അവന്റെ അസ്തിത്വത്തിലും ഉൺമയിലും ഏകത്വത്തിലും വിശ്വസിക്കുകയും ചെയ്യുന്നതിനോടൊപ്പം നബി(സ)തിരുമേനിയുടെ നുബുവ്വത്തിൽ വിശ്വസിക്കേണ്ടതും നിർബന്ധമാണെന്ന കാര്യത്തിൽ സ്വഹാബത്തിന്റെ (റളിയല്ലാഹുഅൻഹും) കാലം തൊട്ട് നമ്മുടെ ഇക്കാലം വരെയുള്ള എല്ലാ മുസ്‌ലിം കക്ഷികളും ഏകാഭിപ്രായക്കാരാണെന്ന യാഥാർഥ്യം ചിന്താശക്തി കുറഞ്ഞവരിൽനിന്നുപോലും മറഞ്ഞതല്ല. വിശുദ്ധഖുർആനിൽ വിവരിക്കപ്പെട്ടതും രേഖപ്പെട്ടതുമായ എല്ലാ കാര്യങ്ങളിലും വിശ്വസിച്ചേപറ്റൂ. പ്രാരംഭകാലം മുതൽ മുസ്‌ലിമീങ്ങൾക്ക് മനസ്സിലാക്കിക്കൊടുത്തുവരുന്ന ഒരു കാര്യമാണിത്. ഇതിൽ അടിയുറച്ചു വിശ്വസിച്ചുവെന്ന കാരണത്താൽ സ്വഹാബത്തിന് (റളിയല്ലാഹുഅൻഹും) അതായത് നബിതിരുമേനിയുടെ പ്രിയങ്കരരായ സഹചാരികൾക്ക് തങ്ങളുടെ ജീവൻ ബലിയർപ്പിക്കേണ്ടിവന്നു. ശത്രുക്കൾ തട്ടിക്കൊണ്ടുപോയ സത്യവാന്മാരായ മുസ്‌ലിമീങ്ങളോട് നബി(സ)തിരുമേനിയെ തള്ളിപ്പറയാനും തങ്ങളുടെ കൂടെ തിരിച്ചുവരാനും അവിശ്വാസികൾ നിരന്തരം ആവശ്യപ്പെട്ടുകൊണ്ടിരുന്നു. എന്നാൽ, നബി തിരുമേനിയെ തള്ളിപ്പറയാൻ അവർ തയ്യാറായില്ല. എന്നു മാത്രമല്ല ആ വഴിയിൽ തങ്ങളുടെ ജീവൻ സമർപ്പണം ചെയ്തു. ഈ സംഭവം പ്രസിദ്ധമാണ്. എത്രത്തോളമെന്നാൽ, ഇസ്‌ലാമിക ചരിത്രവുമായി അല്പമാത്ര ബന്ധമുള്ള ഒരാൾക്കുപോലും നാം ഇപ്പറയുന്ന കാര്യം നിഷേധിക്കാൻ സാധ്യമല്ല.

ഇസ്‌ലാമിക യുദ്ധങ്ങൾ പ്രതിരോധമെന്ന നിലയിലായിരുന്നു നടന്നതെന്ന കാര്യം നാം ഓർക്കേണ്ടതുണ്ട്. അതായത് തുടക്കം അവിശ്വാസികളിൽ നിന്നായിരുന്നു. ആക്രമണത്തിൽനിന്ന് പിൻമാറാൻ അറേബ്യയിലെ സത്യനിഷേധികൾ തയ്യാറായില്ല. അറേബ്യമുഴുവനും ഇസ്‌ലാം മതം പരക്കുമെന്നുള്ള ഭയമായിരുന്നു അവർക്ക്. ഈ സാഹചര്യത്തിൽ ആ പീഡിത സമൂഹത്തെ ഫിർഔന്മാരുടെ ഉരുക്കു മുഷ്ടികളിൽനിന്ന് രക്ഷിക്കുന്നതിനുവേണ്ടി അക്കൂട്ടരെ പ്രതിരോധിച്ചുകൊള്ളാൻ നബി(സ)തിരുമേനിയ്ക്ക് കല്പനയുണ്ടായി. എന്നാൽ, നബി(സ) തിരുമേനിയുടെ പ്രവാചകത്വത്തെ അംഗീകരി

ക്കേണ്ട ആവശ്യമില്ലെന്നും ആ മഹാത്മാവിൽ വിശ്വസിക്കുന്നത് മോക്ഷം കിട്ടുന്നതിന് നിർബന്ധമല്ലെന്നും സ്വമേധയാ ദൈവത്തെ ഏകനും പങ്കുകാരനില്ലാത്തവനുമാണെന്നു മാത്രം മനസ്സിലാക്കിയാൽ മതിയെന്നും അദ്ദേഹത്തെ നിഷേധിക്കുകയും എതിർക്കുകയും അദ്ദേഹത്തോടു ശത്രുത പുലർത്തുകയും ചെയ്താലും വിരോധമില്ലെന്നും അദ്ദേഹത്തെ മാതൃകാപുരുഷനായി അംഗീകരിക്കേണ്ട ആവശ്യമില്ലെന്നുമുള്ള സന്ദേശം മക്കയിലെ ആ സത്യനിഷേധികൾക്ക് കൊടുത്തിരുന്നുവെങ്കിൽ ഇത്രമാത്രം യുദ്ധമുണ്ടാകുമായിരുന്നില്ല. ഇതിലൊട്ടും സംശയത്തിന്നിടമില്ല. അല്ലാഹുവിനെ ഏകനും പങ്കുകാരനില്ലാത്തവനുമായി മനസ്സിലാക്കുന്ന യഹുദികൾക്കെതിരിലും യുദ്ധം ചെയ്യേണ്ടിവരുമായിരുന്നില്ല. അവരുടെ ആക്രമണപ്രവർത്തനങ്ങൾക്ക് ശിക്ഷകൊടുത്തതെന്തിനാണ്? നബി(സ) തിരുമേനിയ്ക്ക് ഖുർആനിക ജ്ഞാനം ഇല്ലെന്നാണോ പറയുന്നത്?

അല്ലാഹു ഇറക്കിയിട്ടുള്ള ഗ്രന്ഥങ്ങളെല്ലാം സശ്രദ്ധം പാരായണം ചെയ്താൽ ദൈവം ഏകനും പങ്കുകാരനില്ലാത്തവനുമാണെന്ന് വിശ്വസിക്കാനും അതോടൊപ്പം തങ്ങളുടെ നുബുവ്വത്തിലും അതായത് പ്രവാചകത്വത്തിലും വിശ്വസിക്കാനും പഠിപ്പിക്കുന്നതിനു വേണ്ടിയിട്ടാണ് നബിമാരെല്ലാം വന്നതെന്ന് മനസ്സിലാകും. ഇതുകൊണ്ടു തന്നെയാണ് ഇസ്‌ലാമികാധ്യാപനങ്ങളുടെ സംക്ഷിപ്തമായിട്ട് ഉമ്മത്തിനെ ഒന്നടങ്കം *ലാ ഇലാഹ ഇല്ലല്ലാഹു മുഹമ്മദുർറസുലല്ലാഹി* എന്ന രണ്ടു വരികൾ പഠിപ്പിച്ചിരിക്കുന്നത്.

ദൈവത്തിന്റെ അസ്തിത്വത്തെക്കുറിച്ച് അറിവ് നൽകുന്നവരും, അവൻ ഏകനും പങ്കുകാരനില്ലാത്തവനാണെന്ന് പഠിപ്പിക്കുന്നവരും നബിമാർ മാത്രമാണെന്നും നമ്മൾ ഓർക്കേണ്ടതാണ്. ഈ പരിശുദ്ധാത്മാക്കൾ ലോകത്തു വന്നിട്ടില്ലായിരുന്നെങ്കിൽ നേരായ മാർഗത്തെ സുദൃഢമായ നിലയിൽ പ്രാപിക്കുകയെന്നത് തടസ്സമുള്ളതും സാധ്യതയറ്റതുമായ കാര്യമാകുമായിരുന്നു. ആകാശഭൂമികളെ സംബന്ധിച്ച് ചിന്തിച്ചും അവയുടെ ഉന്നതവും ബലവത്തായതുമായ ക്രമീകരണം വീക്ഷിച്ചും യുക്തിഭദ്രമായ ഈ പ്രപഞ്ചത്തെ സൃഷ്ടിച്ചിട്ടുള്ള ആരെങ്കിലും ഉണ്ടായിരിക്കേണ്ടതാണെന്ന നിഗമനത്തിൽ എത്തിച്ചേരാൻ സാധിക്കുമെന്നത് ശരിതന്നെ. എന്നാൽ, 'ഉണ്ട്' എന്ന വചനവും 'ഉണ്ടായിരിക്കണം' എന്ന വചനവും തമ്മിൽ വലിയ വ്യത്യാസമുണ്ട്. 'ഉണ്ട്' എന്ന ദൃഢമായ അറിവു നൽകുന്നവർ നബിമാർ അലയ്ഹിമുസ്സലാം മാത്രമാണ്. അവർ ആയിരക്കണക്കിന് അടയാളങ്ങൾ കൊണ്ടും സൂക്ഷ്മാൽ സൂക്ഷ്മവും സർവശക്തിയുടേയും സമ്മേളനകേന്ദ്രവുമായ ആ അസ്തിത്വം യഥാർഥത്തിലുണ്ടെന്ന് ലോകത്തിന് സ്ഥാപിച്ച് കാണിച്ചുകൊടുത്തു. പ്രപഞ്ചവ്യവസ്ഥിതി കണ്ടിട്ട് യഥാർഥ സ്രഷ്ടാവിന്റെ ആവശ്യകത അനുഭവപ്പെടുന്നത്ര ബുദ്ധിയുടെ നിലയും നുബുവ്വത്തിന്റെ കിരണങ്ങളിൽനിന്നു തന്നെ പ്രാപ്യമായതാണ്. നബിമാരുടെ സാന്നിധ്യം ഇല്ലായിരുന്നെങ്കിൽ ഈ നിലയിലുള്ള ബുദ്ധിയും ആർക്കും ലഭിക്കുമായിരുന്നില്ല. ഉദാഹരണത്തിന്, ഭൂമിയ്ക്കടിയിൽ ജലമുണ്ട്. എന്നാൽ, ആ ജലത്തിന്റെ നിലനിൽപ്പും സാന്നിദ്ധ്യവും ആകാശജലവുമായി ബന്ധപ്പെട്ടതാണ്. ആകാശത്ത് നിന്ന് ജലം വർഷിക്കാതെ വരുമ്പോൾ ഭൂമിയിലെ ജലവും വറ്റിപ്പോകുന്നു. അത് വർഷിക്കുമ്പോൾ ഭൂമിയിൽ ജലം അലതല്ലുന്നു. ഇതേ പ്രകാരം നബിമാരുടെ ആഗമനത്തോടെ ബുദ്ധിയ്ക്ക് മൂർച്ചകൂടുന്നു. ഭൗമ്യജലമായ ബുദ്ധി അതിന്റെ ആ സ്ഥിതിയിൽനിന്ന് പുരോഗതി പ്രാപിക്കുന്നു. പിന്നീട് ദീർഘകാലത്തേയ്ക്ക് ഒരു നബിയും വരുന്നില്ലെങ്കിൽ ബുദ്ധിയുടെ ഭൗമികജലം ദുഷിക്കുകയും വറ്റാൻ തുടങ്ങുകയും ചെയ്യുന്നു. ബിംബാരാധനയും ബഹുദൈവാരാധനയും മറ്റു പലതരം അധർമങ്ങളും പരക്കുന്നു. കണ്ണിൽ ഒരു പ്രകാശം ഉണ്ടെങ്കിൽപോലും സൂര്യനെ ആശ്രയിക്കേണ്ടി വരുന്നതുപോലെ കണ്ണിന്റെ സാമ്യരൂപമായ ലൗകികബുദ്ധി എപ്പോഴും പ്രവാചകത്വസൂര്യനെ ആശ്രയിച്ചുകൊണ്ടിരിക്കുന്നു. ആ സൂര്യൻ മറയുമ്പോഴെല്ലാം അതിൽ പൊടുന്നനെ കലക്കവും ഇരുട്ടും ഉണ്ടാകുന്നു. കണ്ണുള്ളതുകൊണ്ടുമാത്രം നിങ്ങൾക്കെന്തെങ്കിലും കാണാൻ കഴിയുമോ? ഒരിക്കലുമില്ല. ഇതേപ്രകാരം സുബുവ്വത്തിന്റെ പ്രകാശകിരണം പതിയാതെ നിങ്ങൾക്കൊന്നും കാണാൻ സാധ്യമല്ല.

ചുരുക്കിപ്പറഞ്ഞാൽ ലോകോൽപത്തി മുതൽ ദൈവത്തെ തിരിച്ചറിയുക എന്ന അഭൗമികാവസ്ഥ നബിയെ തിരിച്ചറിയുന്നതുമായിട്ടാണ് ബന്ധപ്പെട്ടിരിക്കുന്നത്. ഇതുകൊണ്ട് നബിയെക്കൂടാതെ തൗഹീദ് അഥവാ ഏകദൈവത്തിലുള്ള ദൃഢവിശ്വാസം ലഭ്യമാകുമെന്ന ധാരണ അസംഭവ്യവും അസാധ്യവുമാണ്. ദൈവത്തിന്റെ രൂപം ദർശിക്കാനുള്ള കണ്ണാടിയാണ് നബി. ഈ കണ്ണാടിയിലൂടെ ദൈവത്തിന്റെ മുഖം കാണുമാറാകുന്നു. ദൈവം തന്നത്താൻ പ്രത്യക്ഷപ്പെടാൻ ഉദ്ദേശിക്കുമ്പോൾ തന്റെ ശക്തിപ്രഭാവത്തിന്റെ പ്രതീകമായ നബിയെ ലോകത്തേയ്ക്ക് അയക്കുന്നു. അദ്ദേഹത്തിൽ വെളിപാടിറക്കുന്നു. അപ്പോഴാണ് ദൈവമുണ്ടെന്ന സംഗതി ലോകത്തിന്നറിയാൻ കഴിയുന്നത്. ദൈവത്തിന്റെ സനാതനമായ നിയമത്തിന്റെ അടിസ്ഥാനത്തിൽ അവനെ തിരിച്ചറിയുന്നതിന് ഏതൊരു കൂട്ടരുടെ സാന്നിധ്യം അത്യാവശ്യമായ നിലയിൽ നിശ്ചയിക്കപ്പെട്ടിരിക്കുന്നുവോ അവരിൽ വിശ്വസിക്കുകയെന്നത് തൗഹീദിന്റെതന്നെ ഒരു ഭാഗമാണ്. ഈ വിശ്വാസം കൂടാതെ തൗഹീദിലുള്ള വിശ്വാസം പരിപൂർണമാകുകയില്ല. ആ ദൈവിക അടയാളങ്ങളും ദിവ്യജ്ഞാനംവരെ എത്തിക്കുന്നതും നബിമാർ കാണിക്കുന്നതുമായ ദൃഷ്ടാന്തങ്ങളും കൂടാതെ അനുഭവജ്ഞാനത്തിന്റെ ഉറവിൽനിന്ന് ഉത്ഭൂതമാകുന്ന കറയറ്റ പരിപൂർണ തൗഹീദ് കൈവരിക അസാധ്യമാണ്. ആ മഹത്തുക്കൾ തന്നെയാണ് ദൈവത്തെ പ്രദർശിപ്പിക്കുന്നത്. അവരിലൂടെ സൂക്ഷ്മനിൽ സൂക്ഷ്മനും മറഞ്ഞവരിൽ മറഞ്ഞവനും അദൃശ്യനിൽ അദൃശ്യനുമായ ദൈവം വെളിപ്പെടുന്നു. ദൈവം എന്ന പേരുള്ള ആ ഗോപ്യനിധി നബിമാർ മുഖേന മാത്രമാണ് എന്നും തിരിച്ചറിയപ്പെട്ടിട്ടുള്ളത്. ദൈവസന്നിധിയിൽ സ്വീകാര്യമായതും കർമപരമായ നിറം പരിപൂർണമായ നിലയിൽ അഭിഷേകം ചെയ്യപ്പെട്ടതുമായ ആ തൗഹീദ് നബിമാരെക്കൂടാതെ ലഭിക്കുമെന്നത് ബുദ്ധിയ്ക്കു വിരുദ്ധമാണെന്നതുപോലെതന്നെ അല്ലാഹുവിന്റെ മാർഗത്തിൽ പ്രയാണം ചെയ്യുന്നവരുടെ അനുഭവത്തിനും എതിരാണ്.

മോക്ഷപ്രാപ്തിക്ക് കേവലം ഏകദൈവത്തിലുള്ള വിശ്വാസം പോരേ, നബിയിൽ വിശ്വസിക്കേണ്ടതുണ്ടോ എന്ന് അജ്ഞരായ ചിലയാളുകൾ സംശയിക്കാറുണ്ട്. അവർ ആത്മാവിനെ ശരീരത്തിൽനിന്ന് വേർപ്പെടുത്താൻ ആഗ്രഹിക്കുന്നുവെന്നർഥം. ഈ സംശയം അപ്പടി ഹൃദയാന്ധതയിലധിഷ്ഠിതമാണ്. 'തൗഹീദെ ഹഖീഖി' അതായത് സാക്ഷാൽ ഏകദൈവത്തിന്റെ സാന്നിധ്യംതന്നെ നബിമാർ മുഖേന സ്ഥാപിതമാകുകയും അവരെക്കൂടാതെ ആ വിശ്വാസം കിട്ടാതെ വരികയും ചെയ്യുമ്പോൾ നബിയിൽ വിശ്വസിക്കാതെ അത് കരഗതമാകുന്നതെങ്ങനെ? തൗഹീദിന്റെ വേരായി നിൽക്കുന്ന നബിയെ വിശ്വാസകാര്യത്തിൽനിന്ന് വേർപെടുത്തുകയാണെങ്കിൽ അതെങ്ങനെയാണ് നിലനിൽക്കുക. തൗഹീദിന്റെ സ്രഷ്ടാവും തൗഹീദിന്റെ പിതാവും തൗഹീദിന്റെ ഉത്ഭവവും തൗഹീദിന്റെ പരിപൂർണപ്രതീകവും നബിയൊന്നു മാത്രമാണ്. നബിമുഖേനയാണ് മറഞ്ഞിരിക്കുന്ന ദൈവത്തിന്റെ മുഖം കാണാൻ കഴിയുന്നതും ദൈവം ഉണ്ടെന്ന് അറിയാൻ സാധിക്കുന്നതും. ഒരു വശത്ത് ഐശ്വര്യപൂർണനും പരാശ്രയരഹിതനും പ്രതാപവാനുമായ അല്ലാഹുവിന്റെ അസ്തിത്വം നിലകൊള്ളുന്നു. ആരെങ്കിലും സന്മാർഗത്തിലാകുന്നതും ദുർമാർഗത്തിലാകുന്നതുമൊന്നും അവന് പ്രശ്നമല്ല. മറുവശത്ത് താൻ തിരിച്ചറിയപ്പെടണമെന്നും അനാദികാലം മുതൽക്കെയുള്ള തന്റെ കാരുണ്യത്തിൽനിന്ന് ജനങ്ങൾ ഫലമെടുക്കണമെന്നും അവൻ സ്വാഭാവികമായി താൽപര്യപ്പെടുകയും ചെയ്യുന്നു. സ്നേഹവും സാമീപ്യവും പരിശുദ്ധിയും സ്വായത്തമാക്കുന്നതിനുവേണ്ടി സ്വാഭാവികമായ ശക്തി പരിപൂർണമായനിലയിൽ സംഭരിച്ചിട്ടുള്ള ഹൃദയങ്ങളിൽ, പ്രകൃത്യാൽതന്നെ മനുഷ്യകുലത്തോടു തികഞ്ഞ നിലയിൽ സഹതാപമുള്ള ഹൃദയങ്ങളിൽ അവൻ വെളിപ്പെടുന്നു. അതിൽ തന്റെ അസ്തിത്വത്തിന്റെ അനാദിയും അനശ്വരവുമായ സവിശേഷ ഗുണങ്ങളുടേയും പ്രകാശം പ്രകടിപ്പിക്കുന്നു. ഇപ്രകാരം ആ വിശേഷജ്ഞനും ഉന്നതപ്രകൃതിയുടെ ഉടമയുമായ മനുഷ്യനെ (ഇദ്ദേഹത്തെ മറ്റു വാക്കുകളിൽ നബി എന്നു പറയുന്നു) അവനിലേക്ക് വലിച്ചടുപ്പിക്കുന്നു. പിന്നീട് ആ നബി, മനുഷ്യകുലത്തോടുള്ള അതിയായ അനുകമ്പ അദ്ദേഹത്തിന്റെ മനസ്സിൽ അലതല്ലുന്ന കാരണത്താൽ തന്റെ ആത്മീയമായ ആഭിമുഖ്യവും കരഞ്ഞുകരഞ്ഞു കൊണ്ടുള്ള പ്രാർഥനയും വിനയവുംകൊണ്ട് തന്നിൽ വെളിപ്പെട്ട ആ ദൈവത്തെ മറ്റുള്ളവരും തിരിച്ചറിയുമാറാകണമെന്നും മോക്ഷം സിദ്ധിക്കുമാറാകണമെന്നും ആഗ്രഹിക്കുന്നു. അവർ സന്തോഷത്തോടെ അല്ലാഹുവിന്റെ മുമ്പിൽ തങ്ങളുടെ ജന്മം ബലിയായി സമർപിക്കുന്നു. ജനങ്ങൾ ജീവിക്കട്ടെ എന്ന ഉദ്ദേശ്യത്തോടെ നിരവധി മരണം അവർ സ്വയം വരിക്കുന്നു. കഠിന പ്രയത്നങ്ങളിൽ സ്വമേധയാ തങ്ങളെ അകപ്പെടുത്തുന്നു. അതിലേക്കാണ് ഈ ഖുർആനിക വചനം സൂചന നൽകുന്നത്. *ലഅല്ലക്ക ബാഖിഉൻ നഫ്സക്ക അല്ലാ യകൂനൂ മുഅ്മിനീൻ* അവർ വിശ്വാസികളാകാത്ത കാരണത്താൽ നീ നിന്റെ ജീവനെ നശിപ്പിച്ചേക്കാം. (26:4).

## ഹദീഥുന്നബ്വി (സ):

**നബി(സ)തിരുമേനി പറഞ്ഞു:'രണ്ടാളുടെ ഇടയിൽ നീ നീതി പുലർത്തൽ ധർമമാണ്. ഒരാൾ തന്റെ വാഹനത്തിലേറാനോ യാത്രോപകരണങ്ങൾ അതിനുമുകളിൽ കയറ്റിവെക്കാനോ നീ സഹായിക്കലും ഒരു ധർമമാണ്. നല്ല വാക്കു പറയുന്നതും ധർമമാണ്. നമസ്കാരത്തിന് നടന്നുപോകലും ധർമമാണ്. വഴിയിലുള്ള ശല്യം ദൂരീകരിക്കലും കൂടി ഒരു ധർമമാണ്.' (ബുഖാരി മുസ്‌ലിം)**

**ത്വാലിബെ ദുആ:**
**M.K. Abdul Azeez & Family, Ahmadiyya Jama-ath Mannarkad(Kerala)**

അപ്പോൾ, അല്ലാഹു സൃഷ്ടിജാലങ്ങളിൽനിന്ന് അതീതനും ഐശ്വര്യമുടയവനുമാണെങ്കിൽത്തന്നെയും നബിയുടെ ഇടതടവില്ലാത്ത ദുഃഖവും വേദനയും കഷ്ടപ്പാടും അസ്വസ്ഥതയും താഴ്മയും ഇല്ലായ്മയും സത്യസന്ധതയും പരിശുദ്ധിയും കണ്ടിട്ട് സൃഷ്ടികളിലെ സന്നദ്ധഹൃദയങ്ങളിൽ അടയാളങ്ങളോടുകൂടി തന്റെ മുഖം പ്രകടമാക്കുന്നു. ദൈവിക സന്നിധിയിൽ കോളിളക്കം സൃഷ്ടിക്കുന്ന അദ്ദേഹത്തിന്റെ അത്യുജ്ജലമായ പ്രാർഥനയുടെ ഫലമായി അല്ലാഹുവിന്റെ ദൃഷ്ടാന്തങ്ങൾ ഭൂമിയിൽ മഴപോലെ വർഷിക്കുന്നു. മനുഷ്യശക്തിക്കതീതമായ അടയാളങ്ങൾ ജനങ്ങൾക്ക് കാണിച്ചുകൊടുക്കുന്നു. അതിലൂടെ ദൈവത്തിന്റെ മുഖം പ്രകടമാവുകയും ദൈവം ഉണ്ടെന്ന് ലോകം കാണുകയും ചെയ്യുന്നു. എന്നാൽ, പരിശുദ്ധനായ നബി കരഞ്ഞുകരഞ്ഞ് ഉള്ളുരുകി പ്രാർഥിക്കാതെ, അല്ലാഹുവിലേക്ക് ശ്രദ്ധചെലുത്താതെ, ദൈവമുഖത്തിന്റെ തിളക്കം ലോകത്ത് പ്രകടമാക്കുന്നതിന് തങ്ങളടേതായ ത്യാഗം ചെയ്യാതെ, ഓരോ ചുവടുവയ്പിലും നൂറുക്കണക്കിന് മരണം സ്വീകരിക്കാൻ തയ്യാറാവാതെ ഇരിക്കുകയാണെങ്കിൽ ദൈവത്തിന്റെ മുഖം ഒരിക്കലും ലോകത്ത് പ്രകടമാകുകയില്ല. എന്തുകൊണ്ടെന്നാൽ ദൈവം സ്വയം പര്യാപ്തനാണ്. ഒരുവന്റേയും ആശ്രയം അവന് ആവശ്യമില്ല. അവൻ പറയുന്നു. നിശ്ചയമായും അല്ലാഹു ലോകത്തിൽ ആരുടേയും ഒരുവിധ ആശ്രയവും ആവശ്യമില്ലാത്തവനാണ്(3:98). നമ്മുടെ മാർഗത്തിൽ ആരാണോ കഠിന പ്രയത്നം ചെയ്യുന്നത്. നമുക്കുവേണ്ടിയുള്ള അന്വേഷണത്തിൽ അധ്വാനത്തെ അതിന്റെ പരമമായ അവസ്ഥവരെ എത്തിക്കുന്നത് നാം അവർക്കുവേണ്ടി നമ്മുടെ മാർഗം കാണിച്ചുകൊടുക്കുകയെന്നത് നമ്മുടെ പ്രകൃതിനിയമമാണ്(29:70). നബിമാരാണ് ദൈവവഴിയിൽ ഒന്നാമതായി ത്യാഗം അർപിക്കുന്നവർ. ഓരോരുത്തരും തങ്ങൾക്കുവേണ്ടി അധ്വാനിക്കുമ്പോൾ അവർ മറ്റുള്ളവർക്കുവേണ്ടി പ്രയത്നിക്കുന്നു. ജനങ്ങൾ ഉറങ്ങുന്നു. ആ ഉറങ്ങുന്നവർക്കുവേണ്ടി അവർ ഉണരുന്നു. ജനങ്ങൾ പൊട്ടിച്ചിരിക്കുന്നു. ആ ചിരിക്കുന്നവർക്കുവേണ്ടി അവർ കരഞ്ഞുകരഞ്ഞു കാലം കഴിക്കുന്നു. ലോകത്തിന്റെ വിമോചനത്തിനായി ഓരോ നാ ശവും സന്തോഷത്തോടെ അവർ ഏറ്റുന്നു. ദൈവം ദിവ്യശക്തിയിലൂടെ തന്റെ സാന്നിധ്യം ജനങ്ങളുടെമേൽ സ്ഥാപിക്കുന്നതിനും സന്നദ്ധഹൃദയങ്ങളിൽ അവന്റെ അസ്തിത്വവും ഏകത്വവും വെളിപ്പെട്ട് അവ മോക്ഷപ്രാപ്തമായിത്തീരുന്നതിനും വേണ്ടിയാണ് അവർ ഇതെല്ലാം ചെയ്യുന്നത്. തങ്ങളെ ജന്മശത്രുവായി കരുതുന്നവരോടുള്ള സഹതാപത്തിൽ അവർ മരിച്ചു ജീവിക്കുന്നു. അവരുടെ വേദന അതിന്റെ പരമകാഷ്ഠയിലെത്തുമ്പോഴുള്ള നെടുവീർപ്പുകളാൽ (അത് സൃഷ്ടികളുടെ മോചനത്തിനുവേണ്ടിയുള്ളതാണ്) ദൈവികസന്നിധി നിറഞ്ഞു കവിയുന്നു. അപ്പോൾ അല്ലാഹു തന്റെ മുഖത്തിന്റെ തിളക്കം കാണിക്കുകയും ശക്തിമത്തായ ദൃഷ്ടാന്തങ്ങളോടുകൂടി അവന്റെ അസ്തിത്വവും ഏകത്വവും ജനങ്ങളിൽ പ്രകടമാക്കുകയും ചെയ്യുന്നു. ഏക ദൈവവിശ്വാസത്തിന്റേയും ദൈവസാമീപ്യത്തിന്റേയും അനുഭവസമ്പത്ത് ദൈവദൂതന്റെ കോന്തലയിൽനിന്നു തന്നെയാണ് ലോകത്തിന് കിട്ടുന്നതെന്ന കാര്യത്തിൽ ഒരു സംശയവുമില്ല. ഇവരെക്കൂടാതെ ഒരിക്കലുമത് ലഭ്യവുമല്ല. ഇക്കാര്യത്തിൽ അത്യുന്നതമായ മാതൃക കാണിച്ചത് നമ്മുടെ നബിസ്വല്ലല്ലാഹു അലയ്ഹിവസല്ലമയാണ്. മാലിന്യങ്ങളുടെ കുമ്പാരത്തിനുമേൽ ചമ്രംപടിഞ്ഞിരുന്ന ഒരു ജനതയെ എടുത്ത് മനോഹരമായ പൂന്തോട്ടത്തിൽ അവിടന്നെത്തിച്ചു. ആത്മീയമായ വിശപ്പും ദാഹവുംകൊണ്ട് മരിച്ചു തുടങ്ങിയവരുടെ മുമ്പിൽ ഉന്നതക്കിടയിലുള്ള ആത്മീയ ഭക്ഷണങ്ങളും പാനീയങ്ങളും വെച്ചുകൊടുത്തു. മൃഗീയാവസ്ഥയിൽനിന്ന് അവരെ മനുഷ്യരാക്കിതീർത്തു. എന്നിട്ട് സാധാരണ മനുഷ്യനിൽനിന്ന് സഞ്ചിത സംസ്കാരസമ്പന്നായ മനുഷ്യനാക്കിമാറ്റി. പിന്നീട് സംസ്കാരസമ്പന്നനായ മനുഷ്യനിൽ നിന്ന് സമ്പൂർണമനുഷ്യനാക്കി എടുക്കുകയും ചെയ്തു. ദൈവത്തെ കാണത്തക്കവിധം അവർക്കുവേണ്ടി അടയാളങ്ങൾ കാണിച്ചു. മലക്കുകൾക്ക് കൈകൊടുക്കാൻ അർഹരാക്കിത്തീർക്കും വിധം അവരിൽ വിപ്ലവമുണ്ടാക്കി. ഈ സ്വാധീനം മറ്റൊരു നബിയിൽനിന്നും തങ്ങളുടെ ജനതയിൽ പ്രകടമായിട്ടില്ല. എന്തുകൊണ്ടെന്നാൽ അവരുടെ സഹവാസം ഇതിന് അപര്യാപ്തമായിരുന്നു. ഞാൻ എപ്പോഴും അത്ഭുത ദൃഷ്ടികളോടെയാണ് നോക്കിക്കാണുന്നത്, മുഹമ്മദ് എന്ന് പേരുള്ള ഈ അറബി പ്രവാചകൻ (ആയിരമായിരം സ്വലാത്തും സലാമും അവിടത്തെമേൽ വർഷിക്കുമാറാകട്ടെ) എത്രമേൽ ഉൽകൃഷ്ട പദവിയാർന്ന നബിയാണ്! അവിടത്തെ ഔന്നിത്യത്തിന്റെ അറ്റം കണ്ടെത്തുക അസാധ്യംതന്നെ! അവിടത്തെ ദിവ്യശക്തി പ്രഭാവം കണക്കാക്കുക മനുഷ്യന്റെ കഴിവിൽപ്പെട്ടതല്ല.

അഹോ കഷ്ടം! അവിടത്തെ യഥാർഥപദവി അതർഹിക്കുംവിധം അംഗീകരിക്കപ്പെടുമാറായില്ല. ലോകത്തുനിന്നു തികച്ചും അപ്രത്യക്ഷമായിക്കഴിഞ്ഞിരുന്ന ആ തൗഹീദ് അഥവാ ഏകദൈവ വിശ്വാസം വീണ്ടും ഈ ലോകത്ത് തിരിച്ചുകൊണ്ടുവന്ന വീരാത്മാവ് അവിടന്നത്രെ അവിടന്ന് ദൈവത്തോടു അങ്ങേയറ്റത്തെ സ്നേഹം പുലർത്തി. മനുഷ്യകുലത്തോടുള്ള സഹാനുഭൂതിയിൽ അദ്ദേഹം ആത്മാർപണം ചെയ്തു. മുൻഗാമികളും പിൻഗാമികളുമായ സകല പ്രവാചകമാരെക്കാളും ശ്രേഷ്ഠത്വം അല്ലാഹു അദ്ദേഹത്തിനു നല്കുകയും അദ്ദേഹത്തിന്റെ ആഗ്രഹങ്ങൾ അദ്ദേഹത്തിന്റെ ജീവിതത്തിൽ അദ്ദേഹത്തിനു സാധിപ്പിച്ചു കൊടുക്കുകയും ചെയ്തു. എല്ലാ ഉദാരതയുടേയും ഉത്ഭവസ്ഥാനം അദ്ദേഹം തന്നെയാണ്. അദ്ദേഹത്തിന്റെ ഉദാരത അംഗീകരിക്കാതെ ഏതെങ്കിലും മേന്മ ആരെങ്കിലും അവകാശപ്പെട്ടാൽ അവൻ മനുഷ്യനല്ല. മറിച്ച് ശയ്ത്വാന്റെ സന്തതിയാണ്. കാരണം സകല മേന്മയുടേയും താക്കോൽ അദ്ദേഹത്തിന് നല്കപ്പെട്ടിരിക്കുന്നു. ദിവ്യജ്ഞാനത്തിന്റെ എല്ലാ ഖജനാവുകളും അദ്ദേഹത്തിന് ദാനം ചെയ്യപ്പെട്ടിരിക്കുന്നു. അദ്ദേഹം മുഖേന അത് പ്രാപിച്ചിട്ടില്ലാത്തവൻ എന്നെന്നും അവഗണിക്കപ്പെട്ടവനായിരിക്കും. നാം എന്തു വസ്തുവാണ്? എന്തർഥമാണ് നമുക്കുള്ളത്? ഈ നബി മുഖേനയാണ് യഥാർഥമായ തൗഹീദ് നാം പ്രാപിച്ചതെന്നും, ജീവനുള്ള ദൈവത്തെ നമുക്ക് തിരിച്ചറിയാൻ കഴിഞ്ഞത് പരിപൂർണനായ ഇതേ നബി മുഖേനയാണെന്നും ദൈവത്തിന്റെ ഭാഷണങ്ങൾ ശ്രവിച്ച് അവന്റെ മുഖം കാണാൻ ഭാഗ്യമുണ്ടായത് മഹാനായ ഇതേ നബി മുഖേനയാണെന്നും സമ്മതിക്കുന്നില്ലെങ്കിൽ നാം നന്ദികെട്ടവനായിത്തീരും. ഈ സന്മാർഗസൂര്യന്റെ കിരണങ്ങൾ വെയിലെന്നപോലെ നമ്മളിൽ പതിക്കുന്നു. അതിനുനേരെ നിൽക്കുന്നിടത്തോളം നമുക്ക് പ്രദീപ്തരായിരിക്കാൻ കഴിയും.

നബി(സ)തിരുമേനിയിൽ വിശ്വസിക്കാത്ത ഒരാൾ അല്ലെങ്കിൽ ഇസ്ലാംമതത്തിൽനിന്ന് പുറത്തുപോയ ഒരാൾ ഏകദൈവ വിശ്വാസത്തിൽ നിലകൊള്ളുകയും ദൈവത്തെ ഏകനും പങ്കുകാരനില്ലാത്തവനുമായി കരുതുന്നതുകൊണ്ട് മോക്ഷം പ്രാപിക്കുമെന്നും നിഷേധിക്കുന്നത് കൊണ്ടോ ഇസ്ലാമിനെ ഉപേക്ഷിച്ചതിനാലോ ഒരു കുഴപ്പവും സംഭവിക്കാനില്ലെന്ന ധാരണയിൽ ശാഠ്യം പിടിച്ചു നിൽക്കുകയും ചെയ്യുന്നവൻ– അബ്ദുൽ ഹക്കീം ഖാന്റെ മതം പോലെ– സാക്ഷാൽ തൗഹീദിന്റെ യാഥാർഥ്യം അറിയാത്തവനാണ്. ഈ രീതിയിൽ ശയ്ത്വാനും അല്ലഹുവിനെ ഏകനും പങ്കുകാരനില്ലാത്തവനുമാണെന്ന് വിശ്വസിക്കുന്നുണ്ടെന്ന് പലപ്രാവശ്യം നാം എഴുതിയിട്ടുള്ളതാണ്. എന്നാൽ, ദൈവത്തെ ഏകനെന്ന് കരുതിയതുകൊണ്ടുമാത്രം മോക്ഷം പ്രാപിക്കാൻ സാധ്യമല്ല. മോക്ഷം രണ്ട് കാര്യത്തിൽ നിക്ഷിപ്തമാണ്. ഒന്ന്, പരിപൂർണ ദൃഢതയോടെ അല്ലാഹുവിന്റെ അസ്തിത്വത്തിലും അവന്റെ ഏകത്വത്തിലും വിശ്വസിക്കുക. രണ്ട് പ്രതാപവാനായ അല്ലാഹുവിനോടുള്ള സ്നേഹം അവന്റെ മനസ്സിൽ തറച്ചിട്ടുണ്ടായിരിക്കുക. അതായത് ആ സ്നേഹത്തിന്റേയും ആധിപത്യത്തിന്റേയും ആധിക്യത്തിന്റേയും ഫലമായി അല്ലാഹുവിനോടുള്ള അനുസരണം ശരിയായ നിലയിൽ അവന്റെ മനസ്സിന് സന്തോഷപ്രദമായിത്തീരുകയും അതുകൂടാതെ അവന്ന് ജീവിക്കാനൊക്കാത്ത ഒരു നില കൈവരുകയും അവനോടുള്ള സ്നേഹത്തിനു മുമ്പിൽ മറ്റെല്ലാ സ്നേഹവും നിഷ്പ്രഭമായിത്തീരുകയും ചെയ്യുന്നരീതിയിലുള്ള സമ്പൂർണസ്നേഹം; ഇതാണ് യഥാർഥ തൗഹീദ്. ഇത് നമ്മുടെ മാതൃകാപുരുഷനും യജമാനരുമായ ഹദ്റത്ത് മുഹമ്മദ് സ്വല്ലല്ലാഹു അലയ്ഹിവ സല്ലമയെ പിന്തുടരാതെ ഒരിക്കലും ലഭിക്കുകയില്ല. എന്തുകൊണ്ട് ലഭിക്കുകയില്ല? കാരണം അല്ലാഹുവിന്റെ അസ്തിത്വം അദൃശ്യത്തിൽ അദൃശ്യവും പിന്നിന്റെ പിന്നിലുള്ളതും അങ്ങേയറ്റം മറഞ്ഞിരിക്കുന്നതുമാണ്. ഇതിനെ സ്വശക്തികൊണ്ട് മനുഷ്യബുദ്ധിയ്ക്കന്വേഷിച്ച് കണ്ടെത്താൻ കഴിയില്ല. ബുദ്ധിപരമായ ഒരു തെളിവും അവന്റെ അസ്തിത്വത്തിന് അഖണ്ഡിതമായ തെളിവാകുക സാധ്യവുമല്ല. എന്തുകൊണ്ടെന്നാൽ ബുദ്ധിയുടെ ഓട്ടവും അധ്വാനവും ഈ പ്രപഞ്ചത്തിലെ ശില്പങ്ങൾ കണ്ട് ശില്പിയുടെ ആവശ്യകത മനസ്സി

## ഹദീഥുന്നബ്‌വി (സ):

*നബി(സ)തിരുമേനി പറഞ്ഞു:'ഒരു കാരക്കയുടെ കീറ് ധർമം ചെയ്തുകൊണ്ടെങ്കിലും നരകത്തെ നിങ്ങൾ സൂക്ഷിക്കുക.' (ബുഖാരി, മുസ്‌ലിം)*

ത്വാലിബെ ദുആ
M.P.Haneef Ahmad
Ahmadiyya Jama-ath Koodali, Kerala.

## ഹദീഥുന്നബ്‌വി (സ):

**നബി(സ)തിരുമേനി പറഞ്ഞു:മുസ്‌ലിമീങ്ങളെ ശല്യപ്പെടുത്തിയിരുന്ന വഴിവക്കിലെ ഒരു വൃക്ഷം മുറിച്ചു നീക്കിയതിന്റെ പേരിൽ സ്വർഗത്തിൽ സഞ്ചരിക്കാൻ കഴിഞ്ഞ ഒരാളെ ഞാൻ കാണാനിടയായി.' (മുസ്‌ലിം)**

ത്വാലിബെ ദുആ:
Members of lajna Imayillah,
Ahmadiyya jama'ath Calicut (Kerala)

ലാക്കാൻവരെ മാത്രമേ ഉപകരിക്കുകയുള്ളൂ. എന്നാൽ, ആവശ്യകത ബോധ്യപ്പെടുക എന്നത് മറ്റൊരു കാര്യമാണ്. ദൈവത്തിന്റെ ആവശ്യകത അംഗീകരിച്ച് അനുമാനജ്ഞാനത്തിന്റെ നിലപ്രാപിക്കുകയെന്നതും ആ ദൈവം ഉണ്ട് എന്ന അനുഭവജ്ഞാനത്തിന്റെ നിലയിലെത്തുന്നതും രണ്ടും രണ്ടാണ്. ബുദ്ധിയുടെ വഴി അപര്യാപ്തവും അപൂർണവും സംശയമുളവാക്കുന്നതുമാണ്. അതുകൊണ്ടുതന്നെ ഒരു തത്ത്വചിന്തകനും ബുദ്ധിമാത്രം പ്രയോഗിച്ച് ദൈവത്തെ കണ്ടെത്താൻ സാധിക്കുകയില്ല. എന്നുമാത്രമല്ല, ബുദ്ധി കൊണ്ട് ദൈവത്തെ അറിയാൻ ആഗ്രഹിക്കുന്ന അത്തരക്കാരിലധികവും അവസാനം നിരീശ്വരവാദികളായിത്തീരുകയും ചെയ്യുന്നു. ഭൂമിയിലും ആകാശങ്ങളിലുമുള്ള വസ്തുക്കളുടെ ചിന്ത അവർക്ക് പ്രയോജനമൊട്ടും ചെയ്യുന്നില്ല. അവർ ദൈവത്തിന്റെ പരിപൂർണരായ മനുഷ്യരെ പരിഹസിക്കാനും നിന്ദിക്കാനും തുടങ്ങുന്നു. അവരെന്താണ് ഇതിന് തെളിവായി പറയുന്നത്? നമുക്ക് പ്രയോജനമൊന്നും ചെയ്യാത്ത ആയിരക്കണക്കിന് വസ്തുക്കൾ ലോകത്തുണ്ട്. ഇവയിൽ നമ്മുടെ ബുദ്ധിപരമായ അന്വേഷണംകൊണ്ട് ഒരു സ്രഷ്ടാവിന്റെ വിവരം നൽകുന്നരീതിയിലുള്ള വസ്തുക്കളൊന്നും സ്ഥാപിതമായിട്ടില്ല. എന്നുമാത്രമല്ല, ആ വസ്തുക്കളുടെ നിലനിൽപ്പുതന്നെ കേവലം നിരർഥകവും അയഥാർഥവുമായ നിലയിലാണ് നമ്മൾ കാണുന്നത്. അഹോ കഷ്ടം! ഒരു വസ്തുവിനെക്കുറിച്ചുള്ള അറിവിന്റെ അഭാവം ആ വസ്തു ഇല്ലെന്നതിലേക്ക് തെളിവല്ലെന്ന് അജ്ഞരായ ഇവർ അറിയുന്നില്ല. തങ്ങളെ ഒന്നാം നമ്പർ ബുദ്ധിമാന്മാരും തത്ത്വചിന്തകരുമായി മനസ്സിലാക്കുന്നവരും ദൈവാസ്തികൃത്തെ കഠിനമായി നിഷേധിക്കുന്നവരുമായ ഇത്തരമാളുകൾ ഇക്കാലത്ത് ലക്ഷക്കണക്കിനുണ്ട്! ബുദ്ധിപരമായുള്ള എന്തെങ്കിലും ശക്തമായ തെളിവ് അവർക്ക് കിട്ടിയിരുന്നെങ്കിൽ അവർ ദൈവാസ്തികൃത്തെ നിഷേധിക്കുമായിരുന്നില്ലെന്ന് വ്യക്തമാണ്. പ്രതാപവാനായ ദൈവത്തിന്റെ ആസ്തിക്യം സ്ഥാപിക്കുന്ന സംശയരഹിതമായ എന്തെങ്കിലും ബുദ്ധിപരമായ തെളിവ് അവരെ കുറ്റവാളികളാക്കിയിരുന്നെങ്കിൽ, അവർ കടുത്ത ലജ്ജ ഇല്ലായ്മയോടും മുരത്ത പരിഹാസത്തോടും നിറഞ്ഞ നിന്ദ്യതയോടുംകൂടി ദൈവാസ്തികൃത്തെ നിഷേധിക്കുന്നവരാകുമായിരുന്നില്ല. തത്ത്വചിന്തകരുടെ വഞ്ചിയിലിരുന്ന് സംശയങ്ങളുടെ കൊടുങ്കാറ്റിൽനിന്ന് രക്ഷപെടാൻ ആർക്കും സാധ്യമല്ല. എന്നുമാത്രമല്ല മുങ്ങിപ്പോവുകയും ചെയ്യും. ഒരിക്കലുമൊരിക്കലും പവിത്രമായ ഏകദൈവവിശ്വാസത്തിന്റെ ശർബത്ത് അവർക്ക് കിട്ടുകയില്ല. നബി(സ)തിരുമേനിയുടെ ഇടനിലകൂടാതെ തൗഹീദ് ലഭ്യമാകുന്നതാണെന്നും അതുകൊണ്ട് മനുഷ്യന് മോക്ഷം പ്രാപിക്കാവുന്നതാണെന്നുമുള്ള ധാരണ എത്രമാത്രം നിരർഥവും ദുർഗന്ധം വമിക്കുന്നതുമാണെന്ന് ചിന്തിച്ചുനോക്കുക. വിവരമില്ലാത്തവരേ! ദൈവാസ്തികൃത്തിൽ പരിപൂർണ വിശ്വാസമില്ലാതെ അവന്റെ തൗഹീദിൽ എങ്ങനെയാണ് വിശ്വാസമുണ്ടാകുന്നത്. യഥാർഥ തൗഹീദ് നബി മുഖേന മാത്രമേ ലഭ്യമാകുകയുള്ളുവെന്ന് ഉറച്ച് മനസ്സിലാക്കുക. ഏതുപോലെയെന്നാൽ, നമ്മുടെ നബി(സ) അറേബ്യയിലെ നിരീശ്വരവാദികളേയും വികലമായ മതങ്ങളേയും ആയിരക്കണക്കിന് ദൈവിക അടയാളങ്ങൾ കാണിച്ച് അല്ലാഹുവിന്റെ ആസ്തിക്യം ബോധ്യപ്പെടുത്തുകയുണ്ടായി. നബി(സ)തിരുമേനിയെ സത്യമായ നിലയിലും പരിപൂർണമായ രീതിയിലും അനുധാവനം ചെയ്യുന്നവർ ഇപ്പോഴും ആ അടയാളങ്ങൾ നിരീശ്വരവാദികളുടെ മുമ്പിൽ സമർപ്പിക്കുന്നു. ജീവൽ ദൈവത്തിന്റെ ജീവസുറ്റ ശക്തി മനുഷ്യൻ കാണാത്തിടത്തോളം ശയ്ത്വാൻ അവന്റെ മനസ്സിൽനിന്ന് പുറത്തുപോവുകയോ യഥാർഥ തൗഹീദ് അവന്റെ ഉള്ളിൽ കടക്കുകയോ ദൃഢമായ നിലയിൽ ദൈവത്തിന്റെ ആസ്തിക്യം ബോധ്യപ്പെടുകയോ ഇല്ലെന്നുള്ളതാണ് വസ്തുത. ഈ പരിശുദ്ധവും പരിപൂർണവുമായ തൗഹീദ് നബി(സ)തിരുമേനി മുഖേന മാത്രമാണ് ലഭിക്കുന്നത്.

നബി മുഖേന വെളിപ്പെടുന്ന ആ ശക്തിമത്തായ ദൃഷ്ടാന്തം ദൈവാസ്തികൃവും ഏകത്വവും സ്ഥാപിക്കുന്നതോടൊപ്പം അവന്റെ സൗന്ദര്യപരമായ സവിശേഷഗുണത്തേയും പ്രതാപപരമായ സവിശേഷഗുണത്തേയും സമ്പൂർണമായ നിലയിൽ സ്ഥാപിച്ചുകൊണ്ട് അതിന്റെ മഹത്ത്വവും സ്നേഹവും ജനമനസ്സുകളിൽ നിലനിറുത്തുകയും ചെയ്യുന്നു. ശക്തിമത്തും അജയ്യവുമായ പ്രവചനങ്ങൾ വേരുകളായുള്ള അടയാളങ്ങളാൽ, ദൈവാസ്തികൃത്തിലും ഏകത്വത്തിലും അവന്റെ സൗന്ദ്യര്യപരവും പ്രതാപപരവുമായ സവിശേഷഗുണത്തിലും ദൃഢവിശ്വാസമുണ്ടാക്കുന്നതിന്റെ ഫലമായി മനുഷ്യൻ ദൈവത്തെ അവന്റെ അസ്തിത്വത്തിലും ഗുണങ്ങളിലും ഏകനും പങ്കുകാരനില്ലാത്തവനുമാണെന്ന് അറിയുന്നു. ദൈവത്തിന്റെ വിശേഷഗുണങ്ങളും ആത്മീയ അഴകും അതിരറ്റ സൗന്ദര്യവും കണ്ട് അവനോടുള്ള സ്നേഹത്തിൽ മനുഷ്യൻതന്നെ നഷ്ടപ്പെടുത്തുന്നു. പിന്നീട് അവന്റെ മഹത്ത്വത്തിന്റെയും പ്രതാപത്തിന്റെയും സ്വാശ്രയത്തിന്റെയുംമേൽ ദൃഷ്ടിപായിച്ച് അവനെ ഭയപ്പെട്ടുകൊണ്ടിരിക്കുന്നു. ഈ നിലയിൽ ഓരോ ദിവസവും അവൻ ദൈവത്തിലേക്ക് വലിക്കപ്പെടുന്നു. എത്രത്തോളമെന്നാൽ താണബന്ധങ്ങളെല്ലാം വിച്ഛേദിച്ച് റൂഹ് അഥവാ ആത്മാവ് മാത്രം അവശേഷിക്കുന്നു. അവന്റെ ഉൾക്കളം മുഴുവൻ ദൈവസ്നേഹം കൊണ്ട് നിറയുന്നു. ദൈവത്തിന്റെ അസ്തിത്വം നേരിൽ ദർശിച്ചതിനാൽ അവന്റെ അസ്തിത്വത്തിന് ഒരു മരണം സംഭവിക്കുന്നു. ആ മരണത്തിനുശേഷം ഒരു പുതുജീവിതം(ഹയാത്തെ ഥാനീ) അവൻ പ്രാപിക്കുന്നു. ആ ഫനായുടെ അഥവാ വിലയനത്തിന്റെ അവസ്ഥയിലാകുമ്പോഴാണ് അവന് തൗഹീദ് ലഭ്യമായി എന്ന് പറയപ്പെടുന്നത്. ഞാനെഴുതിയതുപോലെ മോക്ഷത്തിന്റെ ഉത്ഭവസ്ഥാനമായ ആ പരിപൂർണ തൗഹീദ് പരിപൂർണനായ നബിയെ പിൻപറ്റാതെ കരസ്ഥമാകുകയില്ല. ഇപ്പറഞ്ഞതിൽനിന്ന് ദൈവദൂതനെ വിശ്വസിക്കൽ മൂലകാരണത്തെ വിശ്വസിക്കുന്നതുപോലെ തന്നെയാണെന്ന് മനസ്സിലാകുന്നു. അതിന്റെ പരസ്പരബന്ധം ഒന്നിനെ മറ്റൊന്നിൽനിന്ന് വേർപ്പെടുത്താൻ സാധിക്കാത്തനിലയിലാണ്. ദൈവദൂതനെ അനുധാവനം ചെയ്യാതെ, തൗഹീദിന്റെ വാദം ഉന്നയിക്കുന്നവന്റെ കൈയിൽ ഉണങ്ങിയ എല്ലിൻ കഷണമാണുള്ളത്; അതിൽ മജ്ജയില്ല. അവന്റെ കൈയിൽ വിളക്കുണ്ട്; അതിൽ വെളിച്ചമില്ല. ദൈവത്തെ ഏകനും പങ്കുകാരനില്ലാത്തവനുമാണെന്ന് വിശ്വസിക്കുകയും നബി(സ)തിരുമേനിയെ വിശ്വസിക്കാതിരിക്കുകയും ചെയ്യുന്നവർ മോക്ഷം പ്രാപിക്കുമെന്ന് പറയുന്ന ആൾ നിശ്ചയമായും മനസ്സിലാക്കട്ടെ– അവന്റെ ഹൃദയം കുഷ്ഠം പിടിപ്പെട്ടതാണ്. അവൻ അന്ധനാണ്. തൗഹീദ് എന്തു വസ്തുവാണെന്നതിനെ സംബന്ധിച്ച് അവനു ഒരു വിവരവുമില്ല. അങ്ങനെയുള്ള തൗഹീദ് അംഗീകരിക്കുന്ന കാര്യത്തിൽ പാപിയും അനുസരണം കെട്ടവനാണെങ്കിൽപ്പോലും ശയ്ത്വാൻ ദൈവമുണ്ടെന്നകാര്യം അംഗീകരിക്കുന്നു. എന്നാൽ ഇത്തരക്കാരൻ ദൈവത്തെയും അംഗീകരിക്കുന്നില്ല. (ഹഖീഖത്തുൽ വഹ്യ് പേ: 111–122).

---

✵ ലോകം അവസാനക്കാൻ പോകുകയാണ്. എന്നാൽ, ആ സമ്പൂർണനായ നബിയുടെ അത്യുദാരതയുടെ കിരണങ്ങൾ ഇന്നു വരെ അവസാനിച്ചിട്ടല്ലായെന്നത് അത്ഭുതകരമായൊരു കാര്യമാണ്. അല്ലാഹുവിന്റെ കലാമായ വിശുദ്ധ ഖുർആന് വിരുദ്ധമാകുമായിരുന്നില്ലെങ്കിൽ ഇന്നും ആകാശത്ത് സ്ഥൂലശരീരത്തോടെ ജീവിച്ചിരിക്കുന്ന ഒരേയൊരു നബി ഈ നബി മാത്രമാണെന്ന് നമുക്ക് പറയാൻ സാധിക്കുമായിരുന്നു. എന്തുകൊണ്ടെന്നാൽ അദ്ദേഹം ജീവിച്ചിരിക്കുന്നതിന്റെ വ്യക്തമായ ലക്ഷണങ്ങൾ നാം കാണുന്നു. അദ്ദേഹത്തിന്റെ മതം ജീവസുറ്റതാണ്. അദ്ദേഹത്തെ പിന്തുടരുന്നവൻ ജീവനുള്ളവനായിത്തീരുന്നു. അദ്ദേഹം മുഖേന ജീവനുള്ള ദൈവത്തെ കിട്ടുന്നു. അല്ലാഹു അദ്ദേഹത്തേയും അദ്ദേഹത്തിന്റെ മതത്തേയും അദ്ദേഹത്തെ സ്നേഹിക്കുന്നവരേയും സ്നേഹിക്കുന്നതായി നാം കണ്ടു. ഓർമിച്ചുകൊള്ളുക, യഥാർഥത്തിൽ അദ്ദേഹം ഇന്നും ജീവിക്കുന്നു. ദൈവികസന്നിധിയിൽ എല്ലാവരെക്കാളും ഉന്നതമാണ് അദ്ദേഹത്തിന്റെ സ്ഥാനം. എന്നാൽ, മരിച്ചുപോകുന്ന ഈ ജഢികശരീരത്തോടെയല്ല; മറിച്ച് അനശ്വരമായ മറ്റൊരു ശരീരത്തോടുകൂടി തന്റെ പ്രഭുത്വശാലിയായ ദൈവത്തിന്റെയടുക്കൽ ആകാശത്തിലാണ്.

ദൈവത്തിന്റെ അസ്തിത്വത്തിലും ഏകത്വത്തിലും ശയ്ത്വാന് വിശ്വാസമുണ്ടായിട്ടും ദൈവത്തിനോട് അനുസരണക്കേട് കാണിക്കുന്നതെന്തിനാണ്? എന്നാരെങ്കിലും ചോദിക്കുകയാണെങ്കിൽ അതിനുള്ള മറുപടി ഇതാണ്: അവന്റെ ധിക്കാരം മനുഷ്യന്റെ ധിക്കാരം പോലെയല്ല. മറിച്ച് അവൻ അതേ ശീലത്തിൽ മനുഷ്യന്റെ പരീക്ഷണത്തിനായി സൃഷ്ടിക്കപ്പെട്ടിട്ടുള്ളവനാണ്. ഇതൊരു രഹസ്യമായ കാര്യമാണ്. ഇതിന്റെ വിശദീകരണം മനുഷ്യന് നൽകപ്പെട്ടിട്ടില്ല. മനുഷ്യന്റെ പ്രത്യേകത അധികവും ഏറ്റവും ശ്രേഷ്ഠവുമായ നിലയിൽ ദൈവത്തെക്കുറിച്ച് സമ്പൂർണമായ അറിവ് സമ്പാദിച്ചുകൊണ്ട് സന്മാർഗം പ്രാപിക്കുകയെന്നതാണ്. അല്ലാഹു പറഞ്ഞതുപോലെ അല്ലാഹുവിന്റെ ദാസരിൽ ജ്ഞാനികൾ മാത്രമേ അവനെ ഭയപ്പെടുകയുള്ളൂ. അതേ ശയ്ത്വാന് വിധേയരായി കഴിയുന്നവർ ഈ നിയമത്തിന് പുറത്താണ്.

(അടുത്ത ലക്കം, 'നബിയെ പിൻപറ്റൽ അനിവാര്യം')

## ഹദീഥുന്നബ്‌വി (സ):

***നബി(സ)തിരുമേനി പറഞ്ഞു: അല്ലാഹു പറയുന്നു,'എന്റെ ദാസരേ! രാവും പകലും നിങ്ങൾ കുറ്റകൃത്യങ്ങൾ ചെയ്യുന്നു. ഞാനാണെങ്കിൽ എല്ലാ പാപങ്ങളും പൊറുത്തു കൊടുക്കുന്നു. നിങ്ങളെന്നോടു പാപമോചനം അർഥിക്കുക. ഞാൻ നിങ്ങൾക്കു പൊറുത്തുതരാം.'(മുസ്‌ലിം)***

**ത്വാലിബെ ദുആ:**
**Ahmadiyya Muslim Jama'at Palluruthy, Ernakulam dist:**

## ഹദീസുന്നബ്‌വി(സ)

**നബി(സ)തിരുമേനി പറഞ്ഞു: 'പുണ്യകർമങ്ങളിൽ ഒന്നിനേയും നീ നിസാരമാക്കിത്തള്ളരുത്;അത് നിന്റെ സഹോദരനുമായി മുഖപ്രസന്നതയോടെ കണ്ടുമുട്ടുക എന്നതാണെങ്കിലും.' (മുസ്‌ലിം)**

**ത്വാലിബെ ദുആ:**
**Abdul Hameed Koya Ameer Ahmadiyya Jama'ath Kannur Town, Kerala**

# സയ്യിദുനാ ഹദ്റത്ത് അമീറുൽ മുഅ്മിനീൻ അയ്യദഹുല്ലായുടെ അമേരിക്കൻ പര്യടനം

(തുടർച്ച...)

വിവർത്തനം: അമീൻ മുഹമ്മദ് മാത്ര

## 2018 നവംബർ 04, ഞായറാഴ്ച:

ഹുദൂർ അൻവർ അയ്യദഹുല്ലാഹ് പറഞ്ഞു: വർഷം മുഴുവൻ നാം എന്തുനേടി എന്ന് നോക്കിക്കൊണ്ടിരിക്കേണ്ടതാണ്. മുൻ മുഹ്തമിംമാരുടെ ന്യൂനതകളും കുറവുകളും അന്വേഷിക്കുന്നതിന്നു പകരം തന്റെ പ്രവർത്തനങ്ങളിൽ പുരോഗതി എങ്ങനെ കൈവരിക്കാം എന്നതിനെ കുറിച്ചാണ് നോക്കേണ്ടത്. ഞാൻ സ്വദ്ർ മജ്‌ലിസ് ഖുദ്ദാമുൽ അഹ്മദിയ്യാക്ക് വിശദമായ മാർഗനിർദേശങ്ങൾ നല്കിയിട്ടുണ്ട്. അതെല്ലാം അദ്ദേഹം നിങ്ങൾക്ക് എത്തിച്ചുതരുന്നതാണ്.

ഹുദൂർ അൻവർ അയ്യദഹുല്ലാഹ് പറഞ്ഞു: അതേപോലെതന്നെ മുൻ സ്വദ്ർ മജ്‌ലിസ് ഖുദ്ദാമുൽ അഹ്മദിയ്യാ ബിലാൽ റാണാ സാഹിബിനോടും നിങ്ങൾ നന്ദി പറയേണ്ടതുണ്ട്. അദ്ദേഹം കഴിഞ്ഞ ആറു വർഷങ്ങളിൽ തന്റെ കഴിവുകളനുസരിച്ച് അങ്ങേയറ്റം അധ്വാനിക്കുകയുണ്ടായി. ഇപ്രകാരംതന്നെ ഈ വർഷം ഖുദ്ദാമുൽ അഹ്മദിയ്യായോട് വിട പറയുന്ന എല്ലാ മുഹ്തമിമുമാർക്കും നാഇബ് സ്വദ്ർമാർക്കും നന്ദി പറയുക. അവർക്കുവേണ്ടി യാത്രയയപ്പ് പരിപാടി സ്ംഘടിപ്പിക്കാവുന്നതാണ്.

അതിനുശേഷം ഹുദൂർ ആവശ്യപ്പെട്ട പ്രകാരം മുഹ്തമിം മാൽ തങ്ങളുടെ ബഡ്ജറ്റ് 643397 ഡോളറാണെന്ന് പറഞ്ഞു.

**ഹുദൂർ:** '30 മുതൽ 40 വയസ്സുവരെയുള്ള പ്രായത്തിൽ പ്രവൃത്തിപരമായി ആളുകൾ മെച്ചപ്പെട്ട നിലയിലായിരിക്കും. കുറഞ്ഞത് അവരുടെ വരുമാനമെങ്കിലും വളരെ കൂടുതലായിരിക്കും. അതുകൊണ്ട് എല്ലാ ഖുദ്ദാമും അവരുടെ നിലയനുസരിച്ച് ചന്ദ നല്കുകയാണെങ്കിൽ നിങ്ങളുടെ ഈ ബഡ്ജറ്റ് ഇരട്ടിയാകുന്നതാണ്.'

മുഹ്തമിം മാൽ: 'ഖുദ്ദാം തങ്ങളുടെ വരുമാനം അനുസരിച്ച് ചന്ദ നല്കുകയാണെങ്കിൽ ഇരട്ടിയിലും അധികംവർധന വരുത്താൻ കഴിയുമെന്നു തന്നെയാണ് ഞങ്ങൾ വിചാരിക്കുന്നത്. ഒരു പക്ഷേ നമുക്ക് 2 മില്യൺവരെയെത്താൻ കഴിയും.'

**ഹുദൂർ:** 'നിങ്ങൾ 2 മില്യൺവരെയെന്ന് പറയുന്നു. ആയിക്കൊള്ളട്ടെ. നിങ്ങൾ ഈ വർഷത്തെ ടാർഗറ്റ് 1 മില്യൺ വെക്കുക. പക്ഷേ, തങ്ങൾ ടാക്സൊന്നുമല്ല കൊടുക്കുന്നതെന്നും സ്വന്തം നന്മക്ക് വേണ്ടിയാണ് ചന്ദ നല്കുന്നതെന്നുമുള്ള ബോധം ഖുദ്ദാമിൽ ഉണ്ടാക്കേണ്ടതാണ്.'

**ഹുദൂർ:** 'തർബിയ്യത്ത് സെക്രട്ടറി ഊർജസ്വലനാകുകയും അതുപോലെതന്നെ പ്രാദേശിക തലത്തിൽ തർബിയ്യത്ത് നാളിമുമാർ ഊർജസ്വലരാകുകയും ശരിയായ രൂപത്തിൽ ഖുദ്ദാമിന് തർബിയ്യത്ത് ചെയ്യുകയും അവരുടെ ഉത്തരവാദിത്വങ്ങളെ കുറിച്ച് അവരെ ഓർമപ്പെടുത്തുകയും ചെയ്യുകയാണെങ്കിൽ ഇത് സാധ്യമാകുന്നതാണ്. ഇപ്രകാരം അവർക്ക് 'മാൽ' പോലെയുള്ള ഇതര സെക്രട്ടറിമാരെ സഹായിക്കാനും സാധിക്കും. അല്ലാഹുവിലുള്ള വിശ്വാസത്തിനുശേഷം നമസ്കരിക്കാനുള്ള കല്പനയാണുള്ളത്. അതുകഴിഞ്ഞ് മൂന്നാമതായാണ് ത്യാഗം ചെയ്യാനുള്ള കല്പന വരുന്നത്. അല്ലാഹു നിങ്ങൾക്ക് എന്തെല്ലാം അനുഗ്രഹങ്ങൾ നല്കിയോ അവയിൽനിന്നു ത്യാഗം ചെയ്യുക.'

മുഹ്തമിം മാൽ: 'വരുമാനത്തിന്റെ ബഡ്ജറ്റ് ഉണ്ടാക്കുമ്പോൾ ബന്ധപ്പെടാൻ കഴിയാത്ത ഖുദ്ദാമിനെ സംബന്ധിച്ച് ഖാഇദുമാർ പൂജ്യം എന്നാണ് എഴുതുന്നത്. അവർ പറയുന്നത് ബന്ധപ്പെടാൻ സാധിക്കാത്തതുകൊണ്ട് ബഡ്ജറ്റ് നല്കുന്നില്ലെന്നാണ്. ബന്ധം പൊതുവെ കുറവുള്ള അത്തരം ഖുദ്ദാമിന് സീറോ എന്നെഴുതുന്നതിനു പകരം മിനിമം ഖുദ്ദാം ചന്ദയായ 60 ഡോളർ എന്നെഴുതിക്കൂടെ?'

**ഹുദൂർ:** 'അത്തരം ഖുദ്ദാമിനുവേണ്ടി ശ്രമിക്കേണ്ടത് നാളിം തർബിയ്യത്തുമാരുടെ ചുമതലയാണ്. നാളിം തർബിയ്യത്തുമാരുടെയുള്ളിൽ ഈ വികാരം ഉണ്ടാകുകയും ഇത്തരം ഖുദ്ദാമുമായി വ്യക്തിഗത ബന്ധം സ്ഥാപിക്കുകയുമാണെങ്കിൽ അവർ മസ്ജിദിൽ വരുന്നതായിരിക്കും. ഇത്തരം ഖുദ്ദാം മസ്ജിദിൽ വരികയും ജമാഅത്തീ പരിപാടികളിൽ പങ്കെടുത്ത് തുടങ്ങുകയും ചെയ്യുമ്പോൾ അവർക്ക് നാളിം മാലുമായി സ്വയമേവ ബന്ധമുണ്ടാകും. തന്റെ വരുമാനം അനുസരിച്ച് ചന്ദ നല്കാൻ കഴിയില്ലെന്നും ഇത്രമാത്രമേ നല്കാൻ കഴിയുള്ളൂവെന്നും പറയുകയാണെങ്കിൽ നിങ്ങൾ അതു വാങ്ങിക്കൊള്ളുക. അത്തരം ഖുദ്ദാമിനെ നിർബന്ധിക്കേണ്ട ആവശ്യമില്ല. തുടക്കത്തിൽ തരുന്നതെത്രയാണോ അതു വാങ്ങുക; അത് ഖുദ്ദാം ചന്ദയായാലും ശരി, തഹ്‌രീക്കെ ജദീദോ വഖ്ഫെ ജദീദോ ചന്ദയായാലും ശരി. ഈ ചന്ദകൾ നിർബന്ധ ചന്ദകളുടെ ഗണത്തിൽ വരുന്നില്ല. ഖുദ്ദാമുൽ അഹ്മദിയ്യാക്ക് ഒര ളവുവരെ ഇത്തരം ചന്ദകൾക്ക് ഇളവ് അനുവദിക്കാവുന്നതാണ്.'

ഹുദൂർ ആവശ്യപ്പെട്ടപ്രകാരം മുഹ്തമിം മാൽ പറയുന്നു: 'വരുമാനമുള്ളവർ എത്ര പേരാണ് എന്നത് വിവരിക്കുന്ന ഡാറ്റ ഈ സമയത്ത് ഞങ്ങളുടെ കൈയിലില്ല.'

**ഹുദൂർ:** 'പ്രാദേശിക തലത്തിൽ നാളിം തജ്നീദ് ഊർജസ്വലരാണെങ്കിൽ തങ്ങളുടെ മജ്‌ലിസുകളിൽ എത്ര ഖുദ്ദാം ഉണ്ടെന്ന് അവർക്ക് അറിയാൻ കഴിയും. അവരിൽ വരുമാനമുള്ളവരും വരുമാനിമില്ലാത്തവരും എത്ര പേരുണ്ടെന്നും അറിയാൻ സാധിക്കും. എന്നാൽ, ഇതിന്റെ അർഥം നിങ്ങൾക്ക് വ്യക്തമായും അറിയാൻ കഴിയും എന്നല്ല. എല്ലാ നാളിംമാലും അല്ലെങ്കിൽ ഖാഇദും വീടുവീടാന്തരം കയറിയിറങ്ങി ഖുദ്ദാമുമായി ബന്ധം ഉണ്ടാക്കേണ്ടതുണ്ട്. ഇവിടെ അമേരിക്കയിൽ ജമാഅത്തുകളുടെ എണ്ണം ലക്ഷക്കണക്കിനൊന്നുമില്ലല്ലോ. ഓരോ മജ്‌ലിസിലും നൂറിൽക്കൂടുതൽ ഖുദ്ദാമും ഉണ്ടാകുകയില്ല. റീജ്യണിൽ മൊത്തമായി 400 പേരാണെന്നാണ് പറഞ്ഞത്. ഇത്രയധികം എണ്ണമുള്ളതുകൊണ്ട് ബന്ധപ്പെടാൻ കഴിയുന്നില്ലെന്ന് പറഞ്ഞാൽ അത് അവാസ്തവമായ ഒഴികഴിവാണ്. എണ്ണം കുറവാണെങ്കിൽ എല്ലാ ഓരോരുത്തരുമായും ബന്ധമുണ്ടാക്കാൻ ബുദ്ധിമുട്ടുണ്ടാകില്ല. ബന്ധപ്പെട്ട നാളിമുമാരെ നിങ്ങൾക്ക് ഊർജസ്വലരാക്കേണ്ടി വരും. പ്രാദേശിക തലത്തിൽ നാളിമുമാർ ആക്ടീവാകുകയാണെങ്കിൽ സ്വയമേവ ഒരു വലിയ മാറ്റം കാണാൻ തുടങ്ങുന്നതാണ്.'

ഹുദൂർ ഖുദ്ദാമുൽ അഹ്മദിയ്യ സ്വദ്റിനോടു ചോദിച്ചു: 'റിപ്പോർട്ടിനുമേൽ വിശകലനം നടത്തി മുഹ്തമിമുമാർക്ക് അയച്ചു കൊടുക്കാറുണ്ടോ? മജ്‌ലിസിന്റെ തലവന് പ്രാദേശിക മജ്‌ലിസിലെ ഓരോ ഖാഇദുമായും വ്യക്തി ബന്ധം ഉണ്ടായിരിക്കണം. അതുകൊണ്ട് മാസന്തോറുമില്ലെങ്കിലും രണ്ടു മാസം കൂടുമ്പോഴെങ്കിലും റിപ്പോർട്ടുകളിൽ നിങ്ങളുടെ അവലോകനം അനിവാര്യമാണ്. ബന്ധപ്പെട്ട മുഹ്തമിമുമാർ എല്ലാ മാസവും സ്വന്തം വകുപ്പിന്റെ റിപ്പോർട്ട് വിലയിരുത്തി അയക്കേണ്ടതാണ്. ഇതുപോലെതന്നെ മുഅ്തമിദുമാർ ഖാഇദുമാരുടേയും റീജ്യണൽ ഖാഇദുമാരുടേയും റിപ്പോർട്ടിന്മേലുള്ള അവലോകനം മാസന്തോറും അയച്ചു തരേണ്ടതാണ്.

ഓഫീസിൽവരിക എന്നതും ഓഫീസിൽ ഇരുന്ന് ഖുദ്ദാമുമായി വ്യക്തി ബന്ധം ഉണ്ടാക്കുകയെന്നതും മുഅ്തമിദിന്റെ ചുമതലയാണ്. നിങ്ങളുടെയടുക്കൽ പ്രിന്റിംഗ് മെഷീൻ വേണ്ടതാണ്. എല്ലാ റിക്കാർഡുകളും പ്രിന്റ് രൂപത്തിൽ ഓഫീസിൽ സൂക്ഷിക്കേണ്ടതാണ്.'

മുഅ്തമിദ്:'ഞങ്ങളുടെ എല്ലാ റിപ്പോർട്ടും Google Drives ലാണുള്ളത്. അവിടെ നിന്നാണ് ഞങ്ങൾ അത് access ചെയ്യുന്നതും.'

**ഹുദൂർ:** 'ഇത്തരം കാര്യങ്ങളെ പൂർണമായും ആശ്രയിക്കരുത്. നിങ്ങളുടെയടുക്കൽ പ്രിന്റ് രൂപത്തിലുള്ള റെക്കോഡ് ഉണ്ടാവേണ്ടതാണ്. സ്വന്തം റെക്കോഡുകൾ നീണ്ട കാലത്തേക്ക് ഓൺലൈനിൽ സൂക്ഷിക്കാതിരിക്കുക. ഈ ഡാറ്റകൾ നിങ്ങൾ യൂ.എസ്.ബിയിലോ പ്രിന്റായോ എടുത്തതിനുശേഷം ഓൺലൈൻ ഡാറ്റ നീക്കിക്കളയുക. ചുരുങ്ങിയത് സാമ്പത്തിക വകുപ്പുമായി ബന്ധപ്പെട്ടിട്ടുള്ളവ തീർച്ചയായും നീക്കേണ്ടതാണ്. ഇതേപോലെതന്നെ ഖുദ്ദാമിന്റെ വ്യക്തിപരമായ വിവരങ്ങളുണ്ടെങ്കിൽ അതും നീക്കിക്കളയുക. അമേരിക്കയിൽ നിങ്ങൾ അധികമായി ഇലക്ട്രോണിക് ടെക്നോളജികളെ ആശ്രയിക്കുകയാണ് ചെയ്യുന്നത്.'

ഒരു ഖാദിം: 'കഴിഞ്ഞ 10 വർഷത്തെ ചന്ദകളുടെ ഡാറ്റകൾ ഓൺലൈനിൽ തന്നെയാണുള്ളത്. ഞങ്ങളുടെ സിസ്റ്റം ഓൺലൈൻ ഡാറ്റയെ അടിസ്ഥാനമാക്കിയൂള്ളതാണ്.'

**ഹുദൂർ:** 'സിസ്റ്റം നിശ്ചയമായും ഓൺലൈനിൽത്തന്നെ ആയിക്കൊള്ളട്ടെ. എന്നാൽ, പഴയ റെക്കോഡുകൾ ഓൺലൈനിൽ വെക്കേണ്ടതില്ല. അതിനെ എവിടെയെങ്കിലും സുരക്ഷിതമാക്കിവെക്കുക. ഈ ഡാറ്റ ഹാക്കാകുകയാണെങ്കിൽ (അല്ലാഹു അങ്ങനെ വരുത്താതിരിക്കട്ടെ) നിങ്ങളുടെ കൈയിൽ ഒന്നുമുണ്ടാകുകയില്ല.'

മുആവിൻ സ്വദ്ർ: 'ഈ സമയത്ത് നമ്മുടെ കൈയിൽ ഡേറ്റയെ ബാക്ക്അപ് ചെയ്യുന്നതിന്നുള്ള സൗകര്യമില്ല. ഞങ്ങളുടെ മാലിന്റെ സിസ്റ്റം വളരെ പഴയതാണ്. ഞങ്ങൾ അത് അപ്ഡേറ്റ് ചെയ്യാൻ ശ്രമിച്ചിരുന്നു. എന്നാൽ, സമയം കിട്ടിയില്ല.'

ഹുദൂർ ചോദിച്ചതനുസരിച്ച് ഒരു ഖാദിം പറഞ്ഞു: 'ജമാഅത്തിന്റെ സ്വന്തം സിസ്റ്റം നിലവിലുണ്ട്. ഓൺലൈനല്ല. എല്ലാ മാസവും ഡേറ്റകൾ ബാക്ക്അപ് ചെയ്യുന്നുണ്ട്.'

**ഹുദൂർ:** 'ജമാഅത്ത് സ്വന്തം ഡേറ്റകൾ ഇപ്രകാരം ബാക്ക്അപ് ചെയ്യുകയും സൂക്ഷിക്കുകയും ചെയ്യുമ്പോൾ, നിങ്ങളെന്തുകൊണ്ട് അത് ചെയ്യുന്നില്ല? മുമ്പേ AIMS ന്റെ എല്ലാ ഡാറ്റകളും

മർക്കസിൽ അയക്കാറുണ്ടായിരുന്നു. എന്നാലിപ്പോൾ എല്ലാ ഡാറ്റകളും അയക്കാറില്ല. ബഡ്ജറ്റ്, വരവ് ചെലവുകൾ തുടങ്ങി എല്ലാ റെക്കോഡുകളും അയക്കാറുണ്ടായിരുന്നു. ഇപ്രകാരം മർക്കസിലും ഇത് സൂക്ഷിക്കപ്പെടുന്നുണ്ട്. എന്നാൽ, ആളുകളുടെ വ്യക്തിഗത വിവരങ്ങൾ ഇവിടെത്തന്നെയാണ് സൂക്ഷിക്കേണ്ടത്.'

ശേഷം ഹുദൂർ മുഹ്തമിം മാലിനോട് പറഞ്ഞു: 'ഈ വർഷം നിങ്ങൾ 35 ശതമാനത്തിന്റെ വർധന വരുത്തുകയാണെങ്കിൽ ഒരു മില്യണിന്റെ നിങ്ങളുടെ ടാർഗറ്റ് പൂർത്തിയാകുന്നതാണ്. കൂടുതൽ സമ്പന്നരല്ലാത്തവർക്കും സ്വന്തം വരുമാനത്തിനനുസരിച്ച് ചന്ദ കൊടുക്കാൻ സാധിക്കില്ലെന്ന് സ്വയം പറയുന്നവർക്കും നിങ്ങൾക്ക് ഇളവ് കൊടുക്കാവുന്നതാണ്. എന്നാലിതിന്റെ അർഥം കഴിവുള്ളവർക്കും ഇളവ് നല്കണമെന്നല്ല. സാമ്പത്തികമായി കഴിവുള്ള ഖുദ്ദാം തങ്ങളുടെ കഴിവിനനുസരിച്ച് ചന്ദ നല്കേണ്ടതാണ്.'

ഖുദ്ദാമിന് ചന്ദയുടെ പ്രാധാന്യം വിശദീകരിച്ചു കൊടുക്കേണ്ടത് നിങ്ങളുടെ ജോലിയാണ്. മുഹ്തമിംമാൽ ഈ രംഗത്ത് 'മാൽ' വകുപ്പിനെ സഹായിക്കേണ്ടതാണ്. യൂ.കെയിലും ചില ഖുദ്ദാം ഒരിക്കലും ചന്ദ നല്കാത്തവരുണ്ടായിരുന്നു. മജ്‌ലിസിന്റെ മാത്രമല്ല, ജമാഅത്തീ ചന്ദകളും നല്കാറുണ്ടായിരുന്നില്ല. എന്നാൽ, ഇജ്തിമാകളുടെ ഇടയ്ക്കു നടന്ന discussion sessions ലൂടേയും ചോദ്യാത്തര മജ്‌ലിസുകൾ മുഖേനയും അവർക്ക് ചന്ദയുടെ പ്രാധാന്യം ബോധ്യമായി. തങ്ങളുടെ ചന്ദകൾ ഉപയോഗിക്കുന്നതിനെ കുറിച്ച് അവർ അറിഞ്ഞു. ഉപയോഗത്തെ കുറിച്ച് മനസ്സിലായപ്പോൾ അവരിൽ ധാരാളംപേർ സ്വയമേവ നാളിംമാലുമായി ബന്ധപ്പെട്ട് ചന്ദ നല്കാൻ തുടങ്ങി. അവർ ചെയ്തിരുന്നത് തെറ്റായിരുന്നുവെന്ന് സമ്മതിക്കുകയും ചെയ്തു. ചന്ദ എവിടെയാണ് ചെലവഴിക്കപ്പെടുന്നതെന്ന് തങ്ങൾക്ക് അപ്പോഴാണ് ബോധ്യമായതെന്ന് അവർ പറഞ്ഞു. ജമാഅത്തീ ഉദ്യോഗസ്ഥന്മാരുടെ ആചാരോപചാര ക്ഷണങ്ങളിൽ മാത്രമാണ് ഈ ചന്ദകൾ ഉപയോഗിച്ചിരുന്നതെന്നാണ് അവർ മനസ്സിലാക്കിയിരുന്നത്. ചന്ദ എവിടെയൊക്കെയാണ് ചെലവഴിക്കപ്പെടുന്നതെന്ന് മുമ്പേ അവർക്ക് അറിയുകയില്ലായിരുന്നു. അതുകൊണ്ട് ചന്ദയുടെ ഉപയോഗത്തെ കുറിച്ച് അവർക്ക് മനസ്സിലായപ്പോൾ അവർ നല്കാനും തുടങ്ങി. ഇതു മുഖേന ഖുദ്ദാമുൽ അഹ്മദിയ്യായുടെ ചന്ദയിൽ മാത്രമല്ല, ജമാഅത്തീ ചന്ദകളിലും വർധന ഉണ്ടാകുന്നതായിരിക്കും.'

മുഹ്തമിം തബ്‌ലീഗ്: 'സാമ്പത്തിക ത്യാഗ ത്തിന്റേതായ പ്രശ്നങ്ങൾ നേരിടുമ്പോൾ ഖുദ്ദാമിനെ ആദ്യം ജമാഅത്തീചന്ദകളും പിന്നീട് ഖുദ്ദാം ചന്ദ അടക്കാനുമാണോ പ്രേരിപ്പിക്കേണ്ടത്?'

**ഹുദൂർ:** 'നിങ്ങൾ തീർച്ചയായും അവരെ ജമാഅത്തീ ചന്ദകൾ അടക്കുന്നതിലേക്കുതന്നെ പ്രേരിപ്പിക്കേണ്ടതാണ്. എന്നാൽ, അവരിപ്പോൾ ഖുദ്ദാമിന്റെ ചന്ദ വാങ്ങാൻ നിർബന്ധിക്കുകയാണെങ്കിൽ നിങ്ങൾ ആ ചന്ദ വാങ്ങുക. അവരെ സമീപത്തു കൊണ്ടുവരാനും അവരിൽ സാമ്പത്തിക ത്യാഗത്തിന്റെ വികാരം സൃഷ്ടിക്കാനും ഏത് വിഭാഗത്തിലേക്ക് ചന്ദ തന്നാലും വാങ്ങിക്കൊള്ളുക. നവഅഹ്ദികൾക്കും ദുർബല അഹ്ദികൾക്കുമുള്ള രീതി ഇതു തന്നെയാണ്. അവർ കേവലം തഹ്‌രീക്കെ ജദീദ് ചന്ദയാണ് തരുന്നതെങ്കിൽ അത് വാങ്ങുക. എന്നാൽ, അവരിൽ ജമാഅത്തീചന്ദകളുടെ പ്രാധാന്യത്തെ കുറിച്ചുള്ള വികാരം തീർച്ചയായും വളർത്തേണ്ടതാണ്. അതുകൊണ്ട് ഏതെങ്കിലും ഖാദിം വരുമാനത്തിനനുസരിച്ച് ഖുദ്ദാം ചന്ദ നല്കുന്നുണ്ടെങ്കിൽ അത്തരം വ്യക്തികളോട് ആദ്യ പരിഗണന നിർബന്ധ ചന്ദകൾക്ക് നല്കാൻ ഊന്നൽ നല്കേണ്ടതാണ്. ഈ രൂപത്തിൽ മുഹ്തമിം മാലിനോ സ്വദ്ർ മജ്‌ലിസിനോ തീരുമാനമെടുക്കാവുന്നതാണ്. ആ ചന്ദ ജമാഅത്തീചന്ദകളിൽ ചേർക്കണോ അതോ ഖുദ്ദാം ചന്ദയിൽ ചേർക്കണോ എന്ന്. എല്ലാ നിയമങ്ങളും വ്യവസ്ഥിതികളും അനുസരിച്ച് ഖുദ്ദാം ചന്ദ നല്കുന്ന ഖാദിമിനോട് ജമാഅത്തീ ചന്ദകൾ നല്കാനും പറയുക.'

മുഹ്തമിം തബ്‌ലീഗ്: 'ജമാഅത്തീ പ്രോഗ്രാമുകളെ ഏതു പരിധിവരെയാണ് ഞങ്ങൾ പിന്തുടരേണ്ടത്. ജമാഅത്തീ തലത്തിൽ ഏതെങ്കിലും തബ്‌ലീഗ് പ്രോഗ്രാം നടക്കുമ്പോൾ ഞങ്ങളും അത് ഫോളോ ചെയ്യേണ്ടതുണ്ടോ?'

**ഹുദൂർ:** 'നിങ്ങൾ സ്വന്തം പരിപാടികൾ സംഘടിപ്പിക്കേണ്ടതുണ്ട്.എന്നാൽ, ജമാഅത്തീ പരിപാടികൾ നടക്കുകയാണെങ്കിൽ ശാഖാ സംഘടനകൾ അതിൽ സഹായിക്കുകയാണ് വേണ്ടത്. ഈ പ്രോഗ്രാമുകളിൽ നിങ്ങളുടെ പൂർണ പങ്കാളിത്തം ഉണ്ടായിരിക്കേണ്ടതാണ്. ഇതു കൂടാതെ നിങ്ങളുടെ വാർഷിക പദ്ധതികൾക്കും പ്രോഗ്രാമുകൾക്കും സ്വദ്ർ സാഹിബിന്റെ ശിപാർശയോടെ എന്നിൽനിന്നും അനുവാദം വാങ്ങേണ്ടതാണ്. എന്നിട്ട് അതനുസരിച്ച് പ്രവൃത്തിക്കുക. എന്നാൽ, എവിടെയെങ്കിലും ജമാഅത്തീ പരിപാടികളും ശാഖാ സംഘടനാ പരിപാടികളും ഒരുമിച്ചു വരികയാണെങ്കിൽ ജമാഅത്തീ പരിപാടികൾക്ക് മുൻഗണന നല്കുക. ഖുദ്ദാമുൽ അഹ്മദിയ്യായും ഇതര ശാഖാ സംഘടനകളും ജമാഅത്തീ പരിപാടികളെ പൂർണമായും സഹായിക്കേണ്ടതാണ്.'

മുഹ്തമിം തഅ്‌ലീം: 'ജമാഅത്ത് തലത്തിൽ ത്വാഹിർ അക്കാഡമിയിൽ കുട്ടികളുടെ ക്ലാസുകൾ സംഘടിപ്പിക്കാറുണ്ട്. പരീക്ഷകളും നടത്താറുണ്ട്. ഇവിടെ പ്രത്യേകം പരീക്ഷ നടത്തണോ അതോ ജമാഅത്ത് തലത്തിൽ നടക്കുന്ന പരീക്ഷയിൽ പങ്കെടുത്താൽ മതിയോ?'

**ഹുദൂർ:** 'ഇപ്പോൾ വിവിധ തരത്തിലുള്ള സിലബസുകളും പ്രോഗ്രാമുകളുമുണ്ട്. വഖ്ഫെ നൗവിന്റെ വിവിധ പ്രോഗ്രാം ഉള്ളതുപോലെ ഖുദ്ദാമുൽ അഹ്മദിയ്യായുടേയും വേറെ പ്രോഗ്രാമുണ്ട്. ജമാഅത്തിന്റെ സ്വന്തം പ്രോഗ്രാമുകളുമുണ്ട്.'

ഖാഇദെ ഉമൂമി: 'എല്ലാ മജ്‌ലിസുകളിലും വിവിധ പ്രോഗ്രാമുകൾ സംഘടിപ്പിക്കാറുണ്ട്. അതിനെ പറ്റിയുള്ള വിവരണം മജ്‌ലിസിന്റെ റിപ്പോർട്ടിൽ വരുന്നതാണ്.'

**ഹുദൂർ:** 'ജമാഅത്ത് ത്വാഹിർ അക്കാഡമി നടത്തുന്നുണ്ടെങ്കിൽ ലജ്നാ ഇമാഇല്ലായും ഖുദ്ദാമുൽ അഹ്മദിയ്യായും ജമാഅത്തിനോട് സഹകരിക്കേണ്ടതാണ്. എന്നാൽ, ഈ അക്കാഡമിയിൽ വഖ്ഫെ നൗ സിലബസ് രീതിയിൽ വ്യവസ്ഥാപിതമായ ഒരു സിലബസ് വേണ്ടതാണ്. ഈ സിലബസിനുവേണ്ടി ഖുദ്ദാമുൽ അഹ്മദിയ്യാക്കും ലജ്നാ ഇമാഇല്ലാക്കും എന്തെങ്കിലും കാര്യങ്ങൾ നിർദേശിക്കാനുണ്ടെങ്കിൽ അതും ഈ സിലബസിൽ ഉൾപ്പെടുത്താവുന്നതാണ്. ഇപ്പോൾ യൂ.കെയിലും ചില ഇതര രാജ്യങ്ങളിലും വഖ്ഫെ നൗ സിലബസിന്റെ രീതിയിൽ ഖുദ്ദാമുൽ അഹ്മദിയ്യായും ലജ്നാ ഇമാഇല്ലായും സ്വന്തം തഅ്‌ലീമീ തർബിയ്യത്തീ സിലബസ് തയ്യാറാക്കുന്നുണ്ട്. ഇപ്രകാരം വാഖ്ഫീനെ നൗ കുട്ടികളുടെ മനസ്സുകളിൽ മറ്റു കുട്ടികളേക്കാൾ തങ്ങൾ ശ്രേഷ്ഠരാണെന്നും വ്യത്യസ്തരാണെന്നുമുള്ള വികാരം ഉണ്ടാകാതിരിക്കാനും സഹായിക്കും. ഇതിന്നുവേണ്ടി വ്യവസ്ഥാപിതവും എല്ലാം ഉൾക്കൊള്ളുന്നതും ആകർഷകവുമായ ഒരു പദ്ധതി തയ്യാറാക്കാവുന്നതാണ്. ജമാഅത്തിന്റേയും ഉപസംഘടനകളുടേയും ഇടയിൽ പരസ്പര സഹകരണം ഉണ്ടെങ്കിൽ ഇത്തരത്തിലുള്ള പ്രോഗ്രാം ഉണ്ടാക്കുന്നതിൽ തെറ്റൊന്നുമില്ല.

'ജമാഅത്തിന്റെ സെക്രട്ടറിയുമായി എന്തെങ്കിലും പ്രശ്നമുണ്ടെങ്കിൽ നിങ്ങൾക്ക് അമീർ സാഹിബുമായി സംസാരിക്കാൻ കഴിയും. നമ്മുടെ പ്രോഗ്രാമുകളിൽ പരസ്പരം സമ്പൂർണ സഹകരണം പുലർത്തിയാൽ മാത്രമേ നമുക്ക് പുരോഗതിനേടാനും അതുമുഖേന മുന്നോട്ട് ഗമിക്കുവാനും കഴിയുകയുള്ളൂ. സഹകരണം നല്കാത്ത ആരെങ്കിലും ഉണ്ടെങ്കിൽ നിങ്ങൾ സ്വദ്ർ സാഹിബ് മുഖേന അമീർ സാഹിബിലേക്ക് കാര്യങ്ങൾ എത്തിക്കുകയും പരിഹരിക്കുകയും ചെയ്യുക. എന്നിട്ടും പരിഹരിക്കപ്പെടുന്നില്ലെങ്കിൽ എനിക്കെഴുതുക.'

ഒരു ആമിലാ അംഗം: 'സാഇഖുമാരുടെ സംവിധാനത്തെ അമേരിക്കയിൽ നമുക്ക് ഫലപ്രദമായി എങ്ങനെ ഉപയോഗിക്കാൻ കഴിയും?'

**ഹുദൂർ:** 'നിങ്ങൾ സാഇഖുമാരുടെ സംവിധാനം കൊണ്ടു വരികയാണെങ്കിൽ അത് വളരെ സഹായകരമായിരിക്കും. grass root level സംവിധാനത്തെ നിങ്ങൾ സ്വീകരിക്കുകയാണെങ്കിൽ നിങ്ങൾക്ക് ഖുദ്ദാമിന്റെ പ്രോഗ്രാമുകളിൽ ഒരു വലിയ മാറ്റം ദർശിക്കുവാൻ കഴിയും. അത്ഫാലുൽ അഹ്മദിയ്യായുടേയും ഖുദ്ദാമുൽ അഹ്മദിയ്യായുടേയും സാന്നിധ്യത്തിൽ വർധന ഉണ്ടാകും. ഞാൻ അത്ഫാലിൽ ആയിരിക്കുമ്പോൾ ആദ്യം സാഇഖായിരുന്നു. അതിനുശേഷം മുൻതളിം അത്ഫാലിന്റെ നാഇബും ശേഷം അത്ഫാൽ മുൻതളിമും ആയി. പിന്നീട് സയീം മജ്‌ലിസ് എന്ന നിലയിലും പ്രവൃത്തിച്ചു. തുടർന്ന് റബ്‌വയിൽ നാളിം ഉമൂമി എന്ന നിലയിലും അതുകഴിഞ്ഞ് നാഷണൽ ലെവലിൽ മുഹ്തമിം എന്ന നിലയിലും സേവനം ചെയ്തു. ഒരു സാധാരണ അത്ഫാൽ എന്ന നിലയിലാണ് എന്റെ ട്രൈനിംഗ് ആരംഭിച്ചത്. ഖുദ്ദാമുൽ അഹ്മദിയ്യായുടെ ക്ലാസിലും ഇതര ക്ലാസുകളിലും പങ്കെടുക്കാത്ത

## ഹദീഥുന്നബ്‌വി (സ):

***നബി(സ)തിരുമേനി പറഞ്ഞു: 'നീ ധാരാളം സുജൂദ് ചെയ്യണം. എന്തുകൊണ്ടെന്നാൽ അല്ലാഹുവിനുവേണ്ടി നീ ചെയ്യുന്ന ഒരു സുജൂദിനു പകരം അല്ലാഹു നിന്നെ ഒരു പടി ഉയർത്തുകയും അതു കൊണ്ടുതന്നെ ഒരു പാപം നിനക്കു പൊറുക്കുകയും ചെയ്യും.'(മുസ്‌ലിം)***

**ത്വാലിബെ ദുആ:**
**Dr. C. Salahuddin, Ameer Ahmadiyya Jama-ath Calicut, Kerala.**

## ഹദീസുന്നബ്‌വി(സ)

**നബി(സ)തിരുമേനി പറഞ്ഞു:**
**'സദ്‌വൃത്തിയോടൊപ്പം ദീർഘായുസ്സ് ലഭിച്ചിട്ടുള്ളവനാണ് ജനങ്ങളിൽ മഹോന്നതൻ.'**
**(തിർമുദി)**

**ത്വാലിബെ ദുആ:**
**Muhammad Safwan&Family, Ahmadiyya Jama-ath Kakkanad, Kerala.**

ഒരാളെ, ഒരു സുപ്രഭാതത്തിൽ സ്വദ്ർ മജ്‌ലിസ് വിളിച്ച് ഇന്ന വകുപ്പിന്റെ മുഹ്തമിം നിങ്ങളെ ആക്കുന്നുവെന്ന് പറയുക സാധ്യമല്ല. grass root level സംവിധാനത്തിൽനിന്ന് സ്വയം നിങ്ങൾ ട്രൈനിംഗ് എടുക്കാത്തതിന്റെ ഫലം എന്താണെന്ന് നിങ്ങൾക്ക് മനസ്സിലാകില്ല. അതുകൊണ്ട് ഈ പരിശീനത്തിന്റെ ആരംഭം അടിവേരു തലത്തിൽനിന്ന് ആരംഭിക്കേണ്ടതാണ്.'

ഒരു ആമിലാ അംഗം: 'പ്രാദേശിക മജ്‌ലിസിൽ എല്ലാ മാസവും ഒരു പൊതുയോഗമുണ്ട്. അപ്പോൾ ലോക്കൽ ആമിലയുടേയും ഒരു മീറ്റിംഗ് ഇപ്രകാരം നടത്തേണ്ടതുണ്ടോ?'

**ഹുദൂർ:** 'ഞാനെന്റെ ഹൽഖയിൽ സയീം ആയിരുന്നപ്പോൾ, റബ്‌വയിൽ ഖാഇദ് എന്ന സ്ഥാനം ഉണ്ടായിരുന്നില്ല. മറിച്ച് തൽസ്ഥാനത്ത് സയീമുമാരാണ് ഉണ്ടായിരുന്നത്. പ്രാദേശിക മുഹ്തമിന്റെ ആമിലയിൽ നാളിമുമാരുണ്ടായിരിക്കും. അതുകൊണ്ട് സയീമുമാർക്ക് പ്രാദേശിക മുഹ്തമിനോടൊപ്പം മീറ്റിംഗ് കൂടേണ്ടതുണ്ടായിരുന്നു. ഇപ്പോഴും അത് നടന്നു വരുന്നുണ്ട്. സാധ്യമാകുന്നിടത്തോളം സാഹചര്യം അനുകൂലമാകുന്നതിനനുസരിച്ച് മീറ്റിംഗ് നടക്കാറുണ്ടായിരുന്നു. റബ്‌വ ഒരു ചെറിയ പട്ടണമായിരുന്നു. 45മുതൽ 50നായിരം അഹ്മദികൾ താമസിക്കുന്ന സ്ഥലമാണത്. ഖുദ്ദാമുൽ അഹ്മദിയ്യായുടെ എണ്ണം 12,13 ആയിരമുണ്ടായിരിക്കും. 70 മജ്‌ലിസുകളാണുള്ളത്. ഓരോ മജ്‌ലിസിനും സ്വന്തം സയീം ഉണ്ടാകും. ആമിലയും ഉണ്ടാകും. അവരുടെ ആമില മീറ്റിംഗ് എല്ലാ മാസവുമുണ്ടാകുന്നു. മുഹ്തമിം മഖാമി സയീമുമാരുമായി പ്രത്യേകം മീറ്റിംഗും നടത്തുന്നു. പിന്നീട് എല്ലാവരുടേയും പങ്കെടുപ്പിച്ചുകൊണ്ടുള്ള മീറ്റിംഗും ഉണ്ടാകുന്നു. അതുകൊണ്ട് grass root level ലുള്ള ഖാഇദ് അല്ലെങ്കിൽ സയീം മാസത്തിൽ രണ്ടുപ്രാവശ്യം മുഹതമിം മഖാമിയോടൊപ്പം മീറ്റിംഗ് ചേരുന്നു. ഇപ്പോഴത്തെ അവസ്ഥ എന്താണെന്ന് എനിക്കറിയില്ല. പക്ഷേ, ഞാൻ സയീമോ നാളിമോ ആയി പ്രവർത്തിച്ചിരുന്നപ്പോൾ ഇപ്പറഞ്ഞ രീതിയായിരുന്നു. അതുകൊണ്ട് ഖാഇദുമാരും നാളിമുമാരും മാസത്തിൽ ഒരു മീറ്റിംഗ് നിർബന്ധമായും ചേരേണ്ടതാണ്.

❋ഹുദൂർ അയ്യദഹുല്ലാഹ് ചോദിച്ചപ്പോൾ സ്വദ്ർ മജ്‌ലിസ് പറഞ്ഞു, ആമിലായുടെ കോൺഫ്രൻസ് കോൾ മുഖേന എല്ലാ മാസവും ഒരു മീറ്റിംഗ് നടക്കുന്നുണ്ട്. മൂന്നുമാസത്തിലൊരിക്കൽ എല്ലാ മുഹ്തമുമാരും പങ്കെടുക്കുന്ന മീറ്റിംഗും നടക്കുന്നുണ്ട്. തദ്ദേശ നിലയിലും തദ്ദേശ ആമിലായുടെ മീറ്റിംഗ് എല്ലാ മാസവും നടക്കുന്നുണ്ട്.

അപ്പോൾ ഹുദൂർ പറഞ്ഞു: എന്തായാലും ഓരോ മൂന്നുമാസവും കൂടുമ്പോൾ ഒരിടത്ത് മീറ്റിംഗുണ്ടാകേണ്ടതാണ്. അതിൽ എല്ലാ ആമില അംഗങ്ങളും നാഇബു സ്വദർമാരും മുആവിൻ സ്വദ്ർമാരും പങ്കെടുക്കേണ്ടതാണ്.

ഒരു ഖാദിം പറഞ്ഞു: ഖുദ്ദാമിൽ ജമാഅത്തുപരമായ അറിവ് കുറവാണ്. അതുകാരണത്താൽ അവർക്ക് തബ്‌ലീഗ് ചെയ്യാൻ കഴിയുന്നില്ല. തബ്‌ലീഗ് ചെയ്യാൻ ഖുദ്ദാമിനെ പഠിപ്പിക്കാനുള്ള എളുപ്പമാർഗമെന്താണ്?

ഹുദൂർ പറഞ്ഞു: 'ഇന്റർനെറ്റിൽ ഖലീഫമാരുടെ ചോദ്യോത്തരങ്ങളുടെ മജ്‌ലിസുകൾ ധാരാളമായി ലഭ്യമാണ്. ഇപ്രകാരംതന്നെ ചില മുറബ്ബിമാരുടേയും ജമാഅത്തിലെ സ്കോളേഴ്സിന്റേയും ചോദ്യോത്തരങ്ങളുടെ മജ്‌ലിസുകളും ധാരാളമായുണ്ട്. ഇവിടെ അമേരിക്കയിലും നമ്മുടെ മുറബ്ബിമാരും ഇതുസംബന്ധമായി ധാരാളം ജോലികൾ ചെയ്യുന്നുണ്ട്. പതിവായി ചോദ്യോത്തരസദസ്സുകൾ സംഘടിപ്പിക്കുന്നുണ്ട്. അതിന്റെ വളരെ നല്ല ഫലങ്ങളാണ് പ്രകടമായിക്കൊണ്ടിരിക്കുന്നത്. അതുകൊണ്ട് താങ്കൾ താങ്കളുടെ ഖുദ്ദാമിൽ ഈ മജ്‌ലിസുകൾ മുഖേന അറിവിൽ വർധന ഉണ്ടാക്കുന്നതിനുള്ള ആത്മാവുണ്ടാക്കുക. സെക്രട്ടറി തബ്‌ലീഗും സെക്രട്ടറി തർബിയ്യത്തും ഇതുസംബന്ധമായി പ്രോഗ്രാം ചെയ്യേണ്ടതാണ്. നിങ്ങൾ നിങ്ങളുടെ Pads വും ഫോണുംകൊണ്ട് എപ്പോഴും കളിച്ചുകൊണ്ടിരിക്കുകയാണ്. അതിൽ ഭൗതിക കാര്യങ്ങൾ കണ്ടുകൊണ്ടിരിക്കുന്നു. നിങ്ങൾക്ക് ഈ ജോലിക്കുവേണ്ടിയും കുറച്ചൊക്കെ സമയം മാറ്റി വെക്കാൻ കഴിയും. ഒരു ദിവസം 24 മണിക്കൂറാണ്. അതിൽ 6 മണിക്കൂർ നിങ്ങൾ ഉറങ്ങുന്നു. ബാക്കി 18 മണിക്കൂർ നിങ്ങളുടെ കൈയിലുണ്ട്. യൂണിവേഴ്സിറ്റി, കോളേജസ്, ജോലികൾ തുടങ്ങിയ സമയം കഴിച്ചാൽ നിങ്ങളുടെ കൈയിൽ പിന്നേയും രണ്ടുമൂന്നു മണിക്കൂർ ബാക്കി ഉണ്ടാകും. അതു പൊതുവെ നിങ്ങൾ ഇന്റർനെറ്റിലും ടി.വി.യിലുമുള്ള പരിപാടികളിൽ പാഴാക്കിക്കളയുന്നു. നിങ്ങൾക്ക് വർത്തമാനകാലത്തെ കുറിച്ചുള്ള അറിവും ഉണ്ടായിരിക്കേണ്ടതാണ്. ടി.വിയും ഒരു പരിധിവരെ കാണേണ്ടതാണ്. രാജ്യത്തെ രാഷ്ട്രീയാവസ്ഥകളും അറിഞ്ഞിരിക്കേണ്ടതാണ്. പക്ഷേ, ഇതിനെല്ലാം പുറമെ സ്വന്തം മതത്തെ കുറിച്ച് പഠിക്കാൻ ഒരു പ്രത്യേക സമയവും നിശ്ചയിക്കുക. നിങ്ങൾക്ക് ഖുദ്ദാമിന്റെ ഉള്ളിൽ ഇക്കാര്യത്തിൽ താൽപര്യമുണ്ടാക്കേണ്ടതായിവരും. വിഷയങ്ങൾ ആദ്യമെതന്നെ ഉണ്ടല്ലോ.

ഹുദൂർ അയ്യദഹുല്ലാഹ് പറഞ്ഞു:'ഇനി ചില ചോദ്യങ്ങൾക്കുള്ള മറുപടി ഇന്റർനെറ്റിൽ ലഭ്യമല്ലെന്ന് നിങ്ങൾ മനസ്സിലാക്കുന്നുവെങ്കിൽ നിങ്ങളുടെ മൗലവിമാരോടു ചോദിക്കുക. അവർ നിങ്ങൾക്കു മറുപടികൾ നല്കുന്നതായിരിക്കും. വിവാദപരമായ തരത്തിലുള്ള ചില ചോദ്യങ്ങളുണ്ടാകും. അതിനെ സംബന്ധിച്ച് മൗലവിമാരിലും ഭിന്നാഭിപ്രായങ്ങളുണ്ടാകും. അത്തരം ചോദ്യങ്ങൾ എനിക്കെഴുതുക. ഞാൻ മറുപടി നല്കുന്നതായിരിക്കും. പിന്നെ നമ്മുടെ സ്കോളേഴ്സിനും ചോദ്യങ്ങൾക്ക്, എല്ലാംഅടങ്ങിയതും വിശദവുമായ മറുപടികൾ നല്കാൻ സാധിക്കുന്നതാണ്. അത് സോഷ്യൽ മീഡിയാ വഴി എല്ലാം ഖുദ്ദാമിനും പ്രയോജനപ്പെടുന്നതിന് നിങ്ങൾക്ക് ഇന്റർ നെറ്റിലും ഇടാവുന്നതാണ്.

മുഹ്തമിം ഉമൂറെ ത്വലബാ പറഞ്ഞു: എന്റെ ചോദ്യം വിദ്യാഭ്യാസപരവും മതപരവുമായ സംവാദങ്ങളെ കുറിച്ചാണ്. യൂണിവേഴ്സിറ്റി തുടങ്ങിയ സ്ഥലങ്ങളിൽ നമുക്ക് debates സംഘടിപ്പിക്കാമോ?

ഹുദൂർ അയ്യദഹുല്ലാഹ് പറഞ്ഞു: നിങ്ങൾക്ക് യൂണിവേഴ്സിറ്റികളിൽ സെമിനാറുകൾ സംഘടിപ്പിക്കാവുന്നതാണ്. രണ്ടുതരത്തിലുള്ള സെമിനാറുണ്ട്. ഒന്നു വിദ്യഭ്യാസപരമായ വിഷയങ്ങളിലുള്ളതാണ്. രണ്ടാമത്തേത് ആനുകാലിക വിഷയങ്ങളുമായി ബന്ധപ്പെട്ടതാണ്. ചല മതപരമായ വിഷയങ്ങളും തിരഞ്ഞെടുക്കാവുന്നതാണ്. യു.കെ, ജർമനി തുടങ്ങിയ അഹ്മദിയ്യാ സ്റ്റുഡൻസ് അസോസിയേഷൻ കർമനിരതമായിട്ടുള്ള രാജ്യങ്ങളിൽ യൂണിവേഴ്സിറ്റികളിൽ സെമിനാർ സംഘടിപ്പിക്കാറുണ്ട്. ചിലപ്പോൾ debates വും നടക്കാറുണ്ട്. മതവിജ്ഞാനപരമായ വകുപ്പ് യൂണിവേഴ്സിറ്റി ഹാളിൽ അല്ലെങ്കിൽ ഓഡിറ്റോറിയങ്ങളിൽ സെമിനാർ സംഘടിപ്പിക്കാൻ അനുവാദവും നല്കാറുണ്ട്. പുറത്തുള്ളവരേയും അതിലേക്ക് ക്ഷണിക്കാവുന്നതാണ്. നമ്മുടെ അവസ്ഥകൾക്കനുസരിച്ച് ഏതു മാർഗമാണ് സ്വീകരിക്കേണ്ടതെന്ന് നിങ്ങൾക്ക് നേരിട്ട് നോക്കാവുന്നതാണ്. ആനുകാലിക പ്രശ്നങ്ങൾ, മതവിജ്ഞാനത്തിലും അല്ലെങ്കിൽ ശാസ്ത്ര കണ്ടുപിടിത്തങ്ങളിലും അധിഷ്ഠിതമായ ചില ജ്ഞാനപരമായ വിഷയങ്ങളിൽ ഈ സെമിനാർ സംഘടിപ്പിക്കാവുന്നതാണ്. ഇങ്ങനെ നിങ്ങൾക്ക് മറ്റു വിദ്യാർഥികളേയും സമീപത്തുകൊണ്ടുവരാൻ സാധിക്കും. അധികം വിദ്യാർഥികളും മരമറലാശര ക്കുമായി ബന്ധപ്പെട്ട വിഷയങ്ങളിലാണ് കൂടുതൽ താല്പര്യം കാണിക്കാറുള്ളത്. ഈ വിദ്യാർഥികൾ നിങ്ങളുടെ അടുത്തെത്തിക്കഴിഞ്ഞാൽ മതപരമായ വിഷയങ്ങളിലും നിങ്ങൾക്ക് സെമിനാർ നടത്താൻ കഴിയും. ഉദാഹരണത്തിന് സുപ്രസിദ്ധമായ വിഷയം 'ദൈവാസ്തിക്യം' തന്നെ. പിന്നെ 'മതത്തിന്റെ ആവശ്യകത' 'മതത്തിന്റെ സത്യസന്ധത' ഇതുപോലെ ഒരുപാട് വിഷയങ്ങളുണ്ട്. ഇപ്പോൾ എനിക്ക് എല്ലാം വിഷയങ്ങളും പറയാൻ കഴിയില്ല. എന്തായാലും സെമിനാർ നടത്താൻ പറ്റിയ ഒരുപാട് വിഷയങ്ങളുണ്ട്. നിങ്ങൾതന്നെ ചിന്തിച്ചാൽ ഒരുപാട് വിഷയങ്ങൾ കിട്ടുന്നതായിരിക്കും.

❋ ഒരു ഖാദിം പറഞ്ഞു:'ഞങ്ങൾ ചോദ്യോത്തരങ്ങൾ അടങ്ങിയ ഒരു പുസ്തകം പ്രസിദ്ധീകരിച്ചു. അത് ഖുദ്ദാമിൽ വിതരണവും ചെയ്തു.'

അപ്പോൾ ഹുദൂർ പറഞ്ഞു: 'തർബിയ്യത്തുപരമായ കാര്യങ്ങൾ ഉദ്ധരിച്ചും എന്റെ ഉദ്ധരണികളോ ഖുത്ബകളോ സമാഹരിച്ചും ഏതെങ്കിലും ഗ്രന്ഥം തയ്യാറാക്കിയിട്ടുണ്ടോ? ഇതു സംബന്ധമായി രണ്ടു ഗ്രന്ഥമുണ്ട്. ഒന്നിന്റെ ഇംഗ്ലീഷ് തർജമ നടന്നു കഴിഞ്ഞിരിക്കുന്നു.'

ഹുദൂർ അൻവർ അയ്യദഹുല്ലാഹ് പറഞ്ഞു: 'സോഷ്യൽ മീഡിയായുടെ ദുസ്വാധീനത്തിൽനിന്ന് എങ്ങനെ രക്ഷപ്പെടാം' എന്ന ഒരു ഗ്രന്ഥമുണ്ട്. പുസ്തകത്തിന്റെ ടൈറ്റിൽ എനിക്ക് ഓർമയില്ല. എന്നാൽ, സോഷ്യൽ മീഡിയായുടെ ദുസ്വാധീനം എന്നാണ്. 250 പേജുള്ള പുസ്തകമാണിത്. അതിന്റെ ഇംഗ്ലീഷ് തർജമ നടന്നുവരുന്നു. ഇത് തയ്യാറാകുമ്പോൾ നിങ്ങൾക്ക് ഈ ഗ്രന്ഥവും ഖുദ്ദാമിന് വിതരണം ചെയ്യാവുന്നതാണ്.'

ഹുദൂർ അൻവർ അയ്യദഹുല്ലാഹ് പറഞ്ഞു: 'ഇപ്പോൾ ജമാഅത്തിന് രണ്ടു വലിയ പ്രശ്നങ്ങ

## ഹദീഥുന്നബ്‌വി (സ):

*നബി(സ)തിരുമേനി പറഞ്ഞു:അല്ലാഹു പറയുന്നു, 'എന്റെ ദാസരേ!ഞാൻ ആരേയും അക്രമിക്കുകയില്ല. നിങ്ങളും ആരേയും അക്രമിക്കരുത്. അത് നിങ്ങൾക്കു നിഷിദ്ധമാണ്.' (മുസ്‌ലിം)*

ത്വാലിബെ ദുആ:
K.Muhammad Shareef & Family
Ahmadiyya Jama-ath Vaniyambalam, Kerala.

## ഹദീസുന്നബ്‌വി(സ)

**നബി(സ)തിരുമേനി പറഞ്ഞു:അല്ലാഹു പറയുന്നു: 'എന്റെ ദാസരേ! ഞാൻ നിങ്ങൾക്ക് ധരിപ്പിച്ചിട്ടില്ലെങ്കിൽ നിങ്ങളെല്ലാം നഗ്നരാണ്. അതുകൊണ്ട് നിങ്ങളെന്നോടു വസ്ത്രം ആവശ്യപ്പെടുക. ഞാൻ നിങ്ങൾക്കു ധരിപ്പിക്കാം.'(മുസ്‌ലിം)**

ത്വാലിബെ ദുആ:
P.P. Nasiruddin , Ahmadiyya Jama-ath Kannur Town, Kerala.

ളാണുള്ളത്. ഒരു പ്രശ്നം നമ്മുടെ യുവതലമുറ നശിപ്പിക്കപ്പെടുന്നുവെന്നതാണ്. അത് സോഷ്യൽ മീഡിയായുടെ ഉപയോഗമാണ്. രണ്ടാമത്തേത് ദാമ്പത്യജീവിതത്തിന്റെ പ്രശ്നമാണ്. നമ്മുടെ ജമാഅത്തിലെ വിവാഹ പ്രശ്നങ്ങളാണ്. അത് വർധിച്ചുകൊണ്ടിരിക്കുന്നു. രണ്ടാമത്തെ ഗ്രന്ഥത്തിന്റെ വിഷയം 'കുടുംബപരമായ പ്രശ്നങ്ങളും അതിനുള്ള പരിഹാരവും' എന്നതാണ്. ഇതിന്റെ തർജമ കഴിഞ്ഞിരിക്കുന്നു. ലജ്ന ഇമാഇല്ലാഹ് യു.കെ.യാണ് പ്രസിദ്ധീകരിച്ചതെന്ന് തോന്നുന്നു.' ഹുദൂർ അൻവർ അയ്യദഹുല്ലാഹ് പറഞ്ഞു: 'ലജ്ന എല്ലാ സ്ഥലത്തും ഖുദ്ദാമുൽ അഹ്മദിയ്യായെ അപേക്ഷിച്ച് വളരെ മുമ്പിലാണ്. ഞാൻ എല്ലായിടത്തും ഇതു പറയാറുണ്ട്. പക്ഷേ, ഖുദ്ദാമിൽ ഒരു സ്വാധീനവും ഉണ്ടാകുന്നില്ല. എന്നല്ല ഖുദ്ദാമിന് ഇതു കേട്ട് ലജ്ജയുണ്ടാകണമെന്നാണ് ഞാൻ പറയേണ്ടത്!'

❋ ഒരു ഖാദിം പറഞ്ഞു:'ലജ്നയെ സംബന്ധിച്ച് ഞാൻ കണ്ടത് അവർ വളരെയധികം Organised ആണെന്നതാണ്. എല്ലാ ജോലിയും വിശദമായി പ്ലാൻ ചെയ്യുന്നു.'

ഹുദൂർ അൻവർ അയ്യദഹുല്ലാഹ് പറഞ്ഞു: 'നിങ്ങളുടെ യഥാർഥ കാര്യം മുൻഗണന നല്കുക എന്നതാണ്. നിങ്ങൾ ഭൗതികതയ്ക്കുമേൽ മതത്തെ മുന്തിക്കുകയാണെങ്കിൽ നിങ്ങൾക്ക് ഉത്തമമായ നിലയിൽ ജോലി ചെയ്യാൻ കഴിയും. നിങ്ങൾ ഖുദ്ദാമുൽ അഹ്മദിയ്യായുടെ പ്രതിജ്ഞയിൽ ദീനിനെ ദുൻയാവിനെക്കാൾ മുന്തിക്കുമെന്ന് വാഗ്ദാനം ചെയ്യുന്നു. അതുകൊണ്ട് നിങ്ങളുടെ ദീനിന് മറ്റു കാര്യങ്ങളുടെമേൽ മുൻഗണന നല്കുന്നില്ലെങ്കിൽ നിങ്ങൾ ദീനീപരമായ പ്രവൃത്തികൾ ചെയ്യുന്നതിൽ എങ്ങനെ Organised ആകാനാണ്? ലജ്ന കൂടുതൽ Organised ആണെങ്കിൽ എന്നോടു പറയുന്നതിനുപകരം നിങ്ങൾ ഖേദം പ്രകടിപ്പിക്കേണ്ടതാണ്; നിങ്ങൾ എന്തുകൊണ്ട് Organised അല്ല എന്നോർത്ത്! അതുകൊണ്ട് ഭാവിയിൽ ലജ്നയെക്കാൾ കൂടുതൽ Organised ആകുമെന്ന് ഇന്ന് വാഗ്ദാനം ചെയ്യുക.'

ഹുദൂർ അൻവർ അയ്യദഹുല്ലാഹ് പറഞ്ഞു:'വിവാഹവും കല്യാണവും സംബന്ധിച്ച കാര്യങ്ങളെ പ്രതിപാദിക്കുന്ന എന്റെ ഗ്രന്ഥം പ്രസിദ്ധീകരിച്ചപ്പോൾ ഖുദ്ദാമുൽ അഹ്മദിയ്യാ അതു തർജമ ചെയ്യാൻ അനുവാദം ചോദിച്ചിരുന്നു. പക്ഷേ, ഒരാഴ്ച കഴിഞ്ഞപ്പോൾ ലജ്ന അതിന്റെ പകുതി തർജമ ചെയ്തു കഴിഞ്ഞിരിക്കുന്നുവെന്ന് എനിക്കറിയാൻ കഴിഞ്ഞു. എല്ലായിടത്തും ഇതു തന്നെയാണ് അവസ്ഥ. പക്ഷേ, യു.കെ.യിൽ കുറഞ്ഞപക്ഷം ഖുദ്ദാമുൽ അഹ്മദിയ്യാ ഇപ്പോൾ എന്തെല്ലാമോ സ്റ്റെപ്പ് ഉയർത്താൻ തുടങ്ങിയിട്ടുണ്ട്. പക്ഷേ, ഇവിടെ നിങ്ങൾ എന്തെങ്കിലും ചെയ്യണമെന്ന് ആലോചിച്ചുകൊണ്ടേയിരിക്കുകയാണ്;കർമപരമായി അത് നടപ്പിൽ വരുത്തുന്നില്ല.'

❋ഒരു ആമില അംഗം പറഞ്ഞു: 'ഹ്യൂമാനിറ്റി ഫസ്റ്റിന്റെ അഭ്യർഥനയെ സംബന്ധിച്ചാണ് എന്റെ ചോദ്യം. അദ്ദേഹം യൂണിവേഴ്സിറ്റിയിൽ AMSA യുടെ രീതിയിൽ ഓർഗനൈസേഷൻ ഉണ്ടാക്കിയിട്ടുണ്ട്. അതിൽ അനഹ്മദി ആൺകുട്ടികളും പെൺകുട്ടികളും പങ്കെടുക്കുന്നുണ്ട്. ഞങ്ങൾക്ക് അവരെ നമ്മുടെ പർദയുടെ നിലവാരമനുസരിച്ച് കൊണ്ടുവരാൻ കഴിയുന്നില്ല.'

ഹുദൂർ അൻവർ അയ്യദഹുല്ലാഹ് പറഞ്ഞു: 'ജമാഅത്തുപരമായ പ്ലാറ്റുഫോമുകളിൽ ഹ്യൂമാനിറ്റി ഫസ്റ്റിന്റെ അഭ്യർഥന ഉണ്ടാകാതിരിക്കേണ്ടതാണ്. പിന്നീട് പറയാനുള്ളത് ഹ്യൂമാനിറ്റി ഫസ്റ്റ് ഒരു ചാരിറ്റി സംഘടനയാണ്. നമുക്ക് അവരെ ഇങ്ങനെ ചെയ്യുന്നതിൽനിന്ന് തടയാൻ സാധ്യമല്ല. നബി(സ)തിരുമേനിയും നുബുവ്വത്ത് വാദത്തിനുമുമ്പേ ഒരു സംഘടനയിൽ അംഗമായിരുന്നു. അവർ ദരിദ്രരെ സഹായിച്ചിരുന്നു. ആ സംഘടനയുടെ പേര് 'ഹിൽഫുൽ ഫുളൂൽ' എന്നായിരുന്നു. നബി(സ)തിരുമേനി പറഞ്ഞു: 'ഇപ്പോൾ ഞാൻ അല്ലാഹുവിന്റെ നബിയാണ്. പക്ഷേ, ഈ അമുസ്‌ലമീങ്ങൾ ഇത്തരത്തിലുള്ള ഏതെങ്കിലും സംഘടന രൂപീകരിച്ചാൽ വലിയ സന്തോഷത്തോടെ അത്തരം സംഘടനകളിൽ ഞാൻ അംഗമാകുന്നതായിരിക്കും. വാസ്തവത്തിൽ ആ അമുസ്‌ലിമീങ്ങളുടെ തഖ്‌വയുടേയും നന്മയുടേയും നിലവാരം അത്രമാത്രം മികച്ചതായിരുന്നില്ല. പക്ഷേ, എന്നിട്ടും നബി(സ) തിരുമേനി ഇത്തരത്തിലുള്ള സംഘത്തിൽ അംഗമാകാൻ തയ്യാറായിരുന്നു.'

❋മുഹതമിം സ്വൻത്ത് വ തിജാറത്ത് ചോദിച്ചു: 'ഞങ്ങൾ വിജയകരമായി webinars സംഘടിപ്പിക്കാറുണ്ട്. ഞങ്ങൾക്ക് ഈ webinars ൽ സാമൂഹികമായ കാര്യങ്ങളെ കുറിച്ച് സംസാരിക്കാൻ മുറബ്ബിമാരെ ക്ഷണിക്കാൻ പറ്റുമോ?'

ഹുദൂർ അൻവർ അയ്യദഹുല്ലാഹ് പറഞ്ഞു: 'താങ്കളുടെ വകുപ്പിന്റെ ബന്ധം മതപരമായ പ്രശ്നങ്ങളുമായിട്ടല്ല. ഇത്തരത്തിലുള്ള സെമിനാർ മുഹതമിം തർബിയ്യത്താണ് സംഘടിപ്പിക്കേണ്ടത്; സ്വൻഅത്ത് വ തിജാറത്തല്ല. കുറഞ്ഞ വരവിൽ എങ്ങനെ ജീവിക്കാൻ കഴിയുമെന്നാണ് മുറബ്ബിമാർക്ക് പറയാൻ കഴിയുക. ഇതിനെക്കാളുപരി നിങ്ങൾക്ക് ഒന്നും പറഞ്ഞുതരാൻ അവർക്ക് കഴിയില്ല.'

❋ഒരു ആമില അംഗം ചോദിച്ചു:'അങ്ങ് പറഞ്ഞിരുന്നു 6 മണിക്കൂർ ഉറക്കം മതിയായതാണെന്ന്. പക്ഷേ, ചില വിദ്യാർഥികൾ എട്ടു മണിക്കൂർ ഉറങ്ങണമെന്ന് പറയുന്നു.'

ഹുദൂർ അൻവർ അയ്യദഹുല്ലാഹ് പറഞ്ഞു: 'ഇത് നിങ്ങളിൽ അർപിതമാണ്. ചിലയാളുകൾ 5 മണിക്കൂർ ഉറങ്ങിയാൽത്തന്നെ ഉഷാറാകാറുണ്ട്. പക്ഷേ, 6 മണിക്കൂറിന്റെ ആവശ്യമെ ഉള്ളൂ. കുറച്ചു വർഷം മുമ്പേ ഞാനെവിടെയോ വായിച്ചിരുന്നു, ചില റഷ്യൻ വിദ്യാർഥികൾ 14 മണിക്കൂർ പഠിക്കാറുണ്ടെന്ന്. നിങ്ങൾക്ക് അധ്വാന ശീലമുണ്ടെങ്കിൽ കുറഞ്ഞത് 12 മണിക്കൂർ പഠിക്കാൻ കഴിയും. പഠിക്കുന്നില്ലെങ്കിൽതന്നെയും ജമാഅത്തുപരമായ ജോലികൾക്ക് സമയം കൊടുക്കുക. നിങ്ങൾ 12 മണിക്കൂർ ജോലി ചെയ്യുകയാണെങ്കിൽ, അങ്ങനെയായാലും 6 മണിക്കൂർ ഉറക്കം സുഗമമായി പൂർത്തിയാക്കാൻ കഴിയും.'

❋അതിനുശേഷം മുആവിൻ സ്വദ്ർ quranfacts.com ന്റെ വെബ്സൈററ് ഹുദൂർ അൻവറെ കാണിച്ചു. ഹുദൂർ ചോദിച്ചപ്പോൾ അദ്ദേഹം പറഞ്ഞു: 'ഈ വെബ്സൈറ്റിന്റെ വിഷയങ്ങൾക്ക് കൂടുതലും സഹായിച്ചത് മുറബ്ബിമാരാണ്.'

❋ ഒരു ആമില അംഗം സോഷ്യൽമീഡിയായിലും ഫെയ്സ് ബുക്കിലും തബ്‌ലീഗ് ചെയ്യുന്നതിനെ കുറിച്ച് ചോദിച്ചു.

ഹുദൂർ അൻവർ അയ്യദഹുല്ലാഹ് പറഞ്ഞു: 'ട്രംമ്പ് കാരണത്താൽ Twitter കൂടുതൽ സ്വീകാര്യമായിട്ടുണ്ട്. ഞാൻ വിചാരിക്കുന്നത് ട്രംമ്പ് ഉപയോഗിക്കുന്നതിനാൽ Twitter ൽ കൂടുതൽ നല്ല റെസ്പോൺസ് കിട്ടുമെന്നാണ്.'

ഒരു ആമില അംഗം ചോദിച്ചു: യൂണിവേഴ്സിറ്റി തുടങ്ങിയ സ്ഥാപനങ്ങളിൽ മറ്റു മതങ്ങളിലെ സ്കോളർമാർ തുടങ്ങിയവരുമായി debate ചെയ്യാതിരിക്കേണ്ടതുണ്ടോ?

ഹുദൂർ അൻവർ അയ്യദഹുല്ലാഹ് പറഞ്ഞു: 'ഞാൻ അങ്ങനെ പറഞ്ഞിട്ടില്ല. നിങ്ങൾ മതപരമായ സംവാദത്തിൽനിന്ന് ഓടാൻ പാടില്ല. പക്ഷേ, സംവാദം ആരംഭിക്കുന്നതിനുമുമ്പേ ചില നിബന്ധനകൾ ഉണ്ടായിരിക്കേണ്ടതാണ്. അതായത് മറ്റുമതക്കാരുടെ ഗുരുക്കന്മാരെ ചീത്ത പറയാൻ പാടില്ല. മറ്റുള്ളവർ തങ്ങളുടെ മതത്തിലെ സൽഗുണങ്ങൾ വിവരിക്കേണ്ടതാണ്. അതിനുള്ള ഉദാഹരണം നമുക്ക് ഹദ്റത്ത് മസീഹ് മൗഊദ്(അ)ൽ നിന്ന് ലഭിക്കുന്നുണ്ട്. അക്കാലത്ത് ഒരു സംവാദമുണ്ടായി. അതിന്റെ അടിസ്ഥാനപരമായ നിബന്ധന സംവാദത്തിൽ പങ്കെടുക്കുന്നവർ ഇതരമതങ്ങളുടെ ദോഷങ്ങൾ പറയരുതെന്നായിരുന്നു. സ്വയം തങ്ങളുടെ മതത്തിന്റെ സൽഗുണങ്ങൾ വിവരിക്കുക. ഹദ്റത്ത് മസീഹ് മൗഊദ്(അ)ഈ സംവാദത്തിനുവേണ്ടിയാണ് 'ഇസ്‌ലാമീ ഉസൂൽ കി ഫിലോസഫി' എന്ന പ്രബന്ധം എഴുതിയത്. തീർത്തും ഇത്തരത്തിലുള്ള സംവാദങ്ങളിൽ പങ്കെടുക്കാവുന്നതാണ്.'

ഹുദൂർ അൻവർ അയ്യദഹുല്ലാഹ് പറഞ്ഞു: 'അഭിപ്രായ ഭിന്നതയുള്ള വിഷയങ്ങളിൽ സംവാദം നടത്താതിരിക്കുക. നിങ്ങൾക്ക് നിങ്ങളുടെ വികാരങ്ങളെ നിയന്ത്രിക്കാൻ കഴിയും. മറ്റുള്ളവരുടെ വികാരങ്ങളെ നിയന്ത്രിക്കാൻ കഴിയുകയില്ല. തുടക്കത്തിൽ ദ്വേഷപ്പെടുകയില്ലെന്നും ചീത്ത പറയുകയില്ലെന്നും അവർ പറയും. പക്ഷേ, അല്പനിമിഷത്തിനുള്ളിൽ അവർ പ്രകോപിതരാകാൻ തുടങ്ങും. പിന്നീട് വായിൽ വരുന്നതൊക്കെ വിളിച്ചു പറയുകയും ചെയ്യും. ചിലപ്പോൾ അങ്ങേയറ്റം വൃത്തികെട്ട ഭാഷയായിരിക്കും ഉപയോഗിക്കുക.'

❋ ഒരു റീജ്യണൽ ഖാഇദ് ചോദിച്ചു: സജീവമല്ലാത്ത ഖുദ്ദാമിനെ എത്തരത്തിലാണ് സമീപിക്കേണ്ടത്?

ഹുദൂർ അൻവർ അയ്യദഹുല്ലാഹ് പറഞ്ഞു:'ഞാൻ മുമ്പേയും ഈ വിഷയം പലപ്രാവശ്യവും പറഞ്ഞുകഴിഞ്ഞിട്ടുള്ളതാണ്. അതിന്റെ ഏറ്റവും ഉത്തമമായ മാർഗം ഭാരവാഹികൾ അത്തരക്കാരുമായി ബന്ധം വെക്കുക എന്നതാണ്. ഈമാൻ ശക്തമായിട്ടുള്ളവരുടെ ഒരു ടീം നിങ്ങൾ ഉണ്ടാക്കണം. അവർ ഇത്തരക്കാരുമായ സ്നേഹബന്ധം സ്ഥാപിക്കേണ്ടതാണ്. അവരെ ജമാഅത്തിന്റെ അടുത്തു കൊണ്ടുവരാൻ ശ്രമിക്കേണ്ടതാണ്. ഏറ്റവും ഉത്തമമായ മാർഗം വ്യക്തിഗത ബന്ധമാണ്. അതിനുവേണ്ടി നിങ്ങൾക്ക് മാന്യമായ പ്രകൃതിയും ഉൽകൃഷ്ട സ്വഭാവത്തിന്റെ ഉടമസ്ഥരുമായ ഖുദ്ദാമിന്റെ ടീം തന്നെ രൂപീകരിക്കേണ്ടതായി വരും. അവരുടെ പ്രായം 20 നും 30 നും ഇടയ്ക്കായിരിക്കണം. അല്ലെങ്കിൽ വിവിധ പ്രായക്കാരുടെ ഗ്രൂപ്പുകളും ഉണ്ടാക്കാവുന്നതാണ്. കാരണം ഇത്തരത്തിലുള്ള പ്രശ്നങ്ങൾ എല്ലാ പ്രായക്കാരിലും കാണാൻ കഴിയുന്നുണ്ട്. കർമനിരതരല്ലാത്ത ഖുദ്ദാമിനെ അവരവരുടെ പ്രായക്കാരായ ഖുദ്ദാമിന്റെ ഗ്രൂപ്പിൽ വെക്കുക. പക്ഷേ, സ്വയം ശക്തരായ അഹ്മദികളുടെ ഗ്രൂപ്പിലായിരിക്കണം നിങ്ങൾ അവരെ വെക്കേണ്ടത്; അവരുടെ ഈമാൻ പ്രബലമായിരിക്കണം; അവർക്ക് മതപരമായ അറിവും ഉണ്ടായിരിക്കേണ്ടതാണ്.'

മജ്‌ലിസ് ഖുദ്ദാമുൽ അഹ്മദിയ്യായുടെ ഈ മീറ്റിംഗ് 3.45 ന് സമാപിച്ചു. ശേഷം ഹുദൂർ മസ്ജിദ് ബയ്ത്തുർറഹ്മാനിലെത്തി ളുഹ്റും അസ്റും ജംആക്കി നമസ്കരിപ്പിച്ചു.

**നിക്കാഹ് വിളംബരം:**

നമസ്കാരത്തിനുശേഷം ഹുദൂർ അയ്യദഹുല്ലാഹ് ചില നിക്കാഹുകൾ വിളംബരം ചെയ്തു. തശഹ്ഹുദും തഅവ്വുദും നിക്കാഹിന്റെ സുന്നത്താക്കപ്പെട്ട ആയത്തുകളും ഓതിയതിനുശേഷം താഴെ കണുന്ന 11 പേരുടെ നിക്കാഹുകളാണ് ഹുദൂർ വിളംബരം ചെയ്തത്.

1. വെർജീനിയായിലെ നവേദ് അഹ്മദ് ബസ്റാ

സാഹിബിന്റെ മകൾ അസീസ സ്വായിമ നവേദ് ബസ്റായും, റബ്വയിലെ രിയാള് അഹ്മദ് ബസ്റായുടെ മകൻ അസീസം ത്വൽഹ രിയാളും (മുറബ്ബി സിൽസില നളാറത്ത് ഇസ്‌ലാഹ് വ ഇർശാദ് റബ്വ)

2. വെർജീനിയായിലെ നദീം അഹ്മദ് പാൽ സാഹിബിന്റെ മകൾ അസീസ സ്വൗബിയ അഹ്മദും, ഫെലോഡൽഫിയ ജമാഅത്തിലെ വഖാർ അഹ്മദ് മലിക് സാഹിബിന്റെ മകൻ അസീസം ഖുർറം വഖാർ മലിക്കും

3. ഓസ്ട്രേലിയ ജമാഅത്തിന്റെ അമീറായ ഇനാമുൽഹഖ് കൗഥർ സാഹിബിന്റെ മകൾ അസീസ നബീല ഇനാം കൗഥറും, ത്വാഹിർ അഹ്മദ് ഘോഘർ സാഹിബിന്റെ മകൻ അസീസം ഫറാസ് അഹ്മദും,

4. Willingboroയിലെ നബ്റാസ് മീർ സാഹിബിന്റെ മകൾ അസീസ ഉസ്സ മീറും, മുഹമ്മദ് സർവർ ഭട്ടി സാഹിബിന്റെ മകൻ അസീസം ശഹ്രിയാർ സർവറും,

5. കനഡയിലെ മുഹമ്മദ് മുബശ്ശിറുല്ലാഹ് സാഹിബിന്റെ മകൾ അസീസ മീർ അൽഫാത്വിമ ചൗദ്ദരിയും നദീം അസ്‌ലം അർശദ് സാഹിബിന്റെ മകൻ അസീസം ചൗദ്ദരി നഈം അഹ്മദും

6. ഡെട്രോയിറ്റിലെ മൻസൂർ അഹ്മദ് ഖുറയ്ശി സാഹിബിന്റെ മകൾ ഹാനിയ മൻസൂറും അബ്ദുസ്സലാം മലിക് സാഹിബിന്റെ മകൻ അസീസം കാമിൽ ബാസിത് സലാമും

7. വെർജീനിയായിലെ ശാഹിദ് സയീദ് മലി ക് സാഹിബിന്റെ മകൾ അസീസ സഅ്ദിയ സോസൻ മലിക്കും, ഖലീൽ അഹ്മദ് മലിക് സാഹിബിന്റെ മകൻ അസീസം ശുഅയ്ബ് മഹ്മൂദും

8. വാഷിംഗടൺ ഡി സി യിലെ മുഈനുദ്ദീൻ സിറാജീ സാഹിബിന്റെ മകൾ അസീസ മൻസ്വൂറ അഹ്മദ് സിറാജീയും അബ്ദുൽ ഖാദിർ ശാജി സാഹിബിന്റെ മകൻ അസീസം അബ്ദുൽ കബീർ ആദിലും,

9. വെർജീനിയായിലെ തഹ്സീൻ അഹ്മദ് ബാജ്വ സാഹിബിന്റെ മകൾ അസീസ മർയം തഹ്സീനും മുസഫ്ഫർ അഹ്മദ് നജീ സാഹിബിന്റെ മകൻ അസീസം തസ്‌ലീം അഹ്മദ് മുസഫ്ഫറും.

10. മൽവാക്കിയിലെ മുഹമ്മദ് ജമീൽ സാഹിബിന്റെ മകൾ അസീസ സജീൽ ജമീലും, ഹഫീള് അഹ്മദ് സാഹിബിന്റെ മകൻ അസീസം നഫീസ് അഹ്മദും,

11. നോർത്ത് കറോലിനയിലെ ശമീം അഹ്മദ് മലിക് സാഹിബിന്റെ മകൾ മദീഹ ശമീം മലിക്കും, സയീദ് കഅ്ക്കീ സാഹിബിന്റെ(ലബ്നാൻ) മകൻ അസീസം മഹ്മൂദ് കഅ്ക്കീയും, എന്നിവരുടെ നിക്കാഹുകളാണ് ഹുദൂർ അയ്യദഹുല്ലാഹ് വിളംബരം ചെയ്തത്.

നിക്കാഹുകൾ വിളംബരം ചെയ്തതിനുശേഷം അമീറുൽ മുഅ്മിനീൻ പറഞ്ഞു: 'ദുആ ചെയ്യുക. അല്ലാഹു ഈ എല്ലാ നിക്കാഹുകളും എല്ലാ വിധത്തിലും അനുഗൃഹീതമാക്കട്ടെ.' ദുആയ്ക്കുശേഷം ഹുദൂർ അയ്യദഹുല്ലാഹ് ഇരുകക്ഷികൾക്കും കൈകൊടുത്തു.

**നാഷണൽ മജ്‌ലിസെ ആമില യു.എസ്.എ:**
പരിപാടിയനുസരിച്ച് 6.35 ന് ഹുദൂർ മീറ്റിംഗ് റൂമിലെത്തി. അവിടെ ഹുദൂറിന്റെ സാന്നിധ്യത്തിൽ യു.എസ്.എ നാഷണൽ മജ്‌ലിസെ ആമില മീറ്റിംഗ് ഹുദൂറിന്റെ ദുആയോടുകൂടി ആരംഭിച്ചു.

അതിനുശേഷം ഹുദൂർ ചോദിച്ചപ്പോൾ അമീർ സാഹിബ് പറഞ്ഞു: ഇവിടെ ഇപ്പോൾ നാഇബ് അമീറുമാരും സെക്രട്ടറിമാരുമാണ് ഹാജരായിട്ടുള്ളത്. മൊത്തം 32 പേർ വന്നിട്ടുണ്ട്.

❋അതിനുശേഷം ഹുദൂർ നാഇബ് അമീർ ഡോക്ടർ ഹമീദുർറഹ്മാൻ സാഹിബിനോടു അദ്ദേഹത്തിൽ അർപിതമായിട്ടുള്ള ജോലികളെ സംബന്ധിച്ച് ചോദിച്ചു.

ഡോക്ടർ ഹമീദുർറഹ്മാൻ സാഹിബ് പറഞ്ഞു: നോർത്ത് വെസ്റ്റേൺ സ്റ്റേറ്റുകളിലെ ജമാഅത്തുകളാണ് എന്റെ ചുമതലയിൽപ്പെട്ടത്. അമീർ സാഹിബിന്റെ നിർദേശമനുസരിച്ച് എപ്പോൾ ആവശ്യം നേരിട്ടാലും ഞാൻ ഈ ജമാഅത്തികളിൽ പര്യടനം നടത്താറുണ്ട്.

ഹുദൂർ അൻവർ അയ്യദഹുല്ലാഹ് പറഞ്ഞു: 'നിങ്ങൾ സ്വയം ഈ ജമാഅത്തുകളിൽ പര്യടനം നടത്തുന്ന പരിപാടി തയ്യാറാക്കാറില്ലെ? നിങ്ങൾ സ്വയം ഈ ജമാഅത്തുകളിൽ പര്യടനം നടത്തേണ്ടതാണ്. ഈ ജമാഅത്തുകളുടെ തജ്നീദ് എത്രയാണ്? അവരിൽ ചന്ദ ആം കൊടുക്കുന്നവർ എത്രയാണ്? അവരിൽ വരുമാനമുള്ളവർ എത്രയാണ്? ഏറ്റവും വലിയ ജമാഅത്ത് ഏതാണ്? അവരുടെ തജ്നീദ് എത്രയാണ്?'

ഡോക്ടർ സാഹിബ് പറഞ്ഞു: 'ഏറ്റവും വലിയ ജമാഅത്ത് LA East ആണ്. ചന്ദ കൊടുക്കുന്നവരുടെ എണ്ണത്തെ സംബന്ധിച്ചിടത്തോളം എനിക്ക് അമീർ സാഹിബിൽനിന്ന് ലേറ്റസ്റ്റ് ഡേറ്റ കിട്ടിയിട്ടില്ല.'

ഹുദൂർ അൻവർ അയ്യദഹുല്ലാഹ് പറഞ്ഞു: 'താങ്കൾ താങ്കളുടെ ജമാഅത്തിലെ ഡേറ്റ നേരിട്ടെടുക്കേണ്ടതായിരുന്നു. താങ്കൾ താങ്കളുടെ ജമാഅത്തുകളിലെ പ്രതിനിധിയാണ്. താങ്കളാണ് ഈ കണക്കുകൾ ലഭ്യമാക്കേണ്ടത്.'

❋ LA East ൽ വരുമാനമുള്ള അഹ്മദികളുടെ എണ്ണത്തെ സംബന്ധിച്ച് നാഷണൽ സെക്രട്ടറി മാൽ സാഹിബ് പറഞ്ഞു: ഇവിടെ വരുമാനമുള്ളവരുടെ എണ്ണം 155 ആണ്.

ഹുദൂർ അൻവർ അയ്യദഹുല്ലാഹ് ചോദിച്ചപ്പോൾ നാഷണൽ സെക്രട്ടറി മാൽ സാഹിബ് പറഞ്ഞു: ഞാൻ ചന്ദകൊടുക്കുന്നതിന്റെ കണക്കുവെച്ചാണ് വരുമാനം തയ്യാറാക്കിയത്. അപ്പോഴാണ് മനസ്സിലായത് ആ വരുമാനം poverty line ന്റെ താഴെയാണെന്ന്.

ഹുദൂർ അൻവർ അയ്യദഹുല്ലാഹ് പറഞ്ഞു: 'അത്തരം ആളുകൾക്കുവേണ്ടി താങ്കൾക്ക് ചാരിറ്റി വേണ്ടിവരുന്നുണ്ടാകുമല്ലേ? താങ്കൾക്ക് കേന്ദ്രത്തിന്റെ സഹായം വേണമെങ്കിൽ പറയുക.'

ഹുദൂർ അൻവർ അയ്യദഹുല്ലാഹ് ചോദിച്ചു: 'ജനങ്ങൾക്ക് അവരുടെ യഥാർഥ വരുമാനം അനുസരിച്ച് ചന്ദ കൊടുക്കുന്നതിനെ സംബന്ധിച്ച് താങ്കൾ എന്തു നടപടിയാണ് സ്വീകരിച്ചത്?'

സെക്രട്ടറി മാൽ സാഹിബ് പറഞ്ഞു:'നിങ്ങളുടെ ചന്ദയുടെ അവസ്ഥ ഇതാണെന്ന് പറഞ്ഞു ഞങ്ങൾ എല്ലാ ജമാഅത്തുകൾക്കും കണക്കുകൾ ലഭ്യമാക്കിയിട്ടുണ്ട്. ആ ജമാഅത്തുകളിൽ അവബോധം (awareness) ഉണ്ടാക്കാനുള്ള ഞങ്ങളുടെ ആദ്യത്തെ സ്റ്റെപ്പ് ഇതാണ്.'

❋അതിനുശേഷം ഹുദൂർ സെക്രട്ടറി തർബിയ്യത്തിനോടു ചോദിച്ചു: 'നിങ്ങളുടെ മസ്ജിദുള്ള ഘഅ East ൽ മഗ്‌രിബ്-ഇശാ നമസ്കാരത്തിന് എത്രയാളുകൾ പങ്കെടുക്കാറുണ്ട്?'

സെക്രട്ടറി തർബിയ്യത്ത്: 'എന്റെ പക്കൽ ഇപ്പോൾ കണുക്കുകളില്ല.'

ഹുദൂർ അൻവർ അയ്യദഹുല്ലാഹ് പറഞ്ഞു: 'താങ്കൾ ആയുധമില്ലാതെയാണ് യുദ്ധമൈതാനത്ത് വന്നിട്ടുള്ളത്.'

❋അതുകഴിഞ്ഞ് നാഇബ് അമീർ ഡോക്ടർ നസീം റഹ്മത്തുല്ലാഹ് സാഹിബ് പറഞ്ഞു: 'ഈയുള്ളവൻ നാഇബ് എന്നതിനു പുറമെ 'സംയിബസ്രി'യുടെ നാഷണൽ സെക്രട്ടറിയുമാണ്. എന്റെ ചുമതലയിൽ മീഡിയാ ടീമുണ്ട്.' (അപ്പോൾ നാഷണൽ സെക്രട്ടറി ഉമൂറെ ഖാരിജായുടെ ചട്ടങ്ങൾ എടുത്തു വെക്കാൻ ഹുദൂർ പറഞ്ഞു).

❋അതിനുശേഷം നാഇബ് അമീർ വസീം മലിക് സാഹിബ് രാജ്യം മുഴുവനുമുള്ള ജമാഅത്തുകളിൽ സന്ദർശനം നടത്തി മസ്ജിദ് ഫണ്ട് സ്വരൂപിക്കുക എന്നതാണ് തന്റെ ചുമതലയെന്ന് പറഞ്ഞു. ഇപ്രകാരംതന്നെ യു.എസ്.എ ജമാഅത്തിന്റെ ഐ.റ്റി വകുപ്പുമുണ്ട്.

ഹുദൂർ അൻവർ അയ്യദഹുല്ലാഹ് ചോദിച്ചു: 'മസ്ജിദ് ഫണ്ടിന് എത്ര രൂപയാണ് സ്വരൂപിക്കുന്നത്? നടപ്പുവർഷം എത്ര തുക സമാഹരിച്ചിട്ടുണ്ട്?'

അപ്പോൾ അദ്ദേഹം പറഞ്ഞു:'2018-2019 ലെ ആദ്യത്തെ മൂന്നു മാസത്തിൽ ഞങ്ങൾ 2,18000 ഡോളർ സമാഹരിച്ചിട്ടുണ്ട്. കഴിഞ്ഞ സാമ്പത്തിക വർഷത്തിൽ 3.9 മില്യൺ ഡോളർ സമാഹരിച്ചിരുന്നു.

ഹുദൂർ: 'ഇതിൽ എത്ര തുക ചെലവഴിച്ചു?'

അദ്ദേഹം പറഞ്ഞു: മുഴുവൻ തുകയും ചെലവഴിച്ചു കഴിഞ്ഞു. എന്നല്ല 'മസ്ജിദ്ഫണ്ട്' ഇപ്പോൾ നഷ്ടത്തിലാണ്.

ഹുദൂർ: 'അതിന്റെ അർഥം മസ്ജിദ് ഫണ്ടിൽ ഇപ്പോൾ ഒന്നുമില്ലെന്നാണ്. ഭാവിയിൽ മസ്ജിദ് നിർമിക്കാൻ പരിപാടി ഒന്നുമില്ലേ? അടുത്ത രണ്ടു മൂന്നു വർഷത്തേക്ക് ഒരു മസ്ജിദിന്റേയും പ്രൊജക്ടില്ലേ?'

നാഇബ് അമീർ ഫലാഹുദ്ദീൻ ശംസ് സാഹിബ്, അദ്ദേഹം ജാഇദാദ് വകുപ്പിന്റേയും മേൽനോട്ടക്കാരനാണ് പറഞ്ഞു: zion, Ilinois എന്നിവിടങ്ങളിൽ ഞങ്ങൾ പുതിയ കെട്ടിടം വാങ്ങുകയാണ്. അവിടെ പുതിയ മസ്ജിദ് നിർമിക്കും ഇൻശാ അല്ലാഹ്. അതിന്റെ ഉൽഘാടനം കഴിഞ്ഞു. ഞങ്ങൾ 10 ഏക്കർ സ്ഥലം വാങ്ങി. അതു വൃത്തിയാക്കുന്ന ജോലി ആരംഭിച്ചു കഴിഞ്ഞു. അടുത്ത വർഷത്തിനുള്ളിൽ മസ്ജിദിന്റെ നിർമാണം പൂർത്തിയാക്കാനാണ് പരിപാടി. സിയോണിന് സ്പെഷ്യൽ ഫണ്ടുണ്ട്. ഇവിടെ ഇപ്പോൾ നമ്മുടെ കൈയിൽ മൂന്നു കെട്ടിടമുണ്ട്. അവയിൽ രണ്ടെണ്ണം മുമ്പേ വാങ്ങിക്കഴിഞ്ഞതാണ്. ഒരു മസ്ജിദ് മുറബ്ബി ഹൗസാണ്.

ഹുദൂർ ചോദിച്ചപ്പോൾ അദ്ദേഹം പറഞ്ഞു: പുതിയതായി വാങ്ങിയ സ്ഥലം ഇപ്പോഴുള്ള സ്ഥലത്തെക്കാൾ അധികം ദൂരത്തല്ല. രണ്ടു മൂന്നു മൈൽ ദൂരമെയുള്ളൂ. അവിടെയാണ് അഹ്മദികൾ അധികവും താമസിക്കുന്നത്. ചെറിയ ജമാഅത്താണ്. അതുകൊണ്ട് 5500 ചതുരശ്ര അടിയിലാണ് മസ്ജിദ് നിർമിക്കുന്നത്.

ഹുദൂർ ചോദിച്ചപ്പോൾ അദ്ദേഹം പറഞ്ഞു: ജമാഅത്തിന്റെ തജ്നീദ് 189 ആണ്. അവിടെ ഇപ്പോൾ ജുമുഅയ്ക്ക് 12 മുതൽ 15 വരെ പുരുഷന്മാരും അത്രയുംതന്നെ സ്ത്രീകളും പങ്കെടുക്കാറുണ്ട്. 189 പേരിൽ വെറും 15 മുതൽ 30 വരെയുള്ള ആളുകളാണോ ജുമുഅയ്ക്ക് പങ്കെടുക്കുന്നത്? അവിടെ തർബിയ്യത്തിന്റെ ആവശ്യമുണ്ട്.

❋അമീർ സാഹിബ് പറഞ്ഞു: ഇന്റേണൽ ഓഡിറ്റർ അബൂബക്കർ സയീദ് സാഹിബും ആ ജമാഅത്തിലാണുള്ളത്.

അപ്പോൾ അബൂബക്കർ സയീദ് സാഹിബ് പറഞ്ഞു: ഈ എണ്ണം ശരിയല്ല. ജുമുആയിൽ 45 നടുത്ത് ആളുകൾ പങ്കെടുക്കാറുണ്ട്.

അപ്പോൾ ഹുദൂർ പറഞ്ഞു:ഈ എണ്ണവും തൃപ്തികരമൊന്നുമല്ല. മൂന്നിലൊന്ന് പോലുമില്ല.

അബൂബക്കർ സയീദ് സാഹിബ് പറഞ്ഞു: ഞാൻ അവിടെനിന്ന് 45 മിനുറ്റ് ഡ്രൈവ് ദൂരത്താണ് താമസിക്കുന്നത്. അതുകൊണ്ട് ഞാൻ 'മൽവാക്കി' ജമാഅത്തിലാണ് ജുമുഅ നമസ്കരിക്കുന്നത്. മൽവാക്കിയിലേയും സിയോണിലേയും മുബല്ലിഗ് ഒരാൾ തന്നെയാണ്. അദ്ദേഹം മാസത്തിൽ ഒരു തവണ Zion ൽ നമസ്കരിക്കുന്നു.

(തുടരും)

EDITOR
H.Shamsuddin

Sub Editor : Mohammad Ismaeel
Mobile : 91 9446656123
e-mail : badarkerla@gmail.com

REGISTERED WITH THE REGISTRAR OF THE NEWSPAPER FOR INDIA AT NO PUNMAL/2016/70551

ബദ്ർ വീക്കിലി ഖാദിയാൻ Weekly **BADAR** Qadian
Distt. Gurdaspur (Pb.) INDIA Qadian - 143516

POSTAL REG NO GDP- 44/2020-2022 Vol-5 Thursday 18 June 2020 Issue-25

MANAGER
NAWAB AHMAD
Tel : 91 1872224757
Mobile: 91 9417020616
e-mail : managerbadrqnd@gmail.com
website : www.alislam.org/badr

**ANNUAL SUBSCRIPTION** : Rs. 500/- (Per Issue : Rs. 9/-) (**WEIGHT** - 20-50 gms/issue)

# നബി(സ)തിരുമേനിയുടെ ദൈവമാർഗത്തിൽ ചെലവഴിക്കൽ

**(കഴിഞ്ഞ ലക്കത്തിൽ നിന്നും തുടർച്ച...)**

നബി(സ) എപ്പോഴും വിശാലഹൃദയത്തോടെയാണ് എന്തും നല്കിയിരുന്നത്. ആവശ്യക്കാരൻ തന്റെ അവകാശമാണെന്ന് മനസ്സിലാക്കിയാണ് ചിലപ്പോൾ ചോദിച്ചിരുന്നത്. എന്നാൽ, നബി(സ) തിരുമേനി ഒരിക്കലും വെറുപ്പ് പ്രകടിപ്പിച്ചിരുന്നില്ല. ഒരിക്കൽ ഒരു ബദു അപമര്യാദയോടെ നബി(സ)യോടു സഹായം ചോദിച്ചു. നബി(സ)യുടെ പുതപ്പ് അയാൾ ശക്തമായി പിടിച്ചു വലിച്ചു. നബി(സ)തിരുമേനിയുടെ അനുഗൃഹീതമായ കഴുത്തിൽ പാടുവീണു. പിന്നീട് വലിയ ശാഠ്യത്തോടെ പറഞ്ഞു, താങ്കളുടെ പക്കൽ വെച്ചിരിക്കുന്ന അല്ലാഹുവിന്റെ ധനത്തിൽനിന്ന് എനിക്കു തരിക. നബി(സ)തിരുമേനി ആ ഗ്രാമീണനായ അറബിയുടെ ധിക്കാരപരമായ പെരുമാറ്റത്തെ ക്ഷമിച്ചുവെന്നു മാത്രമല്ല സഹനം കാണിക്കുകയും ചെയ്തു. എന്നല്ല അങ്ങേയറ്റം വിശാല ഹൃദയത്തോടെ പുഞ്ചിരിച്ചുകൊണ്ട് അയാളെ സഹായിക്കാൻ നിർദേശിച്ചു.' (ബുഖാരി)

ഒരിക്കൽ മറ്റൊരു ഗ്രാമീണനായ അറബി, നബി(സ)തിരുമേനിയുടെ കഴുത്തിൽ അവിടത്തെ തോർത്തുമുണ്ട് വലിച്ച് ബുദ്ധിമുട്ടിച്ചു. ഈ ധനം താങ്കളുടേതോ താങ്കളുടെ പിതാവിന്റേയോ അല്ല എന്നുതുടങ്ങി കഠിനമായ പദങ്ങൾ ഉപയോഗിച്ചു സംസാരിച്ചു. അല്ലാഹുവിന്റെ മുതലിൽനിന്ന് ഞങ്ങൾക്കുള്ള അവകാശം തരിക. നബി(സ)തിരുമേനി പറഞ്ഞു, 'നീ പറഞ്ഞത് ശരിതന്നെയാണ്. പക്ഷേ, ഏ ഗ്രാമീണ വാസി! എന്റെ പുതപ്പ് വലിച്ച് എന്നെ വേദനിപ്പച്ചതിന് നിന്നോടു പകരം വീട്ടുന്നതാണ്.' അയാൾ അനിയന്ത്രിതമായിപ്പറഞ്ഞു, അങ്ങനെ ഒരിക്കലും ഉണ്ടാവില്ല. നബി(സ) തിരുമേനി ചോദിച്ചു എന്തുകൊണ്ട്? അയാൾ വ്യക്തമായും ലളിതമായും പറഞ്ഞു, 'താങ്കൾ തിന്മയെ തിന്മ കൊണ്ടു പ്രതികരിക്കാറില്ല. തിന്മയെ നന്മകൊണ്ടാണ് പ്രതികരിക്കാറ്.' നബി(സ)തിരുമേനി ഇതു കേട്ടപ്പോൾ മന്ദഹസിച്ചു. അയാൾക്കു ഒരു ഒട്ടകത്തിന് ഏറ്റാവുന്നത്രയും കാരക്കയും നല്കി യാത്രയാക്കി.' (അശ്ശിഫാ)

ഒരിക്കൽ ഒരു കാട്ടറബി വന്നു തന്റെ ആവശ്യങ്ങൾ പറഞ്ഞു. നബി(സ) കൈയിലുണ്ടായിരുന്നത് അയാൾക്കു കൊടുത്തു. അയാൾ ദ്വേഷപ്പെട്ടു. അപമര്യാദയോടെ നബി(സ) തിരുമേനിയോടു സംസാരിച്ചു. സ്വഹാബാക്കൾ അയാൾക്ക് രണ്ടുകൊടുക്കാൻ ഒരുങ്ങി. എന്നാൽ, നബി(സ)അവരെ വിലക്കി. നബി(സ)തിരുമേനി ആ ബദുവിനെ തന്റെ വീട്ടിൽകൊണ്ടുപോയി. ആഹാരം കൊടുത്തു. വീണ്ടും കുറേ സാധനങ്ങളും നല്കി. എന്നിട്ടു ചോദിച്ചു, ഇപ്പോൾ തൃപ്തിയായോ? അയാൾ സന്തോഷത്തോടെ പറഞ്ഞു. 'ഞാനെന്ത് എന്റെ ഗോത്രക്കാരും ഇപ്പോൾ സന്തോഷിക്കുന്നു.' നബി(സ)അയാളോടു പറഞ്ഞു,'എന്റെ സ്വഹാബിമാരുടെ അടുക്കൽപോയി ഈ വിവരം പറയുക. കാരണം താങ്കൾ അവരുടെ മുമ്പിൽവെച്ച് എന്നോടു അപമര്യാദയായി പെരുമാറുകയും അവരുടെ ഹൃദയം വ്രണപ്പെടുത്തുകയും ചെയ്തിരിക്കുകയാണ്. അയാൾ സ്വഹാബത്തിനോടു ഇക്കാര്യം പറഞ്ഞപ്പോൾ നബി(സ)പറഞ്ഞു, 'തന്നെ അനുസരിക്കാത്ത ഒട്ടകത്തെ മെരുക്കിയെടുക്കുന്ന ഒട്ടകക്കാരന്റെ സ്ഥിതി തന്നെയാണ് എന്റേതും. ഞാനും കഠിന സ്വഭാവക്കാരെ മെരുക്കിയെടുക്കുന്നു. (ഹയ്ഥമി)

# കലിയുഗം

"കലിയുഗത്തിൽ മുന്നു ഭാഗം പാപവും ഒരു ഭാഗം പുണ്യവുമായിരിക്കും. അതു കാരണം ധർമത്തിന്റെ മൂന്നു കാലും പൊട്ടിപ്പോകും. പണത്തിനുവേണ്ടി മനുഷ്യരെ കൊല്ലും. നല്ല കുലത്തിൽ പെട്ടവർ ഭർത്താവിനോടുള്ള സ്നേഹം ഉപേക്ഷിച്ച് ഇതരന്മാരെ പ്രാപിക്കും. സ്ത്രീകൾ പണത്തിനു മാത്രമുള്ളവരായിത്തീരും. ദരിദ്രരായിരിക്കെ പതിയെവിട്ട് മറ്റുള്ളവരുടെ വീട്ടിൽപ്പോകും. ഓരോരുത്തരും സുന്ദരിയുടെ പിന്നാലെ നടക്കും. മികച്ച ആഹാരങ്ങളിൽ പ്രീതി വർധിക്കും. സന്യാസികൾ വഴിതെറ്റിപ്പോകും. ജോലിക്കാരൻ ദുഃഖിതനായിരിക്കുന്ന ഉടമസ്ഥനെ സഹായിക്കുകയില്ല. അനവധിപേർ മക്കളെ ആഗ്രഹിച്ച് ഭൂതപ്രേതാദികളെ പൂജിച്ചു തുടങ്ങും. മാതാവും പുത്രന്മാരും പരസ്പരവും സഹോദരന്മാർ അന്യോന്യവും ദുഃഖിപ്പിക്കും. ധാന്യക്കുറവു നിമിത്തം തങ്ങളുടെ മക്കളെ വിൽക്കും.അനേകതരം പാപങ്ങൾ പെരുകും,പരമാത്മാവിനോടുള്ള ഭക്തി കുറഞ്ഞുപോകും.' (ശ്രീമത് ഭാഗവതം കേരള ഭാഷാ ഗാനം, വിവർത്തനം-മഴങ്ങാട്ടു വിള കൃഷ്ണപിള്ള എൻ ബി എസ്സ്, 12-ാം സ്കന്ധം,20-ാം അധ്യായം ശ്ലോകം 17-25)

## അമീറുൽ മുഅ്മിനീന് കത്തെഴുതുന്നവർക്കുള്ള അടിയന്തര വിളംബരം

*ഹുദൂർ അൻവർ അയ്യദഹുല്ലാഹ് നിങ്ങളുടെ കത്തുകൾ വായിക്കുകയും നിങ്ങൾക്കുവേണ്ടി പ്രാർഥിക്കുകയും ചെയ്യുന്നു.*

ഹദ്റത്ത് ഖലീഫത്തുൽ മസീഹ് അൽഖാമിസ് അയ്യദഹുല്ലായുടെ തിരുസന്നിധിയിൽ കത്തെഴുതുന്ന ജമാഅത്തിലെ എല്ലാ സ്ത്രീകളുടേയും പുരുഷന്മാരുടേയും അറിയിപ്പിന്നായി ഈ വിളംബരം ചെയ്യുകയാണ്:

"അവരുടെ എല്ലാ കത്തുകളും പതിവെന്നപോലെ ഹുദൂർ അൻവർ അയ്യദഹുല്ലായുടെ തിരുസന്നിധിയിൽ സമർപിക്കപ്പെട്ടുകൊണ്ടിരിക്കുന്നു. എന്നിരുന്നാലും കൊറോണ വൈറസ് കാരണത്താലുള്ള അവസ്ഥകൾകൊണ്ട് കത്തുകൾക്ക് മറുപടി എഴുതിക്കൊണ്ടിരുന്നവരിൽ കുറവു വന്നിരിക്കുന്നതിനാൽ ആ കത്തുകൾക്കെല്ലാം ഓരോരുത്തർക്കും മറുപടി നല്കുക എന്നത് അസംഭാവ്യമായിരിക്കുകയാണ്. ഹുദൂർ അൻവർ അയ്യദഹുല്ലാഹ് നിങ്ങളുടെ കത്തുകൾ വായിച്ച് നി ങ്ങൾക്കുവേണ്ടി ദുആകൾ ചെയ്തുകൊണ്ടിരിക്കുന്നു. അല്ലാഹു കൃപയും കരുണയും ചൊരിയുമാറാകട്ടെ. ഈ പകർച്ചവ്യാധിയിൽനിന്നും മറ്റു വിപത്തുകളിൽ നിന്നും ബുദ്ധിമുട്ടുകളിൽനിന്നും എല്ലാ ഓരോരുത്തരേയും കാത്തുരക്ഷിക്കുമാറാകട്ടെ. എല്ലാവരേയും തന്റെ സംരക്ഷണത്തിലും സമാധാനത്തിലും വെക്കുമാറാകട്ടെ. എപ്പോഴും അവന്റെ സ്നേഹദൃഷ്ടി നിങ്ങളുടെമേൽ പതിഞ്ഞുകൊണ്ടിരിക്കുമാറാകട്ടെ. **(മുനീർ അഹ്മദ് ജാവേദ്, പ്രൈവറ്റ് സെക്രട്ടറി)**

## ഹദീഥുന്നബ്വി (സ):

***നബി(സ)തിരുമേനി പറഞ്ഞു:'അല്ലാഹു പറയുന്നു, എന്റെ ദാസൻ എന്നിലേക്ക് ഒരു ചാൺ അടുത്താൽ അവനിലേക്ക് ഞാൻ ഒരു മുഴം അടുക്കും. ഒരു മുഴം അവനടുത്താൽ ഒരു വാര ഞാനടുക്കും. എന്റെ അടുത്ത് അവൻ നടന്നുവന്നാൽ അവന്റെ അടുക്കലേക്ക് ഞാൻ ഓടിച്ചെല്ലും.'(ബുഖാരി)***

ത്വാലിബെ ദുആ
**P.P.Raheem & Family**
**Ahmadiyya Jama-ath Payangadi, Kerala.**

## ഹദീസുന്നബ്വി(സ)

**നബി(സ)തിരുമേനി പറഞ്ഞു: നരകം ദേഹേച്ഛകൊണ്ടും സ്വർഗം കയ്പേറിയ കാര്യങ്ങൾകൊണ്ടും തടുക്കപ്പെട്ടിരിക്കുന്നു. (ആ തട ഭേദിച്ചാലല്ലാതെ അതിൽ കടക്കുക സാധ്യമല്ല) (ബുഖാരി മുസ്‌ലിം)**

ത്വാലിബെ ദുആ:
**Rahman Shakeer & Family**
**Ahmadiyya Jama-ath Karulai, Kerala.**

Printed & Published by: Jameel Ahmed Nasir on behalf of Nigran Board of Badar. Name of Owner: Nigran Board of Badar. And printed at Fazle-Umar Printing Press. Harchowal Road, Qadian, Distt. Gurdaspur-143516, Punjab. And published at office of the Weekly Badar Mohallah - Ahmadiyya, Qadian Distt. Gsp-143516, Punjab. India. Editor: H.Shamsuddin